278
JANUARY 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Cover Painting
**Anitha T.K.**
Design
**Jwala Creatives**

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by Dr. P.N. Harikumar, AKPCTA State Committee Office, Vanchiyoor, TVPM-35.

# JANUARY 2020

■ *എഡിറ്റോറിയൽ* 3

■ *സ്വയംഭരണപദവി എന്ന അട്ടിമറി*
**ഡോ. പി.എൻ. ഹരികുമാർ** 4

■ *മൂന്ന് വിയറ്റ്നാം കവിതകൾ*
**അയ്യപ്പപ്പണിക്കർ** 7

■ *സാമൂഹ്യമാധ്യമങ്ങൾ സ്ത്രീകളോട് ചെയ്യുന്നത്*
**ഡോ. പ്രദീപ്കുമാർ കെ.** 8

■ *കേരളീയോത്സവങ്ങളിലെ വാദ്യസംസ്കൃതി*
**പ്രവീൺ കെ.ആർ.** 14

■ *ഇൻക്വിലാബ്*
**ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്** 17

■ *ദക്ഷിണാഫ്രിക്ക സഞ്ചാരക്കുറിപ്പുകൾ*
**ഡോ. ജോയിസുകുട്ടി ജോസഫ്** 18

■ *സോഷ്യൽമീഡിയാ കാലത്തെ മലയാളി വോട്ടർ*
**സനന്ദ് സദാനന്ദൻ** 28

■ *ജ്ഞാനോല്പാദനത്തിന്റെ ചരിത്രവും സിദ്ധാന്തവും*
**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ** 32

■ *ബാല്യത്തെ തൊടാത്ത ദേശീയ വിദ്യാഭ്യാസ നയം*
**ഡോ. സോണി ജോൺ** 37

എഡിറ്റോറിയൽ




# ഇവിടെയാണ് ബദൽ ഇതാണ് പ്രതീക്ഷയും

പൊതു ഇടങ്ങളും പൊതുമേഖലയും ഒരുപോലെ ഇല്ലാതാക്കപ്പെടുന്ന ഒരു കാലം ഒരുപക്ഷെ ഇന്ത്യയുടെ ചരിത്രത്തിൽ ഇത് ആദ്യമാവും. പ്രതിരോധങ്ങളെ ഭയക്കുന്ന ഭരണകൂടം മറച്ചുപിടിക്കാൻ ശ്രമിക്കുന്നത് കേവലം ദരിദ്രമാക്കപ്പെട്ട ഒരു ഖജനാവിനെ മാത്രമല്ല, അവരുടെ ആശയ ദാരിദ്ര്യത്തെ കൂടിയാണ്. തന്റെ സമ്പത്തിൽ നിന്ന് കുറേശ്ശെ വിറ്റ് ദൈനംദിന ചിലവ് നടത്തുകയും നാളെ എന്ത് വന്നാലും ഇന്ന് സുഖമായല്ലോ എന്ന് സ്വയം തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന പഴയ കാരണവരുടെ ഭ്രമം ബാധിച്ചവർ ഇന്ന് രാജ്യം ഭരിക്കുന്ന എന്നതാണ് വാസ്തവം. സമസ്തമേഖലകളും പിന്നോക്കം പോയിട്ടും തങ്ങളുടെ വ്യാജ ബിംബങ്ങളിൽ അഭിരമിക്കുന്ന അധികാരത്തിന്റെ ഉന്മാദം ആണ് രാജ്യത്തിന്റെ യഥാർത്ഥ ഭീഷണി. ഗുജറാത്തിൽ മതിലുകെട്ടി മറയ്ക്കാൻ ശ്രമിക്കുന്നത് യഥാർത്ഥ ഇന്ത്യയെയാണ്. മുതലാളിത്ത ഭീമന് മുന്നിൽ ജനാധിപത്യമൂല്യങ്ങളെ അടിയറവയ്ക്കാൻ അനായാസം കഴിയുന്ന ഭരണകൂടം ആരെയാണ് അഭിസംബോധന ചെയ്യുന്നത്? ഒരു മുഖം മിനുക്കലിന്റെ ആശ്വാസം പോലും തരാൻ കഴിയാതെ പരാജിതമായ സാമ്പത്തിക പരാധീനതയുടെ കേന്ദ്ര ബജറ്റ് ഇന്ത്യയുടെ വർത്തമാനത്തെ വസ്തുതാപരമായി അവതരിപ്പിക്കുന്നുണ്ട്.

രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നും ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ ഇല്ലാതാക്കാൻ അധികാരത്തെയും നിയമ സംവിധാനത്തെപ്പോലും ദുരുപയോഗം ചെയ്യാൻ മടിയില്ല എന്ന് മോഡി സർക്കാർ നിരന്തരം തെളിയിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്ത് നിലനിൽക്കുന്ന ഭരണ സംവിധാനത്തെ ഭരണകൂടം തന്നെ അസ്ഥിരപ്പെടുത്തുന്ന എന്ന വിരോധാഭാസമാണ് കഴിഞ്ഞ കുറെ നാളുകൾ കൊണ്ട് നാം കണ്ടത്. ഒടുവിൽ രാജ്യതലസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പ് ഫലം പ്രതീക്ഷക്ക് വക നൽകുന്നുണ്ട് എന്ന് ആശ്വസിക്കാം എങ്കിലും രാജ്യമൊട്ടാകെ ഉയർന്നുവരേണ്ടുന്ന പുരോഗമന ആശയങ്ങളുടെ വ്യാപനത്തിനുതകുന്ന ഒരു ബദൽ കണ്ടെത്താൻ നാം ഇനിയും കാത്തിരിക്കേണ്ടിവരും എന്നതും കാണാതെ പോവരുത്. നിലവിൽ അത്തരം ഒരു ബദൽ നിർദ്ദേശിക്കാൻ കഴിവും ആർജ്ജവവും ഉള്ളത് കേരളത്തിലെ ഇടത് സർക്കാരിനാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. ജനകീയ സർക്കാർ എന്നത് ഒരു മാതൃകയാണ് എന്ന് രാജ്യം കാണുന്നത് ഇവിടെ കേരളത്തിൽ മാത്രമാണ്. ഇതാണ് ബദൽ. ഇത് തന്നെയാണ് പ്രതീക്ഷയും.

**ഡോ. എ.എസ്. സുരേഷ്**
drassumesh@gmail.com
9744168522

ഡോ. പി.എൻ. ഹരികുമാർ



# സ്വയംഭരണപദവി എന്ന അട്ടിമറി

രാജ്യത്തിന് തന്നെ ഉന്നത വിദ്യാഭ്യാസമേഖലയിൽ മാതൃകയായ കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതി സാമൂഹ്യനീതിയും ഗുണമേന്മയും അടിസ്ഥാനപ്പെടുത്തിയാണ് വളർന്നത്. രാജ്യത്തെ മറ്റൊരു പ്രദേശത്തിനും അവകാശപ്പെടാൻ കഴിയാത്ത ശ്രദ്ധേയമായ നേട്ടമാണ് ഈ മേഖലയിൽ കേരളത്തിന് ഉണ്ടായത്. സമൂഹത്തിന്റെ വലിയ തോതിലുള്ള ജനാധിപത്യവൽക്കരണത്തിനും കാലാകാലങ്ങളിലായി ഉടലെടുക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിലും മാർഗനിർദ്ദേശക സമാനമായ നേതൃത്വം നൽകുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. പൂർണ്ണമായും സാധിച്ചിട്ടില്ലെങ്കിലും തുല്യതയും സമത്വവും ഈ മേഖലയുടെ മുഖമുദ്രയാണ്. എന്നാൽ ജനാധിപത്യ സംവിധാനത്തിന് വലിയ തിരിച്ചടി ഉണ്ടാകുന്ന തീരുമാനമാണ് സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ലോകമൊട്ടാകെ വിദ്യാഭ്യാസം കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകൾ ആയി വലിയതോതിൽ ചരക്ക് വൽക്കരണത്തിന് വിധേയമായിട്ടുണ്ട്. ലാഭത്തിനുവേണ്ടി കമ്പോളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏതൊരു വസ്തുവിനെ പോലെതന്നെ വിദ്യാഭ്യാസവും മാറ്റപ്പെട്ടു. കൊള്ളലാഭത്തിന് ചൂഷക കുത്തക മുതലാളിത്ത കാലഘട്ടത്തിൽ വിദ്യാഭ്യാസവും തൂക്കി വിൽക്കാൻ പാകത്തിന് കമ്പോളത്തിൽ വെച്ചിരിക്കുകയാണ്. സ്വച്ഛന്ദമായ വില്പനയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളെ എന്തുവിലകൊടുത്തും ഇല്ലാതാക്കുന്ന കമ്പോള യുക്തി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഉണ്ട്. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ തകർക്കുക എന്നത് തന്നെയാണ് സ്വകാര്യമേഖലയ്ക്ക് വിദ്യാഭ്യാസരംഗത്തേക്ക് നുഴഞ്ഞു കയറാനുള്ള ഏക വഴി. കേരളംപോലെ പൊതു

മേഖലാ വിദ്യാഭ്യാസം ശക്തമായ സ്ഥലത്ത് ഇത് അത്ര എളുപ്പമല്ല എന്ന കാര്യം ഏറ്റവും നന്നായി തിരിച്ചറിയുന്നതും കമ്പോളത്തിന്റെ താല്പര്യക്കാർ തന്നെയാണ്.

കഴിഞ്ഞ ഏതാനം പതിറ്റാണ്ടുകളായി പൊതുമേഖല സ്ഥാപനങ്ങൾ എല്ലാം കാര്യക്ഷമതയും ശേഷിയും കുറഞ്ഞവ ആണെന്നും സ്വകാര്യ മേഖല മത്സരം ഉറപ്പാക്കിക്കൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കും എന്ന വാദവും ഉയർത്തിക്കൊണ്ട് പൊതുമേഖല വിരുദ്ധ പൊതുബോധം നിർമ്മിച്ചെടുക്കാൻ സ്ഥാപിത താല്പര്യക്കാർക്ക് സാധിച്ചിട്ടുണ്ട്. സമാനമായ സാഹചര്യം പൊതുമേഖല വിദ്യാഭ്യാസത്തെയും ഗ്രസിച്ചിട്ടുണ്ട്. കരിയർ സാധ്യതകൾ ഉള്ള കോഴ്സുകൾ എന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് തോന്നുംപടി ഫീസ് ഈടാക്കിക്കൊണ്ട് പാഠനകോഴ്സുകൾ ആരംഭിക്കാം എന്ന സ്ഥിതിയായി. കേരളം ഉന്നത വിദ്യാഭ്യാസ രംഗത്ത് ആർജ്ജിച്ചിട്ടുള്ള പുരോഗതിയും നൈതികതയും തർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായി പടച്ചുവിട്ടിരിക്കുന്ന ദുർഭൂതമാണ് ഓട്ടോണോമസ് കോളേജ് സമ്പ്രദായം. തൊണ്ണൂറുകളുടെ ആരംഭത്തിൽ തന്നെ ആരംഭിച്ച വൻ സ്വകാര്യവൽക്കരണ നയങ്ങളുടെ ഭാഗം തന്നെയാണ് ഓട്ടോണോമസ് കോളേജുകളും. ലാഭ കേന്ദ്രീകൃത കമ്പോളത്തിന് വെളിയിൽ നിൽക്കുന്ന മാനവിക, സാഹിത്യ, ശാസ്ത്ര വിഷയങ്ങളെ എടുക്കാച്ചരക്കുകളായി മുദ്രകുത്തിയിരിക്കുന്ന നിയോ ലിബറൽ പ്രബല യുക്തിക്ക് വഴങ്ങുന്നത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ കടക്കൽ കത്തി വയ്ക്കുന്നതിന് തുല്യമാണ്.

സ്വകാര്യ മൂലധന സംരംഭങ്ങൾക്ക് നിക്ഷേപിക്കാൻ പോന്ന തരത്തിൽ വിദ്യാഭ്യാസമേഖലയെ ഒരുക്കി കൊടുക്കുന്നതിന്റെ ശ്രമമാണ് സ്വയംഭരണ കോളേജുകൾ. സ്വാശ്രയ കോളേജുകൾ വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾ മൂലം വലിയ തോതിൽ പൊതുസമൂഹത്തിൽ ഒറ്റപ്പെടുമ്പോൾ പിന്നാമ്പുറം വഴി സ്വകാര്യ മേഖലയ്ക്ക് കോഴ്സുകൾ അനുവദിക്കുന്ന കുറുക്കുവഴിയാണ് സ്വയംഭരണ കോളേജുകൾ. ഗുണമേന്മ വാദത്തിന്റെ മറവിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ കമ്പോളത്തിന്റെ പൂഷണത്തിന് ഒറ്റിക്കൊടുക്കാനുള്ള അജണ്ടയുടെ പിന്നാമ്പുറ നീക്കങ്ങളുടെ ഭാഗമാണ് സ്വയംഭരണ പദവി. കേരളത്തിൽ മുൻകാലങ്ങളിൽ അനുവദിച്ച സ്വയംഭരണ കോളേജുകളിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഒരു മാറ്റവും ഉണ്ടായിട്ടില്ല എന്നാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച സമിതി കണ്ടെത്തിയത്.

ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളും സാധാരണമോ, തീർത്തും പിന്നാക്കമോ ആയ സാഹചര്യങ്ങളിൽ നിന്നും വരുന്ന സ്ഥലങ്ങളിൽ സ്വയംഭരണ പദവി നൽകുന്നത് ആത്മഹത്യാപരമായിരിക്കും. കേരളത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ മുഖ്യധാരയിലേക്ക് വരുന്നത് പൊതുവിദ്യാഭ്യാസത്തിലൂടെയാണ്. സ്വയംഭരണത്തിന്റെ പേരിൽ കോളേജുകളെ സ്വകാര്യവൽക്കരിക്കാനുള്ള ഏതാനം വ്യക്തികളുടെ ധനമോഹവും സ്ഥാനക്കൊതിയുമാണ് ഇപ്പോഴത്തെ ഓട്ടോണോമി ശ്രമങ്ങൾക്ക് പിന്നിൽ. മൂലധനക്കൊതിയുടെ ആർത്തിയിൽ വീണുപോയ കോളേജ് അധികാരികൾ മുതൽ ബഹുരാഷ്ട്ര കത്തകകൾ വരെ അടങ്ങിയ വലിയ ചൂഷക ചങ്ങലയുടെ ഭാഗമാണ്. മെറിറ്റ് അട്ടിമറി, പരീക്ഷ നടത്തിപ്പ്, മൂല്യനിർണയം തുടങ്ങിയവയിൽ ഉള്ള അപാകതകൾ, വിദ്യാർത്ഥി -അധ്യാപക വിരുദ്ധ പ്രതികാര നടപടികൾ എന്നിവ കൊണ്ടെല്ലാം കുപ്രസിദ്ധമാണ് സ്വയംഭരണ മേഖല. പ്രവേശന മാനദണ്ഡങ്ങൾ, ഫീസ് ഘടന, കോഴ്സുകൾ, പാഠ്യപദ്ധതി, സംവരണം തുടങ്ങിയവ നിർണയിക്കാനുള്ള വിപുലമായ അധികാരങ്ങളാണ് സ്വയംഭരണം വഴി കോളേജുകൾക്ക് ലഭിക്കുന്നത്. താമസിക്കാതെ ഈ കോളേജുകൾക്ക് സർക്കാർ നൽകി വരുന്ന ധനസഹായം കുറയും. ഇതോടെ ഇവ സ്വയം വരുമാനം കണ്ടെത്തി വരുന്ന സാഹചര്യമായിരിക്കും ഉണ്ടാവുന്നത്. ക്രമേണ ഫീസ് ആനുകൂല്യങ്ങളും, സംവരണവും പ്രവേശന മാനദണ്ഡങ്ങളിലെ ഇളവുകളും നിലനിർത്താൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയാതെ വരും. കമ്പോളത്തിന് ആവശ്യമായിവരുന്ന സർട്ടിഫിക്കറ്റുകൾ വൻതുക ഫീസ് ഈടാക്കി വ്യാപാര ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളായി സ്വയംഭരണ പദവി ലഭിച്ച സ്ഥാപനങ്ങൾ മാറും.

മെറിറ്റ് അട്ടിമറി മാത്രമല്ല, ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാനം ആകേണ്ട പ്രവേശനത്തിലെ തുല്യത ആകെ അട്ടിമറിക്കപ്പെടുകയാണ്. നീതികരിക്കാനാകാത്ത, ഇതിനകം പരാജയപ്പെട്ട, ഒരു മാതൃക എന്നുപോലും വിളിക്കാൻ യോഗ്യതയില്ലാത്ത സ്വയംഭരണ കോളേജുകളെ കൊട്ടിഘോഷിച്ച് കൊണ്ടാടുന്നത് വ്യക്തമായ താൽപര്യങ്ങൾക്ക് മുകളിലാണ്. രാജ്യം മുഴുവനും വർഗീയതയുടെ കുത്തരങ്ങായി മാറുമ്പോൾ, അതിന്റെ ഏറ്റവും വലിയ പരിശീലന കളരിയായി വിദ്യാഭ്യാസം മാറുമ്പോൾ യാതൊരു സാമൂഹിക പ്രതിബദ്ധതയും ഇല്ലാത്ത കമ്പോളയുക്തിയുടെ ബോധനമാണ് സ്വയംഭരണ കോളേജുകൾ ഉന്നം വയ്ക്കുന്നത്. വിദ്യാഭ്യാസത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന സംവരണവും തുല്യതയും അട്ടിമറിക്കുന്ന സ്വയംഭരണ പണക്കൊതിയെ എതിർത്ത് തോല്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതിയടക്കമുള്ള എല്ലാ പ്രതിലോമകരമായ നയങ്ങൾക്കെതിരേയും പൊതുസമൂഹനന്മയെക്കരുതി പോരാടുവാൻ എകെപിസിടിഎ എന്നും മുൻപിൽ ഉണ്ടായിരുന്നു. ഇനിയുള്ള സമരങ്ങളിലും നിങ്ങളുടെ എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. അഭിവാദ്യങ്ങൾ...



# സംസ്ഥാന സമ്മേളന സ്വാഗതസംഘം രൂപീകരണ യോഗം

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ജനാധിപത്യ വിരുദ്ധ പ്രവണതകളേയും, കോർപറേറ്റ് വൽകരണത്തേയും ഫാഷിസ്റ്റ് വൽകരണത്തെയും പ്രതിരോധിക്കുന്ന പുരോഗമന അദ്ധ്യാപക സംഘടനയായ A K P C T A യുടെ 62 ആം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായുള്ള സ്വാഗതസംഘം രൂപീകരണ യോഗം ജനവരി 13 വൈകിട്ട് 4 മണിക്ക് കായംകുളം എം.എസ്.എം. കോളേജ് സുവർണ്ണ ജൂബിലി ഹാളിൽ നടന്നു. സി.പി.എം ജില്ലാ സെക്രട്ടറി അഡ്വ. എം. നാസർ ഉദ്ഘാടനം ചെയ്തു. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ചുവടുപിടിച്ചു കൊണ്ട് വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും ഹൈന്ദവവൽകരിക്കുകയെന്ന ഗൂഢ ശ്രമമാണ് കേന്ദ്ര ഭരണകൂടം നടത്തുന്നത് എന്ന് അദ്ദേഹം നിരീക്ഷിച്ചു. പ്രസ്തുത യോഗത്തിൽ അഡ്വ. C.B. ചന്ദ്രബാബു, അഡ്വ. K. H. ബാബുജൻ, അഡ്വ. U. പ്രതിഭ MLA കായംകുളം, പ്രൊഫ. സന്തോഷ് കുമാർ, പ്രൊഫ. ആർ. ഇന്ദുലാൽ എന്നിവർ സംസാരിച്ചു.

മന്ത്രിമാരായ ജി. സുധാകരൻ, തോമസ് ഐസക്, ആർ. നാസർ, സിബി ചന്ദ്രബാബു, ഏ എം ആരിഫ്, സി എസ് സുജാത, സജി ചെറിയാൻ, ആർ. രാജേഷ്, യു. പ്രതിഭ എന്നിവർ രക്ഷാധികാരികളായും വൈസ് ചെയർമാൻമരായി മനു സി പുളിക്കൽ, പി. അരവിന്ദാക്ഷൻ, പി ഗാനകുമാർ, അഡ്വ. എൻ. ശിവദാസൻ, ഡോ. പി രഘുനാഥ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. ടി. ആർ അനിൽകുമാർ, പ്രൊഫ. ബാബു പണിക്കർ, എ എ ബഷീർ, ഷിബു കാർത്തികേയൻ, ഡി സുധീഷ്, ഡോ. ആർ രാജേഷ് കുമാർ, ഡോ. ബിച്ചു എക്സ് മലയിൽ എന്നിവരെയും ജോയിന്റ് കൺവീനർമാരായി ആർ രാഹുൽ, മുഹമ്മദ് യാസീൻ, ഡോ. ശേഖരൻ, ഡോ. റാണി എബ്രഹാം, ഡോ. എസ്. അജയകുമാർ, ഡോ. രമേഷ് കുമാർ, എന്നിവരെയും തിരഞ്ഞെടുത്തു.

ആർ. രാജേഷ്, എസ്. ആസാദ്, എസ് പവനനാഥൻ, അഡ്വ. സുനിൽകുമാർ, എ.എ. ബഷീർ, ബിപിൻ സി ബാബു, ജി. ഹരികുമാർ, ജി. ശ്രീനിവാസൻ, രാമപുരം ചന്ദ്രബാബു, എസ്. നസീം, ബി. അബിൻ ഷാ, ബിന്ദു ഹനീഫ് എന്നിവർ വിവിധ സബ് കമ്മിറ്റികളുടെ ചെയർമാൻമാരുമായി നൂറ്റൊന്നംഗ സ്വാഗതസംഘ കമ്മിറ്റിയെയും രൂപീകരിച്ചു.



**പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട എകെപിസിടി എ മുൻ സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീന ടീച്ചർക്ക് അഭിവാദ്യങ്ങൾ**


പരിഭാഷ: അയ്യപ്പപ്പണിക്കർ



# മൂന്ന് വിയറ്റ്നാം കവിതകൾ

## ട്രാൻ തെഹ്വോങ്
## സർക്കാർ പരീക്ഷയെഴുതുന്ന സുഹൃത്തിനോട്

സെക്രട്ടറിയാകാനായ്
പഠിക്കുന്നിത്ര ഘോരമായ്
അക്ഷരജ്ഞാനമേ നിങ്ങൾ-
ക്കില്ലയെന്നറിയുന്നു ഞാൻ
ഏതായാലുമവർ നിന്നെ-
ജയിപ്പിക്കും പരീക്ഷയിൽ
ബിരുദം ചേർന്ന വിഡ്ഢിയ്ക്കി-
ന്നെത്രയാകുന്നു ശമ്പളം?



## ഹ്വെൻ ക്വാങ്
### (1) കുന്നിൻമുകളിൽ


പൂക്കൾ വൃക്ഷങ്ങളും പിന്നെ-
യൊരു കൃത്രിമ പർവതം
പൂക വൃക്ഷങ്ങളിൽ, ചന്ദ്രൻ
തിളങ്ങുന്നുണ്ടു പൂക്കളിൽ
ഇല്ല ലൗകിക കാര്യങ്ങൾ
ഇപ്പോൾ ചിന്തിക്കയില്ല ഞാൻ
ഉറച്ച കാറ്റു വീശുമ്പോ-
ളുറങ്ങാമേറെ ഗാഢമായ്.

### (2) എല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാരോടും

ധനവും കീർത്തിയും: എത്ര
കഠിനം, സാവധാനവും!
ജലംപോലെ ദിനം പോകെ
വാർധക്യമണയും ദ്രുതം
ദൂരെയേതോ പർവതത്തിൻ
മേലെയാറ്റിൻ സമീപമായ്
പൈൻകാട്ടിൽ കാറ്റുമേറ്റും കൊ-
ണ്ടേകനായ്, പലകയ്മേൽ,
ചായ കപ്പിൽ കാത്തുനില്ക്കെ-
ധ്യാനമാകരുതോ ഇനി?

# സാമൂഹ്യമാധ്യമങ്ങൾ സ്ത്രീകളോട് ചെയ്യുന്നത്

ഡോ. പ്രദീപ്കുമാർ കെ.
ശ്രീ വ്യാസാ എൻ.എസ്.എസ്.
കോളേജ്, വടക്കാഞ്ചേരി




ശാസ്ത്രവും സാങ്കേതികവിദ്യയും വികാസം പ്രാപിച്ചതോടെ പരമ്പരാഗത ധാരയിൽ നിന്നും വ്യത്യസ്തമായ മാധ്യമരൂപങ്ങൾ ഉണ്ടായിവരികയും അവ ഘടനാപരമായും ഗുണപരമായും നിരന്തരം പുതുക്കപ്പെടുകയും ചെയ്തു. ഈ പുതിയ മാധ്യമങ്ങൾ നവമാധ്യമങ്ങൾ എന്നും സാമൂഹ്യമാധ്യമങ്ങൾ എന്നുമാണ് വിളിക്കപ്പെട്ടത്. ഒരു നിർവ്വചനം ആവശ്യമില്ലാത്തത്ര പരിചിതമാണീ പേരുകൾ. അതീവപരിചയം കൊണ്ട് നിർവ്വചനം അത്ര എളുപ്പമല്ലെന്നും വരാം. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ആവിർഭവിച്ചതും കമ്പ്യൂട്ടർ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ വിവരവിനിമയരൂപങ്ങളെയെല്ലാം പൊതുവായി സാമൂഹ്യമാധ്യമങ്ങൾ എന്ന് വിളിക്കുന്നു. ഒരു പത്രത്തിൽ അച്ചടിച്ച പാഠം തന്നെ ഡിജിറ്റൽ സാങ്കേതികവിദ്യ അനുസരിച്ച് കമ്പ്യൂട്ടറുകളുടെ ശൃംഖലവഴി വിനിമയം ചെയ്യപ്പെടുമ്പോൾ അത് സാമൂഹ്യമാധ്യമമാണെന്ന് വരുന്നു. കമ്പ്യൂട്ടറുകൾ, സി.ഡി.കൾ എന്നിവ തുടങ്ങി ഇന്റർനെറ്റ് വരെ പല രൂപങ്ങളിൽ സാമൂഹ്യമാധ്യമങ്ങളെ കാണാം.

ഈ അടിത്തറയിൽ കെട്ടിയ വിനിമയവേദികളാണ് ഫേസ്ബുക്ക്, വാട്സാപ്പ്, ട്വിറ്റർ, ഗെയ്മിംഗ് ആപ്ലിക്കേഷനുകൾ, ഇൻസ്റ്റഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമ ശൃംഖലകൾ (Social media networks). സാമാന്യവ്യവഹാരത്തിൽ ഇവ സാമൂഹ്യ മാധ്യമങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ലോകത്തിലെ


തന്നെ ഏറ്റവും വലിയ കൂട്ടായ്മകളാണ് ഇവയിൽ പലതും.

അതിസങ്കീർണ്ണമായ രാഷ്ട്രീയ-മൂലധന താല്പര്യങ്ങൾ എല്ലാത്തരം മാധ്യമങ്ങളെയും സ്വാധീനിക്കുന്ന ആഗോളവൽകൃതലോകമാണ് പിൽക്കാലമുതലാളിത്തം നമുക്ക് മുന്നിൽ തുറന്നിട്ടിരിക്കുന്നത്. ഇത്തരം സ്വാധീനങ്ങൾ ഉണ്ടായിവരാൻ യാതൊരു സാധ്യതയുമില്ലാത്തത്ര അവ്യവസ്ഥിതവും അതിനാൽ തന്നെ ജനാധിപത്യത്തിന് വലിയ ഇടംനൽകുന്നതുമായ ഒന്നാണ് നവമാധ്യമങ്ങൾ എന്ന വിശ്വാസം ഒരു കാലത്ത് വളരെ വ്യാപകമായിരുന്നു. മധ്യപൗരസ്ത്യദേശങ്ങളിൽ ഉണ്ടായതും 'മുല്ലപ്പൂവിപ്ലവം' എന്നെല്ലാം വിശേഷിക്കപ്പെട്ടതുമായ രാഷ്ട്രീയ സംഭവവികാസങ്ങൾ ജനാധിപത്യത്തിന്റെ പുതിയൊരു ഘട്ടമായി മാറിയപ്പോൾ 'ഫേസ് ബുക്ക് റവല്യൂഷൻ' (വാഷിംഗ്ടൺ പോസ്റ്റ് 2011) എന്നൊരു സംജ്ഞ തന്നെ സംജാതമായി. പുതിയതും തുറന്നതുമായ രാഷ്ട്രീയബോധത്തിന്റെയും ജനാധിപത്യപ്രയോഗത്തിന്റെയും അരങ്ങുകളായി സാമൂഹ്യമാധ്യമങ്ങൾ വീക്ഷിക്കപ്പെട്ടു. 'ഡിജിറ്റൽ ഡെമോക്രസി' എന്ന പേരിൽ ഒരു ജനാധിപത്യരൂപം തന്നെ വിഭാവനം ചെയ്യപ്പെട്ടു. ഡിജിറ്റൽ ലോകം ജനാധിപത്യത്തെ വിപുലപ്പെടുത്തുന്നു എന്ന സങ്കല്പമായിരുന്നു ഇതിനടിസ്ഥാനം. പങ്കാളിത്ത ജനാധിപത്യത്തിന്റെ വലിയ തുറസ്സുകൾ സൃഷ്ടിക്കുന്നു എന്ന പരിവേഷം സാമൂഹ്യമാധ്യമങ്ങളുടെ വളർച്ചയെ തിരിച്ചും സഹായിച്ചു.



എന്നാൽ അധികം വൈകാതെ കാറ്റ് മറ്റൊരു ദിശയിലേക്ക് വീശിത്തുടങ്ങി. ജനാധിപത്യസംരക്ഷണത്തെക്കാൾ ലാഭകരവും ഗുണകരവുമായ എത്രയോ ദൗത്യങ്ങൾ സാമൂഹ്യമാധ്യമങ്ങൾക്കുണ്ടെന്ന് ആദ്യം തിരിച്ചറിഞ്ഞത് സാങ്കേതികവിദ്യയുടെ അധിനായകനായ ആഗോളമുതലാളിത്തം തന്നെയാണ്. അതോടെ സാമൂഹ്യമാധ്യമങ്ങൾ കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ മറ്റൊരു വ്യാപാരമുഖമായി മാറി. സാമൂഹ്യമാധ്യമമൂലധനം (Social Media Capital) ഏറ്റവും ആവശ്യകതയുള്ളതും മൂല്യമേറിയതുമായ മൂലധനരൂപമായി മാറി. ഇതോടെ, സാമൂഹ്യമാധ്യമ പരിസരത്തിൽ വ്യക്തികളുടെയോ കൂട്ടായ്മകളുടെയോ പേരും, ബന്ധങ്ങളും കാഴ്ച്ചപ്പാടുകളും സർവ്വോപരി സ്വാധീനവും വലിയ കച്ചവടമൂല്യം നേടുകയുണ്ടായി. സാമൂഹ്യമാധ്യമരംഗത്തെ വിപണന തന്ത്രങ്ങൾക്കോ ചരക്കുവൽക്കരണത്തിനോ ഉദാഹരണസഹിതമുള്ള വിശദീകരണം ആവശ്യമില്ല.

രാഷ്ട്രീയാധികാരത്തിനും സാമൂഹ്യമാധ്യമങ്ങളുടെ നിയന്ത്രണം നേടാൻ വലിയ ഔത്സുക്യമുണ്ടായിരുന്നു. വ്യക്തികളെ നിരീക്ഷിക്കാനും അതുവഴി അവർക്കുമേൽ ആധിപത്യം സ്ഥാപിക്കാനും സാമൂഹ്യമാധ്യമങ്ങൾ ഉപകരണങ്ങളായേക്കും എന്ന മുന്നറിയിപ്പ് ശരിയായി. ഇന്റർനെറ്റിലെ വ്യക്തികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, ചോർത്തുക, നിയന്ത്രിക്കുക, നിഷേധിക്കുക എന്നിവയെല്ലാം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട (ഇന്ത്യയടക്കമുള്ള) ഭരണകൂടങ്ങളു



ടെ പോലും ഏറ്റവും സജീവമായ പരിഗണനാവിഷയമായി. '1984' എന്ന തന്റെ നോവലിൽ ജോർജ് ഓവൽ പ്രവചിച്ചതുപോലെ വലിയേട്ടൻ പൗരന്മാരെ നിരന്തരം നിരീക്ഷിച്ചുതുടങ്ങി. ചുരുക്കത്തിൽ സാമൂഹ്യമാധ്യമങ്ങൾ ഏതെങ്കിലും തരത്തിലുള്ള സ്വാതന്ത്ര്യവും സ്വയംഭരണാധികാരവും നിലനിൽക്കുന്ന ഇടങ്ങളായി കരുതുക വയ്യ എന്ന് അനുഭവങ്ങളും പഠനങ്ങളും ഒരുപോലെ നമ്മെ ഓർമിപ്പിക്കുന്നു. സാങ്കേതികവിദ്യ സ്വതന്ത്രവും സ്വയംനിർണയശേഷിയുള്ളതുമായ ഒരു ശക്തിയല്ലെന്നും, അധികാരിവർഗത്തിന്റെ അധികാരസംസ്ഥാപനത്തിനും സംരക്ഷണത്തിനുമുള്ള ഉപയോഗമാണ് അതിന്റെ സ്വഭാവത്തെ നിർണയിക്കുന്നതെന്നും ഹെബർമാസ് അടക്കമുള്ള ചിന്തകർ നിരീക്ഷിക്കുന്നുണ്ട്.

അതീവ വികസിതമായ സാങ്കേതികവിദ്യ നൽകുന്ന പ്രതീതി മാത്രമാണ് സാമൂഹ്യമാധ്യമരംഗത്തെ സ്വാതന്ത്ര്യം. പേരിലുള്ള 'സാമൂഹ്യാംശം' ഇരിക്കെത്തന്നെ, സാമൂഹ്യമാധ്യമങ്ങൾ ഉപഭോക്താവിന് നൽകുന്ന സ്വകാര്യതയും ഈ പ്രതീതിമാത്ര സ്വാതന്ത്ര്യബോധത്തിന് ആക്കം കൂട്ടുന്നു. സ്വകാര്യതയിൽ ഉപഭോക്താവ് അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യത്തെ മറ്റൊരു തലത്തിലും കാണാവുന്നതാണ്.

സാമൂഹ്യമാധ്യമങ്ങളുടെ പ്രതിലോമപരതയെ ഗുണപരമായി നിർണയിക്കുന്നത് മേൽപ്പറഞ്ഞ സ്വാതന്ത്ര്യ-സ്വാശ്രയബോധമാണ്. പ്രതിലോമപരതയെ സംബന്ധിച്ചുള്ളത് കേവലമായൊരു സാമാന്യവൽക്കരണ് എന്ന് തള്ളിക്കളയാൻ വരട്ടെ. ലോകമെമ്പാടും സമൂഹത്തിൽ വിഭാഗീയത, വംശീയ വിദ്വേഷം, സ്ത്രീവിരുദ്ധത, ലിംഗവിവേചനം, അപരഭീതി എന്നിവയൊക്കെ വ്യാപിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ സാമൂഹ്യമാധ്യമങ്ങൾക്ക് വലിയ പങ്കാണുള്ളതെന്ന് നിരവധി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇനിയും നീട്ടാവുന്ന മേൽപ്പറഞ്ഞ പട്ടികയിലെ സ്ത്രീവിരുദ്ധത, ലിംഗവിവേചനം എന്നിവയെ സംബന്ധിച്ച ചില സാമാന്യനിരീക്ഷണങ്ങൾ കൂടി ഇവിടെ സംഗതമാകുമെന്ന് കരുതുന്നു.

ലിംഗപദവി, സ്ത്രീയവസ്ഥ എന്നീ രംഗങ്ങളിൽ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ സാമൂഹ്യമാധ്യമങ്ങൾക്ക് കഴിഞ്ഞു എന്ന സാമാന്യബോധത്തെ പ്രശ്നവൽക്കരിക്കേണ്ടതുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തെയും സ്വയംനിർണയാധികാരത്തെയും സംബന്ധിച്ച് വ്യാജബോധങ്ങൾ മാത്രമാണ് സാങ്കേതിക വിദ്യകൾ നമ്മിൽ സൃഷ്ടിക്കുന്നതെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. നമുക്ക് യഥാർത്ഥത്തിൽ ഒരധികാരവും ഇല്ലാത്തിടത്ത് കർതൃത്വത്തിന്റേതായ വ്യാജപ്രതീതി സൃഷ്ടിക്കുന്നതിനെ ഉദാഹരിക്കാനായി സ്ലാവോസ് സിസെക് ലിഫ്റ്റുകളിലെ വാതിൽ (അടക്കാനും തുറക്കാനുമുള്ള) ബട്ടനുകളുടെ രൂപകം ഉപയോഗിക്കുന്നുണ്ട്. നാം ഈ വാതിൽബട്ടനുകൾ അമർത്തിയാലും ഇല്ലെങ്കിലും ലിഫ്റ്റുകൾ തുറക്കുകയും അടക്കുകയും ചെയ്തുകൊള്ളും. ഇതേ പ്രതീതി സ്വാതന്ത്ര്യവും കർതൃത്വവും മാത്രമാണ് സാമൂഹ്യമാധ്യമങ്ങൾ സ്ത്രീക്ക് പ്രദാനം ചെയ്യുന്നത്. ഒരേ സമയം ഈ കർതൃത്വപ്രതീതിയുടെ ഫലവും നിദാനവുമാണ് സാമൂഹ്യമാധ്യമരംഗത്തും ഇന്റർനെറ്റ്-സാങ്കേതികവിദ്യാരംഗത്തുമുള്ള സ്ത്രീകളുടെ സജീവമായ ദൃശ്യതയും പങ്കാളിത്തവും.


ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യമയം വരെ ആണുങ്ങളുടെ കുത്തകയായിരുന്ന സാങ്കേതികവിദ്യാരംഗത്തേക്ക് പിന്നീട് സ്ത്രീകളുടെ വലിയ പ്രവാഹം തന്നെയുണ്ടായി. 2000ലെ ഒരു പഠനം കാണിക്കുന്നത് പുരുഷന്മാർ സ്ത്രീകളെക്കാൾ രണ്ടിരട്ടി സമയം ഇന്റർനെറ്റിൽ ചെലവഴിക്കുന്നതായാണ് (Kayani & Yelsma, 2000). സോഫ്റ്റ്‌വെയർ അടക്കം സാങ്കേതികവിദ്യാരംഗത്ത് പുരുഷന്മാരുടെ സർവ്വാധിപത്യം ഇന്റർനെറ്റ് പുരുഷാധിപത്യം

കൊടികത്തിവാഴുന്നിടമാണെന്ന അവസ്ഥ സംജാതമാക്കി. (Taylor, 2004) സ്ത്രീകൾ ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടുമൂലം ഡിജിറ്റൽ രംഗത്ത് സ്ത്രീവിരുദ്ധമായ നൂതന മർദ്ദനോപകരണങ്ങൾ രൂപപ്പെട്ടുന്നത് അക്കാലം മുതലാണ്. പിതൃമേധാവിത്വപൂർണമായ ഒരു ശ്രേണീബന്ധം ഈ രംഗത്ത് രൂഢമൂലമാവാൻ ഇത് സഹായിച്ചു. അത്തരം ഡിജിറ്റൽ മർദ്ദനോപകരണങ്ങളുടെ ഒരു ഉദാഹരണം മാത്രമാണ് ഇന്ന് ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന ആയിരക്കണക്കിന് കോടി ഡോളർ വിലമതിക്കുന്ന അശ്ലീല വ്യവസായം അഥവാ പോണോഗ്രഫി (Podles, 2000)

2008 മുതലുള്ള പഠനങ്ങൾ കാണിക്കുന്നത് ഇന്റർനെറ്റിൽ സ്ത്രീ സാന്നിദ്ധ്യം ശക്തമാകുന്നതാണ്. വികസിത രാജ്യങ്ങളിൽ ഫേസ്ബുക്ക് അടക്കമുള്ള സാമൂഹ്യമാധ്യമങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കുന്നതും ഈ മാധ്യമങ്ങളിലൂടെ കൂടുതൽ സുഹൃത്തുക്കളുമായി ബന്ധപ്പെടുന്നതും സ്ത്രീകളാണെന്ന് ഈ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഓൺലൈൻ ഗെയിമുകളുടെ കാര്യത്തിൽ ഇരുകൂട്ടരും ഒപ്പം നിൽക്കുന്നു. സാമൂഹ്യമാധ്യമങ്ങൾക്ക് വമ്പിച്ച പ്രചാരമുള്ള ഇന്ത്യയിൽ 2018ലെ ഇന്ത്യാടുഡേ -നീൽസൺ സർവ്വേ പ്രകാരം, പ്രീമിയം പോണുകൾ ഉപയോഗിക്കുന്നതിലും ഓൺലൈൻ സമയത്തിലും മുന്നിട്ടുനിൽക്കുന്നത് സ്ത്രീകളാണത്രേ. ഓൺലൈൻ ഗെയിമുകളിൽ സ്ത്രീകൾ പുരുഷന്മാർക്കൊപ്പമുണ്ട്. (You Gov. 2019) സ്ത്രീപദവി ശാക്തീകരണത്തിലും കർതൃത്വശേഷിവൽക്കരണത്തിലും ഈ രീതിയിലുള്ള സാമൂഹ്യമാധ്യമ പങ്കാളിത്തം സ്ത്രീകളെ വലിയതോതിൽ സഹായിച്ചിട്ടുണ്ട്. ലിംഗപദവി സമത്വം സംബന്ധിച്ച ആശയങ്ങൾക്ക് ഇന്റർനെറ്റിലൂടെ വമ്പിച്ച പ്രാമുഖ്യം കിട്ടിയിട്ടുമുണ്ട്." മുഖ്യധാരാമാധ്യമങ്ങളുടെ സാമ്പ്രദായിക ആണധികാര പ്രീണനസമീപനത്തിനെതിരെ ഫലപ്രദമായ പാഠഭേദങ്ങൾ സ്ഥാപിക്കാൻ സാമൂഹ്യമാധ്യമങ്ങളെ ഉപയോഗിക്കാനും കഴിഞ്ഞു എന്നാൽ ഉപഭോക്താവിന് കർതൃത്വശേഷി നൽകുന്ന സാമൂഹ്യമാധ്യമങ്ങളിൽ സ്ത്രീയവസ്ഥയും ലിംഗസമത്വം എന്ന ആശയവും രാഷ്ട്രീയമായി നേടുന്ന പ്രാതിനിധ്യം സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഈ ദത്തങ്ങൾക്കും പുറത്തുകടക്കണം, നമ്മുടെ വിശകലനം.

അഭിപ്രായപ്രകടനത്തിനും ആശയപ്രചാരണത്തിനും ആത്മാവിഷ്കാരത്തിനും സാമൂഹ്യമാധ്യമങ്ങൾ നൽകുന്നതായി പറയപ്പെട്ട ഇറവി സ്ത്രീകളുടെ കാര്യത്തിൽ എങ്ങനെയാണ് സംഭവിച്ചത്? ആശയങ്ങളുടെ സ്വതന്ത്രവിനിമയവും ബന്ധങ്ങളുടെ രൂപീകരണവും സാമൂഹ്യമൂലധനത്തിൽ ഉൽപാദനം, വിതരണം എന്നിവയും സ്ത്രീസ്വത്വത്തെ മൗലികമായി മാറ്റിത്തീർക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്യുവോ? ഇത്തരത്തിൽ സ്വന്തം ഇടം നേടിയെടുക്കാനായെങ്കിൽ തന്നെ സ്ത്രീകൾ സമൂഹമാധ്യമങ്ങളിൽ സൃഷ്ടിക്കുന്ന എതിർപാഠങ്ങളും പ്രത്യാഘാതങ്ങളും നവഭാവുകത്വവും നിലനിൽക്കുന്ന പുരുഷാധീശത്വപ്രത്യയശാസ്ത്രരൂപങ്ങളെ മാറ്റിയെഴുതാൻ കെൽപ്പുള്ളവയാണോ? ചോദ്യങ്ങൾ ഇനിയും എത്രയെങ്കിലുമുണ്ട്. സമൂഹം ഏറ്റെടുക്കുകയും സ്വയം ചോദിക്കുകയും ചെയ്യേണ്ടവ. നവസാങ്കേതികവിദ്യയിൽ ആവേശഭരിതരായ സ്ത്രീകൾ സാമൂഹ്യബന്ധങ്ങളെ സംബന്ധിച്ച പുതിയൊരു അനുഭവവും മാതൃകയും സൃഷ്ടിക്കുകയുണ്ടായെങ്കിലും അവയ്ക്ക് ഏറെ മുന്നോട്ടുപോകാനായില്ല. കാരണങ്ങൾ നിരവധിയാണ്.





കമ്പോളനിയമങ്ങൾക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ ഉൽപ്പന്നങ്ങൾ എന്ന നിലയ്ക്ക് സാമൂഹ്യമാധ്യമങ്ങൾക്കും പരമ്പരാഗത സ്ത്രീ-പുരുഷ വാർപ്പുമാതൃകകളെ സൃഷ്ടിച്ചെടുക്കുന്ന പരസ്യവ്യവസായത്തിനു മുന്നിൽ കീഴടങ്ങേണ്ടിവന്നു. സ്ത്രീയെ വസ്തുവായി മാത്രം കാണുന്ന മറ്റൊരു വാർപ്പ് മാതൃക ഉണ്ടായിവരിക മാത്രമാണ് ഇവിടെ സംഭവിച്ചത്. ലിംഗഭേദം അരക്കിട്ടുറപ്പിക്കുന്ന ഉപഭോഗ വൽക്കരണത്തിന്റെ മഴ കൂടുതൽ നനയുക എന്ന ദുര്യോഗമാണ് സാമൂഹ്യമാധ്യമങ്ങളിലെ സ്ത്രീകൾ അഭിമുഖീകരിച്ചത്. പൊതുമണ്ഡലത്തിൽ സ്വതന്ത്രമായി മുഖാമുഖം ആശയവിനിമയം നടത്താനാവാത്ത സ്ത്രീക്ക് പക്ഷേ കമ്പോളത്തിന്റെ അദൃശ്യമായ വലകൾ തന്നെ വരിഞ്ഞുമുറുക്കുന്ന അവസ്ഥയെ അഭിമുഖീകരിക്കേണ്ടിവന്നു.

സാമൂഹ്യമാധ്യമങ്ങൾ സൃഷ്ടിക്കുന്ന വ്യാജപ്രതീതിയെ സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചുവല്ലോ. സ്വകാര്യഇടങ്ങളിലിരുന്ന് സ്വകാര്യമായ ഉപകരണങ്ങളിലൂടെ സുരക്ഷിതമായി ഇടപെടാവുന്ന മേഖലയായതിനാൽ സാമൂഹ്യമാധ്യമങ്ങളിൽ സാമൂഹ്യാംശം ചോരുകയും വ്യക്തിപരത പെരുകുകയും ചെയ്യുന്നു. പൊതുഇടങ്ങളിലെ വിനിമയങ്ങൾക്ക് വേണ്ടതായ മര്യാദകൾ പോലും ആവശ്യമില്ലാത്ത, മലീമസമായ വ്യക്തിബോധത്തിന്റെ പ്രകടനരംഗങ്ങളായി സാമൂഹ്യമാധ്യമങ്ങൾ മാറിയതോടെ പരമ്പരാഗതമായ ലിംഗപരമായ പെരുമാറ്റരീതികൾ (Gendered Behaviour) നിഷ്കാസനം ചെയ്യപ്പെടുന്നതിന് പകരം രൂഢമൂലങ്ങളായി മാറുകയാണ് ചെയ്തത്.

ഇന്റർനെറ്റിനുള്ള അവകാശം പല രാജ്യങ്ങളിലും നിയമമാവുകയും പല സമൂഹങ്ങളിലും സ്ത്രീകൾ സാമൂഹ്യമാധ്യമങ്ങളിൽ സജീവമാകുകയും ചെയ്യുമ്പോഴും ഇന്ത്യയടക്കമുള്ള പല വികസ്വരരാജ്യങ്ങളിലും സ്ത്രീകൾക്ക് ഇന്റർനെറ്റ് നിഷേധിക്കപ്പെടുകയാണ്. രാജസ്ഥാനിലും ഉത്തർപ്രദേശിലും ചില ഖാപ് പഞ്ചായത്തുകൾ പെൺകുട്ടികൾ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നതും സ്ത്രീകൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നതും വിലക്കിയിരുന്നുവല്ലോ. ഇത് ഇന്ത്യയിലെ മാത്രം

കഥയല്ല. മതഭീകരരുടെ ഭരണം നിലനിൽക്കുന്നിടങ്ങളും യാഥാസ്ഥിതിക രാജ്യങ്ങളിലും ഇതേ അവസ്ഥ നിലവിലുണ്ട്.

സ്ത്രീകൾ പുരുഷന്മാരായും മറിച്ചും ഭാവിക്കുകയും (Gender Bending), സ്വത്വം മറച്ചുവെക്കുകയും (Identity manipulation) ചെയ്യുന്നത് സമൂഹമാധ്യമങ്ങളിൽ സാധാരണമായിരിക്കുകയാണല്ലോ. ഇതിന്റെ പ്രധാന ഗുണഭോക്താക്കൾ ഓൺലൈൻ ഡേറ്റിംഗ് സൈറ്റുകളും പോണോഗ്രഫി സൈറ്റുകളുമാണ്. ഉപഭോക്താക്കൾ 'സ്വേച്ഛ'പ്രകാരം (സത്യത്തിൽ അങ്ങനെയല്ലെങ്കിലും) ചരക്കുകളായി മാറുന്ന ഈ അവസ്ഥ, പരമ്പരാഗത മാധ്യമങ്ങൾ ലിംഗാവസ്ഥയെ കമ്പോളവൽക്കരിച്ചതിന്റെ 'പാരഡി'യായി മാറുന്നു. ഇന്റർനെറ്റിലെ വിശ്വാസവഞ്ചനയുടെ (Internet infidelity) അവസ്ഥാന്തരങ്ങളിലൊന്നായ സൈബർ സെക്സിനും ഇത്തരം ആൾമാറാട്ടങ്ങൾ കാരണമാകുന്നു. ഇതെല്ലാം സൃഷ്ടിക്കുന്ന വൈകാരിക, ലൈംഗിക, സാമൂഹ്യപ്രതിസന്ധികൾ ഇനിയും വേണ്ടവിധം പഠിക്കേണ്ടതായിട്ടാണിരിക്കുന്നത്.

നേരിട്ടായാലും പരോക്ഷമായാലും (ഭർത്താവ്/ഇണ) സ്ത്രീകളെയാണ് ഇതെല്ലാം അധികവും ബാധിക്കുന്നതെന്നാണ് പാശ്ചാത്യലോകത്തിന്റെ അനുഭവം. പോണോഗ്രഫി സൈറ്റുകൾ സാമൂഹ്യമാധ്യമങ്ങൾക്കനുസൃതമായി പുനഃസംഘടിപ്പിക്കപ്പെട്ടതും കമ്പോളവൽക്കരണ പ്രക്രിയയുടെ വ്യാപ്തിയെക്കുറിച്ച്, സ്വയം നവീകരണശേഷിയെക്കുറിച്ച് ചില ഉൾകാഴ്ചകൾ നൽകുന്നുണ്ട്. നേരിട്ട് പോൺ സൈറ്റുകളെ ആശ്രയിക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണെങ്കിലും, ജീവിതപങ്കാളിയുടെ ഇത്തരം 'വിനോദ'ങ്ങളെ വിശ്വാസവഞ്ചനയായും സ്വന്തം അപര്യാപ്തതയുടെ നിദർശനമായും കാണുന്നതിലൂടെ നേരത്തെ സൂചിപ്പിച്ച അതേതരം വൈകാരിക പ്രതിസന്ധികളിലേക്ക് എത്തിച്ചേരുന്നുണ്ട്.

എന്നാൽ സാമൂഹ്യമാധ്യമങ്ങളിലെ ലിംഗപദവി സംബന്ധിച്ച കൃത്യമായ ചിത്രം ലഭിക്കുക അവയുടെ ഉള്ളടക്ക വിശകലനത്തിൽ നിന്നാണ്. റഷ്യയിലെ സാമൂഹ്യ മാധ്യമ ഉപഭോക്താക്കളിൽ 83 ശതമാനവും ഉപയോഗിക്കുന്ന 'വി.കെ.' (VK) എന്ന മാധയമത്തെ സംബന്ധിച്ച പഠനം പറയുന്നത്, ഉപഭോക്താക്കളിൽ ഭൂരിപക്ഷവും സ്ത്രീകൾ ആയിരിക്കെത്തന്നെ, ഉപഭോക്താക്കളുടെ ആശയവിനിമയത്തിൽ 75 ശതമാനവും തങ്ങളുടെ ആൺമക്കളുടെ വിശേഷങ്ങളായിരുന്നു എന്നാണ്. ഇതൊരുദാഹരണം മാത്രമാണ്. കേരളം പോലെ സാക്ഷരത, സാമൂഹ്യാവബോധം എന്നിവയിൽതാരതമ്യേന മുന്നിൽ നിൽക്കുന്ന സമൂഹങ്ങളിൽപോലും സ്വതന്ത്രമായി, പ്രത്യേകിച്ച രാഷ്ട്രീയ, സാമൂഹ്യ വിഷയങ്ങളിൽ അഭിപ്രായം പറയുന്ന സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കടുത്ത അധിക്ഷേപം ഏറ്റുവാങ്ങുന്നുണ്ട്. വേഷഭൂഷാദികളെ സംബന്ധിച്ചും ഏറ്റവും യാഥാസ്ഥിതികമായ അഭിപ്രായ ഗതികൾ ഉയരുന്നതും സമൂഹമാധ്യമങ്ങളിലാണ്. ഹൈദരാബാദിൽ ദിശ എന്ന യുവതി പൈശാചികമായി ബലാൽക്കാരം ചെയ്യപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തപ്പോൾ, ആ ബലാൽക്കാരത്തിന്റെ ദൃശ്യങ്ങൾ ഇന്റർനെറ്റിൽ 80 ലക്ഷം പേരാണ് തെരഞ്ഞത് എന്ന വസ്തുതകൂടി ഇതിനോട് ചേർത്തവായിക്കണം.

ബ്ലോഗുകൾ, ഫേസ്ബുക്ക്, ഗെയിമിങ്ങ് ആപ്പുകൾ എന്നിങ്ങനെ സമൂഹമാധ്യമങ്ങളുടെ ഓരോ മുഖവും ഓരോ വിധത്തിൽ സവിശേഷമായി ലിംഗപദവിയെ സംബന്ധിച്ച കൃത്യമായ പ്രതികരണങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. പക്ഷേ വിസ്താരഭയം മൂലം അതെല്ലാം ഇവിടെ വിശദീകരിക്കുവാൻ നിവൃത്തിയില്ല. ഏതായാലും സാമൂഹ്യ മാധ്യമങ്ങളുടെ ഉദയകാലത്ത് പ്രകടമായിരുന്ന ശുഭാപ്തിവിശ്വാസവും പ്രസാദാത്മകതയും ഇന്നാണെന്ന് പറഞ്ഞുകൂടാ. പങ്കാളിത്ത ജനാധിപത്യപരമായ സാമൂഹ്യധർമ്മവും സംവാദാത്മകമായ അന്തഃസത്തയും പുലർത്തുന്നതായിരിക്കും സാമൂഹ്യമാധ്യമങ്ങൾ എന്ന വിഭാവനങ്ങൾ ഉണ്ടായിരുന്നു (Mc Quails, 1987) എന്നത് കണക്കിലെടുക്കുമ്പോൾ വർത്തമാനകാലയാഥാർത്ഥ്യം നമ്മെ അങ്ങോട്ടൊന്നുമെത്തിക്കുന്നില്ല എന്ന് നാം മനസ്സിലാക്കുന്നു. ലിംഗപദവിയെ ഗുണപരമായി പുനഃസംഘടിപ്പിക്കുന്നതിലും ലിംഗബോധത്തിന്റെ സവിശേഷ ആവിഷ്കാരങ്ങൾക്ക് സാധുത നൽകുന്നതിലും സാമൂഹ്യ മാധ്യമങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. ഇതൊരു താൽക്കാലിക പരാജയമാണ് എന്ന മാത്രമേ നമുക്കാശ്വസിക്കാനാവൂ. ഏതായാലും ലിംഗപദവിയടക്കം, സാമൂഹ്യമാധ്യമങ്ങൾ പ്രക്ഷേപണം ചെയ്യുന്ന സൂക്ഷ്മരാഷ്ട്രീയത്തെ നിശിതമായി വിശകലനം ചെയ്യുന്ന പഠനങ്ങൾ കൂടുതലായി ഉണ്ടാവേണ്ടിയിരിക്കുന്നു. സ്ഥൂലരാഷ്ട്രീയത്തിൽ ഫാഷിസ്റ്റ് ആശയഗതികൾക്ക് സ്വീകാര്യത ലഭിച്ചുവരുന്ന വർത്തമാനകാലത്ത് ഇത് വളരെ പ്രധാനമാണ്.



**മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ രാജകുമാരി എൻ. എസ്. എസ്. കോളേജ് അസോസിയേറ്റ് പ്രൊഫസർ ശ്യാംകുമാർ കെ.**

# കേരളീയോത്സവങ്ങളിലെ വാദ്യസംസ്കൃതി

**പ്രവീൺ കെ.ആർ.**
ശ്രീശങ്കരവിദ്യാപീഠം കോളേജ്,
വളയൻചിറങ്ങര



കേരളത്തിലെ ഹൈന്ദവക്ഷേത്രങ്ങളിൽ പലജാതികളിൽപ്പെട്ട വാദ്യങ്ങൾ കടന്നുവന്ന കാലവും ആയതിന്റെ പശ്ചാത്തലവും കൃത്യമായി ഗണിക്കാൻ ചരിത്രരേഖകളില്ല. അതിനേക്കാൾ ദുഷ്ക്കരമാണ് ഓരോ വാദ്യത്തേയും നാലമ്പലത്തിന്റെ അതിരുകളിൽ സ്ഥാനപ്പെടുത്തിയിരിക്കുന്നതിന്റെ യുക്തിയും വിശദീകരണവും നിർണ്ണയിക്കുക എന്നത്.

ഈ ചിത്രത്തിന്റെ നിശിതമായ അപഗ്രഥനം ഇന്നും സംഭവിച്ചിട്ടില്ല. എങ്കിലും കേരളത്തിലെ ഉത്സവാഘോഷങ്ങളെല്ലാം പൂർണ്ണമാകുന്നത് വ്യത്യസ്ത വാദ്യങ്ങളുടെ ശാബ്ദിക പരിസരത്തിലാണ്. ഇവയുടെ അനന്തമായ പ്രയോഗ സാധ്യതകൾ സൃഷ്ടിക്കപ്പെടുന്നതും ഈ ഉത്സവവേളകളിലാണ്.

ഉത്സവങ്ങളെല്ലാം ആഹ്ളാദ വേളകൾക്കൊപ്പം സംസ്ക്കാര സാങ്കര്യവും ലക്ഷ്യമാക്കുന്നു. വാദ്യഘോഷങ്ങൾക്കും നൃത്തവിശേഷങ്ങൾക്കും ഇതിൽ വ്യക്തമായ സ്ഥാനമുണ്ട്.

രംഗകലാപഠനം, സാംസ്കാരിക പഠനം എന്നിങ്ങനെ തരംതിരിച്ച കലാ ഗവേഷണ മേഖലയിൽ വാദ്യകലാ ചരിത്രത്തിന്റെ സാമൂഹിക രാഷ്ട്രീയ മാനങ്ങൾക്ക് ഇന്നും അന്വേഷണം ഉണ്ട്.

'തന്ത്ര സമുച്ചയ'ത്തിലെ ഉത്സവപടലമായ ഒൻപതാം പടലത്തിൽ വ്യത്യസ്ത വാദ്യങ്ങളെയും അവയുടെ സ്ഥാനത്തേയും ഇങ്ങനെ കൊടുത്തിരിക്കുന്നു.

"ശംഖപ്രേംഖാച്ചട്ടല പടഹോ



ത്താള താളോരു ഭേരീ

രംഗച്ഛ്യം ഗോസ്ഥമരു ഡമരു ദ്രിപ്ര
വീണാ പ്രവീണാ:


ഡക്കാഢുക്കാ വിരളമുരളീ കർമ്മ
ലാശ്വാദിയായു:

സ്സായദ്ദീപാസ്സമിഹമേഹി (ത) ദ്ദാമ
ഹേള മഹേളാ"

(ശംഖധ്വനിയോടുകൂടി ശബ്ദിച്ചിരിക്കുന്ന നല്ല പെരുമ്പറ, നല്ല ശബ്ദത്തോടു കൂടിയ ചേങ്കല, കൈമണി ഇവയും വലുതായിരിക്കുന്ന ചെണ്ടകളോടും (ഭേരിയേയാണ് ചെണ്ട എന്ന പരാമർശം) കൊമ്പ്, കുഴൽ ഇവയോട് ശബ്ദിച്ചിരിക്കുന്ന തിമില (ഡമര) കുടുന്തുടി (ഡമരു) ഇവയോടും വീണാ ശബ്ദത്തോടുകൂടിയ വാദ്യക്കാരും ഡക്കാ-ഢുക്കാ (എടയ്ക്ക-മദ്ദളം) ഇവയോടൊപ്പം ശോഭിച്ചിരിക്കുന്ന ദീപത്തെ മുത്തുമാലകൾകൊണ്ട് അലങ്കരിച്ച് ഇരിക്കുന്ന സ്ത്രീകളും ദേവന്റെ മുമ്പിൽ നടക്കണം). പ്രസ്തുത ശ്ലോകം പരിശോധിച്ചാൽ നമ്മുടെ ക്ഷേത്രങ്ങളിലെ പള്ളിവേട്ട, ആറാട്ട് എന്നീ ക്ഷേത്ര ചടങ്ങുകളിൽ വാദ്യങ്ങളുടെ സ്ഥാനം വ്യക്തമാണ്.

സ്വരത്തേക്കാളധികം നാദത്തെ പരിചരിക്കുന്നു എന്നാണ് ഇവിടെ നാം മനസ്സിലാക്കേണ്ടത്. കേരളത്തിലെ അമ്പലങ്ങളിലും കാവുകളിലും വാദ്യങ്ങൾക്ക് കൃത്യമായ സ്ഥാനമുണ്ട്.

ഒരു ക്ലാസിക്കൽ പാരമ്പര്യത്തിന്റെ അധിഷ്ഠാനത്തിലാണ് ഈ വാദ്യങ്ങളിലെ വാദനവും. പ്രത്യേകിച്ച് മധ്യകേരളത്തിന്റെ വാദന മേൽക്കോയ്മയിൽ ഉത്തര-ദക്ഷിണ കേരളങ്ങൾക്ക് ക്ഷേത്ര വാദ്യങ്ങളുടെ കരുത്തോ കാന്തിയോ പ്രയോഗ നിഷ്കർഷതയോ അവകാശപ്പെടാനാണ്ടായിരുന്നില്ല. ഇവിടെ വേദാധികാരികളായ ബ്രാഹ്മണരുടെ കീഴിലുള്ള ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളും ഇതര സമുദായങ്ങളിൽ ചെലുത്തിയ സ്വാധീനം പലനിലയ്ക്കും നിർണ്ണായകമായിരുന്നു എന്നുതന്നെ കരുതണം. അതോടൊപ്പം ചാ



ക്യാർ, നമ്പീശൻ സമുദായങ്ങൾ തൊട്ട് സകല അമ്പലവാസികളും അവർക്ക് പിറകെ നായർ സമുദായവും അമ്പലങ്ങളിൽ അനുഷ്ഠിച്ച സ്വഭാവവും അധികാരവർഗ്ഗത്തിന്റെ അഭിരുചിയും വിവേചനവും ഇതിൽ പ്രതിഫലിച്ചു.

ഇതിന്റെ ഫലമായി ദേവവാദ്യമായ മദ്ദളം അമ്പലത്തിൽ നായർ സമുദായവും അസുരവാദ്യമായ ചെണ്ട പൊതുവാൾ/മാരാർ സമുദായവും ഏറ്റെടുത്ത് പ്രവർത്തിച്ചു. തിമിലയും ഇടയ്ക്കയും ഇതേ സമുദായത്തിന് വിധിച്ചവർ കൊമ്പും കുഴലും ഇലത്താളവും നായർ സമുദായത്തിന് വിട്ടുകൊടുത്തു. പ്രയോക്താക്കളെ സംബന്ധിച്ചിടത്തോളം ക്ഷേത്രഭാരവാഹികളായ 'തമ്പുരാക്കന്മാരുടെ' തീരുമാനങ്ങളെ അനുസരിക്കുക മാത്രമായിരുന്നു വിധി. കല്പിച്ചുകിട്ടിയ അവകാശങ്ങളിൽ ഒതുങ്ങി എന്നല്ലാതെ പ്രതിരോധിക്കാൻ അവർ പഠിച്ചിരുന്നില്ല. അനുസരണശീലമായിരുന്നു അവരുടെ ആസ്തി. ആ ശീലങ്ങളിൽ നിന്ന് ഉയർന്നുവന്ന മേളഘോഷം സംഗീത കച്ചേരികളെപ്പോലെ വ്യക്തിയുടെ അല്ലെങ്കിൽ വ്യക്തികളുടെ ഏകാന്തസൗമ്യമായ പ്രകടനമല്ല, മറിച്ച് എൺപതും നൂറുംപേർ വരുന്ന മനുഷ്യമഹാസംഘങ്ങളായി ഇന്ന് മാറിയിരിക്കുന്നു.'പാണ്ടി'യിൽ നിന്ന് വികസിപ്പിച്ചെടുത്ത പഞ്ചവാദ്യവും പ്രദക്ഷിണ മേളങ്ങളിൽ നിന്ന് വിപുലപ്പെടുത്തിയ പാണ്ടി-പഞ്ചാരി മേളങ്ങളും അറയിലുൾച്ചേർന്ന ചില വാദ്യങ്ങൾക്ക് കൂടുതൽ സ്വതന്ത്രമായ വിഹാരങ്ങൾക്ക് പ്രേരണ നൽകിയിട്ടുണ്ടാകാം. സംഘകലയായ മേളത്തിൽ നിന്ന് കുറുകിയെടുത്ത തായമ്പകയും തിമില, മദ്ദളം ഇവയുടെ സാധ്യതകളെ തേടുന്ന പഞ്ചവാദ്യവും എല്ലാം നവീന പ്രയോഗ സാധ്യതകളായി ഇന്ന് മലയാളികളുടെ രാത്രികളിൽ പരിലസിക്കുന്നു. ഈ പ്രയോഗങ്ങളുടെ അനുരണനങ്ങൾ ഇന്ന് കൊമ്പ്പറ്റ്, കുഴൽപറ്റ് എന്നീ സ്വതന്ത്രവാദ്യകലാരൂപങ്ങൾക്ക് തുടക്കം കുറിച്ചു എന്ന് പറയുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു. ഏതുതരം മേളത്തിലും കുഴലിന്റെയും കൊമ്പിന്റെയും പ്രയോഗങ്ങൾക്ക് സാരമായ സ്ഥാനമുണ്ടെങ്കിലും ചെണ്ടയുടെ താഴെ മാത്രമെ ഈ വാദ്യങ്ങളെ പ്രതിഷ്ഠിക്കാൻ സാധിക്കു.

മേളം വിശാലമാകുമ്പോൾ പ്രസ്തുത വാദ്യങ്ങൾ ഒതുങ്ങിയതാകുന്നു എന്നതാണ് പ്രധാന കാരണം. കുഴലിന് അകമ്പടിയായി താളം പകരാൻ ചെണ്ടയും ഇലത്താളവും ഉണ്ടാകാമെങ്കിലും കുഴൽക്കാരനെയാണ് ആസ്വാദകർ കൂടുതലായും തിരിച്ചറിയുക. ഒരുകാലത്ത് തിരുവിതാംകൂറിലും മറ്റും സജീവമായ നാഗസ്വരക്കച്ചേരിക്ക് ബദൽ ആയിട്ടാണ് കുഴൽപ്പറ്റിന്റെ രംഗപ്രവേശം. നാഗസ്വരത്തോളം നീളമില്ലാത്ത കുറുംകുഴലിൽ ശ്രുതിമുഗ്ധമായി രാഗങ്ങളും കീർത്തനങ്ങളും വായിക്കുക എളുപ്പമല്ല. 'കൊമ്പ്പറ്റ്' ഈ അടുത്തകാലം വരെയും ചുരുങ്ങിയ രംഗസ്ഥലിയിൽ പ്രതിഷ്ഠിക്കപ്പെട്ട വാദ്യവിന്യാസമായിരുന്നു. നാമമാത്രമായ താളത്തിന്റെ അകമ്പടിയാണ് 'കൊമ്പ്പറ്റി'നുള്ളത്. വളരെ ഉയർന്ന ശ്രുതിസ്ഥായിയുള്ള കൊമ്പിന്റെ വാദന രീതി ഒരുപോലെ ഏവർക്കും ആസ്വാദ്യകരമല്ല. കൊമ്പിന് തുല്യമായ ശ്രുതി, വാദനത്തിലെ വൈവിധ്യ സാധ്യത, കാലഗണനയിലെ ദൈർഘ്യം എന്നിവയെല്ലാം വ്യത്യസ്ത ആസ്വാദ്യഘടകങ്ങളാണ്.

പഞ്ചവാദ്യത്തിലും കഥകളിയിലും പ്രമുഖസ്ഥാനമലങ്കരിക്കുന്ന മദ്ദളക്കാർക്ക് ചെണ്ട-മദ്ദള കേളിയിലും സജീവമായ സാന്നിധ്യമുണ്ട്. ഇന്ന് ക്ഷേത്രങ്ങളിലും മറ്റും അവതരിപ്പിച്ചു പോരുന്ന 'പഞ്ചമദ്ദളകേളി' എന്ന നൂതന സംവിധാനം ഇതിന്റെ ഒരു ഭാഗമാണ്. 'കേളി'യിലും 'പറ്റി'ലും മദ്ദളക്കാർ സ്വതന്ത്രരാണ്. ചെമ്പട, പഞ്ചാരി, ചമ്പ, അടന്ത, ത്രിപുട എന്നീ താള വൈവിധ്യങ്ങളിൽ അവർക്ക് യഥേഷ്ടം പ്രയോഗം നടത്താം. പഞ്ചാരിക്കൂറിന്റെ സാധ്യതകൾ മദ്ദളത്തിലൂടെ പൂർണ്ണമാകു എന്ന ചൊല്ല് വരെയുണ്ട്. കാലപ്രതീതി അനുസരിച്ചുള്ള നൂതന പ്രവണതകളാണ് ഇവയൊക്കെ. ചെണ്ടയിൽ വിസ്തരിച്ചുള്ള ലയവിന്യാസ പ്രകടനമായ തായമ്പകയിൽതന്നെ 'ട്രിപ്പിൾ തായമ്പക' എന്ന സംവിധാനം കടന്നുവന്നതും ആസ്വാദന ഭാഗമാണ്. ഒരു കൈയിൽ കോലും മറുകൈയിൽ താളവും മാത്രം ഉപയോഗിച്ചുള്ള വാദന സമ്പ്രദായത്തിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ വാദന സാധ്യതകളുടെ പരമാവധിയിലേയ്ക്കാണ് പ്രയോക്താക്കളെയും ശ്രോതാക്കളെയും കൊണ്ടെത്തിക്കുക.

കലയുടെ മിക്കവാറും മേഖലകളിൽ ആഗോളീകരണത്തിന്റെ ഇടപെടൽ ഇന്ന് വളരെയുള്ളതിനാൽ ക്ഷേത്രവാദ്യങ്ങളെ നാനാരൂപങ്ങളിൽ അടയാളപ്പെടുത്താനുള്ള വ്യഗ്രത കൂടുതലായിരിക്കും. സാമ്പ്രദായികളായ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്ന കലകളെ ഏവർക്കും ആസ്വദിക്കാവുന്ന തരത്തിൽ മാറ്റിയെടുക്കുന്നതും ഈ പശ്ചാത്തലത്തിലാണ്. അതിന്റെ ഫലമായിട്ടാകാം വാദ്യങ്ങളുടെ നാദം ഒരു ആഢ്യകലയായി ഇവിടെ പരിചരിക്കപ്പെടുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്യുന്നത്.

**ആധാരഗ്രന്ഥങ്ങൾ:**


1. മാധവ് ജി, കേരളത്തിലെ ക്ഷേത്ര ചൈതന്യരഹസ്യം (ക്ഷേത്രസംരക്ഷണ സമിതി, കോഴിക്കോട്:1999)
2. രാമചന്ദ്രൻ നായർ, അടൂർ. കേരളത്തിലെ ക്ഷേത്രവാദ്യങ്ങൾ. ട്രാവൻകൂർ ദേവസ്വംബോർഡ്, തിരുവനന്തപുരം, 1987.
3. വാര്യർ പി.എസ്., കേരളീയ മേളകല (ചെണ്ടമേളം) ട്രാവൻകൂർ ദേവസ്വംബോർഡ്, തിരുവനന്തപുരം, 1987

# ഇൻക്വിലാബ്



പഴയ മണ്ണെണ്ണ വിളക്കൊരെണ്ണം
പതുടച്ചെട്ടുത്ത തിരികൊളുത്തി,
ജാതിമരങ്ങളുടെയിടയിലെ രാത്രി
പോലെ ഇടതൂർന്ന ഇരുൾ!
പണ്ടേ പോലെ സായിപ്പ് വന്നു ചോദിച്ചു:
"നിനക്ക് ഇൻക്വിലാബ് വിളിക്കണമല്ലേടാ?"
കാരിരുമ്പഴികൾ പോലെ ഞാനും നിന്നു,
മിന്നൽ പോലെ ഗർജ്ജിച്ചു "ഇൻക്വിലാബ് സിന്ദാബാദ്",
പത്തിരുനൂറ്റിയൻപതടി വീണു,
തലങ്ങും വിലങ്ങും ലാത്തി വീശിയവർ,
"നിന്റെയമ്മയാരാണെന്നാദ്യം
തെളിയിക്ക്...
പിന്നെ പറ ഇൻക്വിലാബിന്റെ ചൊരുക്ക്."
മുറിയുടെയിരുളാകെ മണ്ണെണ്ണ ഗന്ധം,
ഉള്ളിലെ തീ കെട്ടില്ല, ശ്വാസം നിലച്ചില്ല,
ഉലക്ക കൊണ്ടുരുട്ടി കൊല്ലും മുൻപ്
ഇരുളിനെ കീറിമുറിച്ചലറി "ഇൻക്വിലാബ് സിന്ദാബാദ്".

ഫെബു ജോർജ്ജ്
മത്തായി കുറിച്ചിയത്ത്
സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി



യാത്ര

# ദക്ഷിണാഫ്രിക്ക സഞ്ചാരക്കുറിപ്പുകൾ

ഡോ. ജോയിസുകുട്ടി ജോസഫ്
കെ.ഇ. കോളേജ്, മാന്നാനം, കോട്ടയം



## 'കറുത്ത ആഫ്രിക്ക'യിലേക്ക്

"സുഹൃത്തേ, നിങ്ങൾ ഒന്നും കണ്ടിട്ടില്ല, ഒന്നും. ഞാനും അങ്ങനെതന്നെ. നമ്മൾ കരുതുന്നതിനേക്കാളുമൊക്കെ എത്രയോ വിശാലമാണീ ലോകം! കരയും കടലും കടന്ന് എത്ര യാത്ര ചെയ്താലും സത്യത്തിൽ നമ്മൾ നമ്മുടെ വീടിന്റെ വാതിൽപ്പുറത്തേക്ക് മൂക്കൊന്നു നീട്ടുന്നാപോലുമില്ല" സോർബ ദ ഗ്രീക്ക്കസാൻദ് സാകീസ്.

കറുത്ത ആഫ്രിക്കയിലേക്കുള്ള എന്റെ യാത്ര ആരംഭിക്കുകയാണ്. മുമ്പ് ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ ഏറ്റവും വടക്കുള്ള ഈജിപ്റ്റിലേക്ക് യാത്ര ചെയ്തിരുന്നു. വടക്കേ ആഫ്രിക്ക രാജ്യങ്ങളെ

പൊതുവെ വെളുത്ത ആഫ്രിക്ക എന്ന് പറയാറുണ്ട്. ഇത്തവണ ആഫ്രിക്ക വൻകരയുടെ ഏറ്റവും തെക്കുള്ള രാജ്യം ദക്ഷിണാഫ്രിക്കയിലേക്കാണ്. ഭൂമിയുടെ ദക്ഷിണാർദ്ധഗോളത്തിലേക്ക് സഞ്ചരിച്ചിട്ടുണ്ടെങ്കിലും ഇത്രയും ദക്ഷിണ ദിക്കിലേക്ക് ആദ്യമായാണ്. ദക്ഷിണാഫ്രിക്കയിലെ പ്രധാന നഗരമായ കേപ്പ് നഗരം 35 ഡിഗ്രി അക്ഷാംശത്തിലാണുള്ളത്.

ദക്ഷിണാഫ്രിക്കയെക്കുറിച്ച് ഓർക്കുമ്പോൾ 'ഇരുണ്ട ഭൂഖണ്ഡ' മെന്ന സായിപ്പിന്റെ പരിഹാസേപ്പരാണ് ആദ്യം മനസ്സിലെത്തുന്നത്. ചെറിയ ക്ലാസുകളിൽ പഠിക്കുമ്പോൾ തന്നെ ഗാന്ധിജിയുടെ സത്യാഗ്രഹപരീക്ഷണസ്ഥലമായും ഇന്ത്യാക്കാരുടെ കുടിയേറ്റ സ്ഥലമായും അറിഞ്ഞിരുന്നു.

പിന്നീട് കേപ്പ് ഓഫ് ഗുഡ്ഹോപ്പിലെ ഭ്രാന്തൻ



കാറ്റുകൾ മനസിൽ കേറിക്കൂടി. യൗവനകാലത്ത് ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം മനസ്സിൽ അഗ്നികോരിയിട്ടിരുന്നു. വായനയുടെ ആദ്യകാലത്ത് പൊറ്റക്കാടിലൂടെയും പിന്നീട് സക്കറിയയിലൂടെയും ഹെമിംഗ്‌വേയുടെ കഥകളിലൂടെയും പരിചിതമായിത്തീർന്ന ആഫ്രിക്ക. മണ്ടേലയുടെ ദീർഘകാല ജയിൽവാസവും മനസിനെ വേദനിപ്പിച്ചിട്ടുണ്ട്. ആ ആഫ്രിക്കയിലേക്കാണ് സഞ്ചരിക്കുന്നത്. ഖത്തർ എയർവേയ്സിന്റെ വിമാനത്തിൽ ആദ്യം ദോഹയിലേക്ക്. അവിടെനിന്ന് 9 മണിക്കൂർ ജോഹാനസ് ബർഗിലേക്ക്.

## മഴവിൽ രാജ്യം

"ഇന്ന് ലോകനായകത്വം വഹിക്കുന്ന യൂറോപ്യൻ സാമ്പത്തിക യന്ത്രത്തിന്റെ തറക്കല്ലിന്മേൽ, ഒരു കുരുതിയുടെയെന്നപോലെ, ആഫ്രിക്കൻ മണ്ണിനേയും മനുഷ്യനേയും ഖനനം ചെയ്തെടുത്ത രക്തം ഖനീഭവിച്ച് കിടപ്പുണ്ട്." സക്കറിയയുടെ 'ഒരു ആഫ്രിക്കൻ യാത്ര' വായിക്കുമ്പോഴെല്ലാം വായന ഈ വാചകത്തിൽ അല്പനേരം തറച്ചുനിൽക്കാറുണ്ട്. മുമ്പ് യൂറോപ്പിലൂടെയും അമേരിക്കയിലൂടെയും സഞ്ചരിച്ചപ്പോഴെല്ലാം ഈ വാചകങ്ങൾ മനസ്സിൽ തികട്ടി വന്നിട്ടുണ്ട്.

യൂറോപ്പും അമേരിക്കയുമൊക്കെ മറ്റു നാടുകളായിരുന്നെങ്കിൽ സ്വന്തം നാട്ടിൽ തന്നെ അടിമകളാകേണ്ടിവന്ന ചരിത്രമാണ് ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കുള്ളത്. (കറുത്തവർ എന്ന വാക്കാണ് കാപ്പിരി, നീഗ്രോ എന്നിങ്ങനെയുള്ള പദങ്ങളെക്കാൾ കൂടുതൽ നല്ലത് എന്നറിയുന്നു) വെള്ളക്കാരും ഇന്ത്യക്കാരുമൊക്കെ ദക്ഷിണാഫ്രിക്കയിൽ ഇപ്പൊഴും വളരെയുണ്ട്. ഞങ്ങളുടെ വിമാനത്തിലെ യാത്രക്കാർപോലും ഒരു മഴവിൽപ്രതീതി ജനിപ്പിക്കുന്നുണ്ട്. കറുത്തവർ, വെള്ളക്കാർ, ഇന്ത്യക്കാർ, മിശ്രനിറക്കാർ, മഞ്ഞക്കാർ....ബിഷ് ടെസ്മണ്ടുട്ടുവിന്റെ 'റെയിൻബോ നേഷൻ' എന്ന വിശേഷണം ദക്ഷിണാഫ്രിക്ക ഇപ്പോൾ ഔദ്യോഗികമായി സ്വീകരിച്ചിരിക്കുകയാണ്.

ചോദിച്ചുവാങ്ങിയ വിൻഡോസീറ്റിലിരുന്ന് പുറത്തെ കാഴ്ചകൾകണ്ടും ദിവാസ്വപ്നങ്ങൾ കണ്ടും സമയം പോക്കി. നദിയൊഴുകുന്ന (ഒഴുകിയിരുന്ന) വഴികൾ, വട്ടത്തിലുള്ള കൃഷിയിടങ്ങൾ (?) ജലച്ഛായാചിത്രങ്ങൾ പോലെ തടാകങ്ങൾ.... വിക്ടോറിയ വെള്ളച്ചാട്ടമെന്ന് തോന്നിപ്പിക്കുന്ന ഒരു കാഴ്ച. ഒൻപതു മണിക്കൂർ യാത്ര ഒട്ടും വിരസമായില്ല.

മൂന്നരയോടെ ജോഹാനസ് ബർഗിലെത്തി. (ഇന്ത്യൻ സമയത്തേക്കാൾ മൂന്നരമണിക്കൂർ പിന്നിലാണ് ഇവിടെ സമയം) വികസിത രാജ്യങ്ങളിൽ ഏത് നഗരത്തോടും കിടപിടിക്കുന്ന നഗരമായാണ് ജോഹാനസ് ബർഗ്നെ ആദ്യകാഴ്ചയിൽ തോന്നിയത്. പിടിച്ചുപറിക്കാർ ധാരാളമുള്ള നഗരമായിക്കൂടി അറിയപ്പെടുന്നതിനാൽ രാത്രിയിലെ പതിവുള്ള അലഞ്ഞുതിരിയൽ ഒഴിവാക്കി.

ഞങ്ങൾ താമസിക്കുന്ന എമ്പറേഴ്സ് പാലസ് എന്ന കാസിനോയിലൂടെ അലയാൻ തീരുമാനിച്ചു. മറ്റ് പ്രദേശങ്ങളിലെ കാസിനോകളിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നത് ഇതിന്റെ കൃത്രിമമായ ആകാശവും ബഹളമില്ലായ്മയുമാണ്.

## സത്യാഗ്രഹവീട്

1893ൽ സേഠ് അബ്ദുള്ള എന്ന ഇന്ത്യൻ വ്യാപാരിയുടെ (പാസഞ്ചർ എന്നാണ് ഇവർ അറിയപ്പെടുന്നത്) വക്കീലായി ദർബനിൽ കലിറങ്ങിയ എം. കെ. ഗാന്ധിയെന്ന പരിഷ്കാരി മഹാത്മാഗാന്ധിയായതെങ്ങനെ എന്നു ഞാൻ



അള്ളതെപ്പെട്ടിട്ടുണ്ട്. സക്കറിയ എഴുതുന്നത് "ദക്ഷിണാഫ്രിക്ക, അതിന്റെ അഭൗമിക പ്രകൃതിയും നിഷ്ഠുരവേദനകളും കൂട്ടിക്കുഴച്ചെടുത്ത ഒരു മൂശയിൽനിന്ന് സത്യത്തിന്റെ അനുഗാമിയായ ഒരു മഹാമനുഷ്യനെ വാർത്തെടുത്തു എന്നാണ്. ലോകം മുഴുവൻ ആധിപത്യമുറപ്പിച്ച സാമ്രാജ്യത്വശക്തിയെ ശക്തികൊണ്ടല്ല മറിച്ച്, നിഷ്ക്രിയത്വം കൊണ്ടാണ് നേരിടേണ്ടതെന്ന് ആ ചെറുക്കാരൻ ദക്ഷിണാഫ്രിക്കൻ സാഹചര്യങ്ങളിൽനിന്ന് കണ്ടെത്തി. ആ നിഷ്ക്രിയത്വത്തിന് പറ്റിയ പേര് അന്വേഷിച്ച ഗാന്ധിക്ക് മഗൻലാൽ ഗാന്ധിയാണ് സത്യാഗ്രഹം എന്ന പേര് നിർദ്ദേശിക്കുന്നത്.

ഇന്ത്യയെപ്പോലെ ദക്ഷിണാഫ്രിക്കയും ഗാന്ധിയെക്കുറിച്ചുള്ള ഓർമ്മകൾ തുടച്ചുനീക്കിക്കൊണ്ടിരിക്കുകയാണ്. ടോൾസ്റ്റോയി ഫാമും ഫീനിക്സ് കേന്ദ്രവും ഏകദേശം ഇല്ലാതായി. ജോഹന്നാസ്ബർഗിൽ ഗാന്ധിജി രണ്ടുവർഷം താമസിച്ച വീട് ഒരു ഫ്രഞ്ച് കമ്പനി ഏറ്റെടുത്ത് സത്യാഗ്രഹഹൗസ് എന്ന് പേരിട്ട് ഒരു മ്യൂസിയവും ഗസ്റ്റ് ഹൗസും നടത്തുന്നതിനാൽ പേരിനെങ്കിലും നിലനിൽക്കുന്നു. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി താമസിച്ച വീട് കണ്ടു എന്ന സംതൃപ്തിക്കപ്പുറം അത് മറ്റൊന്നും നൽകുന്നില്ല.

## ആഫ്രിക്കൻ കാട്ടിൽ

മനുഷ്യർ വേലിക്കുള്ളിലും മൃഗങ്ങൾ വേലിക്കപ്പുറത്തും എന്ന രീതിയാണ് ആഫ്രിക്ക യിൽ പൊതുവേ എന്ന് കേട്ടിരുന്നത് ശരിയെന്ന് പിലാനെസ്ബർഗിലെ രണ്ടു ദിവസത്തെ താമസം തെളിയിച്ചു. ഹെമിംഗ് വേയുടെ കൃതികളിലൂടെയും ആനിമൽ പ്ലാനറ്റ്, നാഷണൽ ജ്യോഗ്രഫി, തുടങ്ങിയ ചാനലുകളിലൂടെയും പരിചിതമായ ആഫ്രിക്കയിലെ മൃഗവൈവിദ്ധ്യം നേരിട്ട് കാണുകയായി തന്നു. (സഫാരി എന്ന വാക്കുതന്നെ ഇംഗ്ലീഷിൽ ആദ്യം അവതരിപ്പിച്ചത് ഹെമിംഗ് വേയാണെന്ന് പറയുന്നു) ഞങ്ങൾക്ക് താമസിക്കാനുള്ള Baku Bung Bush Lodge (Baku Bung എന്ന ആഫ്രിക്കൻ വാക്കിന്റെ അർത്ഥം People of Hippo എന്നാണ്) ലേക്കുള്ള വഴിക്കുതന്നെ കാട്ടുപോത്തുകളും മാനുകളും വൈൽഡ് ബീസ്റ്റ് കൂട്ടങ്ങളും മേയുന്നു. കാടിനുനടുവിലെ ഫോർസ്റ്റാർ സൗകര്യങ്ങളുള്ള ലോഡ്ജ് മുറിക്കപ്പുറത്ത് (അത് പുല്ലുകൊണ്ട് മേഞ്ഞ എല്ലാ ആധുനിക സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള ഒരു കുടിലാണ്) നമ്മുടെ ആനകളേക്കാൾ തലയെടുപ്പുള്ള ആഫ്രിക്കൻ ആനകൾ വിരുന്നെത്തിയിരിക്കുന്നു.

ആഫ്രിക്കയിലെ ഏറ്റവും ചെറുതെങ്കിലും നമ്മുടെ ഏറ്റവും വലിയ പെരിയാർ ടൈഗർ റിസർവ്വിനടുത്ത് വലിപ്പമുള്ള പിലാനെസ്ബർഗ് അതിന്റെ മൃഗവൈവിധ്യം കൊണ്ട് നമ്മെ അത്ഭുതപ്പെടുത്തും. അതുകൊണ്ടുതന്നെ സായിപ്പ് അതിനെ ഒരുവേട്ടയാടൽ കേന്ദ്രമായാണ് ഉപയോഗിച്ചിരുന്നത്. രണ്ടു ദിവസത്തെ സഫാരിക്കിടയിൽ അവിടുത്തെ ഏറ്റവും സുപരിചിത മൃഗമായ സിംഹമൊഴികെ ബാക്കി മിക്കവാറും മൃഗങ്ങളെ കാണാൻ പറ്റി. കാണ്ടാമൃഗം, ഹിപ്പോ, സീബ്ര, ജിറാഫ്, വൈൽഡ് ബീസ്റ്റ്, ഹൈന... ഞങ്ങളുടെ സഫാരി ട്രക്കിന്റെ 100 മീറ്റർ മുമ്പിൽ റോഡ് മുറിച്ചുകടന്ന ആനക്കൂട്ടത്തിൽ അമ്പതിലേറെ ആനകളുണ്ടായിരുന്നു.

ആഫ്രിക്കയെക്കുറിച്ചുള്ള പല ധാരണകളും തെറ്റിക്കാൻ പിലാനസ്ബർഗിലെ രണ്ട് ദിവസങ്ങൾ കാരണമായി. കാടിനെക്കുറിച്ച് കരുതലുള്ള ഒരു പുതിയ ആഫ്രിക്കൻ തലമുറ വളർന്നു വരുന്നു.

(ഞങ്ങളുടെ സഫാരി ട്രക്ക് ഓടിച്ച സുളു ഗോത്രക്കാരി ലിസിയെന്ന പെൺകുട്ടി ഒരു ചെറിയ ഓന്തിനു വേണ്ടിപ്പോലും വണ്ടി നിറുത്തി

കൊട്ടക്കുകയും ചെറിയ കടലാസു കഷണം കാട്ടിലിട്ടാലോ ശബ്ദമു ണ്ടാക്കിയാലോ വഴക്കുപറയുകയും ചെയ്യും. ഈ രണ്ടു പ്രവൃത്തികളും ഞങ്ങളിൽ പലരുടെയും മലയാളി ആൺബോധത്തെ മുറിവേൽപ്പിച്ചു എന്ന് പറയാതിരിക്കാനാവില്ല) ആഫ്രിക്കയിലെ മനുഷ്യരും മൃഗങ്ങ ളും ഒരുപോലെ മര്യാദക്കാരാണ്. (നമ്മുടെ നാട്ടിലേതുപോലെ ആന പ്രേമികൾ ഇല്ലാത്തതിനാലാവാം ആന ആഫ്രിക്കയിൽ ശല്യക്കാര നേയല്ല) ഇക്കോട്ടൂറിസം ഇത്രയും ഭംഗിയായും പ്രൊഫഷണലായും ചെയ്യുന്ന മറ്റൊരു പ്രദേശവും ഞാൻ കണ്ടിട്ടില്ല.

## കാങ്കോ കേവ്സ് പ്രകൃതി ഒരു ക്കിയ ബിനാലെ

മനുഷ്യനിർമ്മിതമല്ലാത്ത മഹാത്ഭു തങ്ങളിലൊന്നാണ് ദക്ഷിണാഫ്രി ക്കയുടെ വെസ്റ്റേൺകേപ്പ് പ്രോ വിൻസിലെ ഔട്ട്ഷൂർൺ എന്ന ചെറിയ ടൗണിന് സമീപമുള്ള കാങ്കോ കേവ്സ്. സ്വാർട്ബെർഗ് മലനിരകളിലുള്ള ഈ ഗുഹകൾക്ക് 80 ലക്ഷം വർഷം പഴക്കം കണ ക്കാക്കിയിരിക്കുന്നു. നാലുകിലോമീ റ്ററിലേറെ നീളവും ഇരുപത്തിയാറ് അറകളും ഈ ഗുഹകൾക്കുണ്ട്. ലക്ഷക്കണക്കിന് വർഷങ്ങളാ യി പെയ്ത മഴ ചുണ്ണാമ്പുകല്ലിനെ അല്പാല്പമായി അലിയിക്കുന്നു. ചുണ്ണാമ്പു മലയുള്ളിലുണ്ടാവുന്ന ജല പ്രവാഹങ്ങൾ അലിഞ്ഞ കല്ലിനെ പുറന്തള്ളി ഗുഹകളുണ്ടാവുന്നു. ഈ പ്രക്രിയ ഇപ്പോഴും നടന്നുകൊണ്ടി രിക്കുന്നു. 1780ൽ Jacobus Van Zyl എന്ന സമീപവാസിയായ ബൂവർ കർഷകനാണ് മലഞ്ചെരിവിലെ ഈ ഗുഹകണ്ടെത്തുന്നത്. ആയ തിനാൽ മൂവായിരം അടിയിലേറെ വിസ്താരമുള്ള ഒന്നാം അറ അദ്ദേഹ ത്തിന്റെ പേരിലാണ് അറിയപ്പെ ടുന്നത്.

കാങ്കോ ഗുഹകളെ വിശദീകരി ക്കാൻ ഒരു ഭാഷയും പറ്റുമെന്ന് തോന്നുന്നില്ല. അനന്തമജ്ഞാതമ വർണ്ണനീയം എന്നേ പറയാനാവൂ. ലോകത്തിലെ മറ്റ് ചുണ്ണാമ്പുകൾ ഗുഹകളുമായി ഇതിനെ താരത മ്യപ്പെടുത്താൻ പോലുമാവില്ല. പ്രകൃതി ഒരുക്കിയ ഒരു ബിനാലെ കാണുന്ന പ്രതീതിയാണ് കാങ്കോ കേവ്സ് എന്നിലുണ്ടാക്കിയത്. എണ്ണമറ്റ ഇൻസ്റ്റലേഷനുകൾ നിര ത്തി വെച്ചിരിക്കുന്നു.

ഞങ്ങളുടെ ഗൈഡായി വന്ന കറുത്ത ചെറുപ്പക്കാരി എത്ര അനായാസമായാണ് ഹണിമൂൺ ശില്പമെന്നും റെയിൻബോ ചേമ്പർ എന്നുമൊക്കെ ഓരോ പേരിട്ട് ആഫ്രിക്കയുടെ ചരിത്രത്തിലേക്കും ഗോത്രജീവിതത്തിലേക്കും കൈ പിടിച്ച് നടത്തുന്നത് എന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു (വഴിക്കു പറ യട്ടെ, ആഫ്രിക്കയിൽ കണ്ടതുപോ ലെ ഇത്രയും നല്ല ഗൈഡുകളെ എന്റെ യാത്രകളിൽ ഒരിടത്തും കണ്ടിട്ടില്ല. ഇവരുടെ ആത്മാർ ത്ഥത സമ്മതിച്ചേ തീരൂ)

കാങ്കോ കേവ്സിന്റെ ചിത്രങ്ങൾ കണ്ടാൽ ഒരാൾക്ക് ഒന്നും തിരി യാൻ സാധ്യതയില്ല. കണ്ട എനി ക്കും ഒന്നും തിരിഞ്ഞിട്ടില്ല.

## സ്വാതന്ത്ര്യത്തിലേക്കുള്ള നീണ്ട നടത്തം

"എല്ലാ കോട്ട കൊത്തളങ്ങളും പു രാവസ്തുക്കളാകും

എല്ലാ പീരങ്കികളും നിശ്ദമായി തുരുമ്പിക്കും."

കണ്ണൂർക്കോട്ട കടമ്മനിട്ട

മൂന്നു മീറ്റർ നീളവും രണ്ടുമീറ്റർ വീതിയുമുള്ള ഒരു അറയിൽ 18





വർഷം പാർക്കുക എന്നത് നിങ്ങൾക്ക് സങ്കല്പിക്കാനാവുമോ? അതിൽ 9 വർഷം സന്ദർശകരും കത്തുകളുമില്ലാത്ത ഏകാന്തവാസം. പകലിലെ കടുത്ത വെയിലിൽ ചുണ്ണാമ്പു കല്ലുകൾ വെട്ടിയെടുക്കണം. കൊടിയ തണുപ്പിൽ അടിവസ്ത്രങ്ങളും പുതപ്പുമില്ലാതെ കനം കുറഞ്ഞ പുല്ലുപായയിൽ ഉറക്കം. ദക്ഷിണാഫ്രിക്കയുടെ രാഷ്ട്രപിതാവായ നെൽസൺ മണ്ടേലയുടെ നീണ്ട 27വർഷങ്ങളിലെ ജയിൽവാസത്തിന്റെ 18 വർഷങ്ങൾ, ദക്ഷിണ അറ്റ്ലാന്റിക്കിലെ റോബൻ ദ്വീപിൽ ഇങ്ങനെയായിരുന്നു. വർണവിവേചനത്തിനെതിരെ സമരം ചെയ്തു എന്നതായിരുന്നു കുറ്റം. രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിക്കുമെന്നുറപ്പുകൊടുത്താൽ എപ്പോൾ വേണമെങ്കിലും പുറത്തു പോരാമായിരുന്നിട്ടും ജയിൽ തിരഞ്ഞെടുത്ത ആ മഹാമനുഷ്യനെക്കുറിച്ച് അക്കാലത്തുതന്നെ 7 വർഷം റോബൻ ദ്വീപിലെ ജയിലിൽ കഴിഞ്ഞ പാർക്ക്സ് എന്ന മനുഷ്യൻ വിവരിക്കുന്നത് കേൾക്കുമ്പോൾ ഞങ്ങളുടെ ഗ്രൂപ്പിലുള്ള, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന വിവിധ നിറക്കാരായ സഞ്ചാരികളിൽ മിക്കവരും വിതുമ്പുകയായിരുന്നു. ആൻഡമാനിലെ സെല്ലുലാർ ജയിലുകളിലേയും വാഗൺട്രാജഡിയുടെയും മറ്റും കഥകളറിയാവുന്ന നമുക്ക് വെള്ളക്കാരന്റെ ക്രൂരതകളും സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന സഹനവും മനസ്സിലാവും.

കേപ്പ് നഗരത്തിലെ ടേബിൾ ബേയിൽ നിന്ന് 7 കിലോമീറ്റർ മാറിയാണ് 5 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള റോബൻ ദ്വീപ്. 17ാം നൂറ്റാണ്ടുമുതൽ ഡച്ചുകാർ ജയിലാക്കി ഉപയോഗിച്ചിരുന്ന ഈ ദ്വീപ് ബ്രിട്ടീഷുകാർ പിന്നീട് കുഷ്ഠരോഗികളുടെ കോളനിയാക്കി. പിന്നീട് 1861 മുതൽ വീണ്ടും ജയിലാക്കി. യുനെസ്കോ ലോകപൈതൃകസ്ഥലമായി അംഗീകരിച്ചിരിക്കുന്ന ഇവിടേക്ക് ടൂറിസം വകുപ്പ് കണ്ടക്റ്റഡ് ട്രിപ്പുകൾ നടത്തുന്നു. ചെറിയ കപ്പലിൽ ദ്വീപിലേക്കും അവിടെനിന്ന് ചെറിയ ബസുകളിലുമാണ് യാത്ര.

സ്വാതന്ത്ര്യത്തിലേക്ക് കുറുക്കുവഴികളൊന്നും ദക്ഷിണാഫ്രിക്കയ്ക്ക് ഇല്ലായിരുന്നു. ആദ്യം ഡച്ച് ഭരണത്തിനെതിരെ സമരം. പിന്നീട് ബ്രിട്ടന്റെ ആധിപത്യത്തിനെതിരെ. ഒടുവിൽ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ആഫ്രിക്കയിൽ അധികാരത്തിൽ കടിച്ചുതൂങ്ങിയ വെള്ളക്കാരന്റെ വർണവിവേചനത്തിനെതിരെ. സ്വാതന്ത്ര്യത്തിലേക്കുള്ള ദക്ഷിണാഫ്രിക്കയുടെ നീണ്ട നടത്തത്തിന്റെ (മണ്ടേലയുടെ ആത്മകഥ Long Walk to Freedom) അനുഭവകഥകളാണ് റോബൻ ദ്വീപ് പറയുന്നത്.

### 'മേശമല'യിലേക്ക്

പ്രകൃതി ഒരു കാനായികുഞ്ഞുരാമനായി കട്ടിയുള്ള സാൻഡ് സ്റ്റോ

ണിൽ ദക്ഷിണാഫ്രിക്കൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക പടിഞ്ഞാറേ മുനമ്പിൽ തീർത്ത ഭീമാകാര മേശശില്പമാണ് ടേബിൾ മൗണ്ടൻ. ഈ മേശക്കാലുകളുടെ ചുവട്ടിൽ അതിന് ചുറ്റുമായാണ് കേപ്പ് നഗരം. വെളുത്ത് കട്ടിയുള്ള പർവ്വതമേഘങ്ങളാകുന്ന (Orographic clouds) വിരിപ്പുകൊണ്ട് ശില്പി പലപ്പോഴും മേശവിരിക്കും. അപ്പോൾ അവിടെ അങ്ങനെയൊരു മേശ ഉള്ളതായിപ്പോലും തോന്നില്ല. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അവിരാമം വീശുന്ന കാറ്റിൽ ഈ മേശ വിരിപ്പ് വിരിക്കുകയും ചുരുട്ടുകയും ചെയ്യുന്ന കളി നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. കേപ്പ് നഗരത്തിന്റെ പ്രാന്തങ്ങളിലുള്ള ആഫ്രിക്കന്റെ പ്രാചീനപ്പാട്ടുകളിൽ ചെകുത്താനും കേപ്പ് കടലിടുക്കിലെ ഒരു കായംകുളം കൊച്ചുണ്ണിയും (വീരനും സാഹസികനുമായ കടൽ കൊള്ളക്കാരൻ Van Hunk) തമ്മിൽ നടത്തുന്ന പുകവലി മത്സരമാണ് പ്രസ്തുത കലാപരിപാടി.

ടേബിൾ മലയുടെ മേശ പോലെ തോന്നിക്കുന്ന പ്രധാനഭാഗത്തിന് 3500 അടി ഉയരവും മേശ പ്രതലത്തിന് 3 കിലോ മീറ്റർ നീളവുമുണ്ട്. മേശ പ്രതലം ശരിക്കുമൊരു പീഠഭൂമിയാണ്. ടേബിൾ മൗണ്ടന്റെ മൂന്ന് വശവും കടലിന് അഭിമുഖമായാണ്. ഈ മേശയും അതിന്റെ തുടർച്ചയായ മറ്റ് മുടികളും ചേർത്ത് ടേബിൾ മൗണ്ടൻ മലനിരകൾ എന്ന് പറയുന്നു. അതിന്റെ മൊത്തം നീളം ഏകദേശം 50 കിലോമീറ്ററാണ്. മുഖ്യമേശയിൽ നിന്ന് അല്പം വിട്ട് കടലിലേക്കിറങ്ങി നിൽക്കുന്ന മുനയാണ് സിംഹത്തല. മേശപ്പുറത്ത് തന്നെയുള്ള മുടികളാണ് പന്ത്രണ്ട് അപ്പസ്തോലന്മാരും പിശാചിന്റെ മുനമ്പുമൊക്കെ.

360 ഡിഗ്രിയിൽ കറങ്ങുന്ന, കുത്തനെ കയറുന്ന കേബിൾ കാറിലോ, പാറയുടെ വശങ്ങളിൽ പിടിച്ചു കയറിയോ (ഇത് സാഹസികത വേണ്ട പരിപാടിയാണ്.) മേശപ്പുറത്തെത്താം പ്രകൃതി ഒരുക്കിവെച്ചിരിക്കുന്ന ലോകത്തെ ഏഴ് മഹാത്ഭുതങ്ങളിലൊന്നാണിത്. മേശവിരിച്ചിട്ടില്ലെങ്കിൽ മേശപ്രതലപീഠഭൂമിയിലൂടെ അലഞ്ഞ് നടക്കാം. ഫിൻബോസ് സസ്യസാമ്രാജ്യമാണ് മുകളിൽ.

ഫിൻബോസ് കിങ്ഡത്തിൽ കാണപ്പെടുന്ന ചെടികളും ചെറിയമൃഗങ്ങളും ഇവിടെ ഉണ്ട്. ഫിൻബോസ് ചെടികളും പൂക്കളും വിവിധ നിറങ്ങളിലുള്ള സാൻഡ് സ്റ്റോണും ചേർന്ന അഭൗമപ്രകൃതി. വശങ്ങളിൽ നിന്ന് താഴേക്ക് നോക്കിയാൽ അലയടിക്കുന്ന കടൽ. കടലിനും മേശമലയ്ക്കും ഇടയിൽ ഇപ്പോഴും സൗന്ദര്യം കൈമോശം വരാതെ കേപ്പ് നഗരം.

എന്നും മനസ്സിൽ സൂക്ഷിച്ച് വയ്ക്കാൻ ആഫ്രിക്ക തന്ന ചില്ലിട്ട ഒരു സുന്ദരപടമാണ് ടേബിൾ മൗണ്ടൻ!...

## വെന്തമണ്ണിൻ വീറുമായ് പിടഞ്ഞെണീറ്റ നൈസ്ന

കമരകവും കുട്ടനാട്ടുമൊക്കെയാണ് ലോകത്തിലെ ഏറ്റവും മനോഹരപ്രദേശങ്ങൾ എന്ന് വിചാരിച്ചിരുന്ന നമ്മുടെ അഹങ്കാരത്തിനേറ്റ അടിയാണ് സൗത്താഫ്രിക്കയിലെ നൈസ്ന കായൽ പ്രദേശങ്ങൾ. (Knysna Lagoon) മോഡൽ ബേയിൽ നിന്ന് നൈസ്നയിലേക്കെത്തുന്ന, ലോകത്തിലെ ഏറ്റവും മനോഹരവഴിയെന്ന് പ്രഖ്യാതമായ കടൽത്തീര ഉദ്യാനപാത (Garden Route ഇതിന്റെ ആകെ നീളം 300 കിലോമീറ്ററാണ്) യിലൂടെ സഞ്ചരിച്ചു തുടങ്ങുമ്പോഴേ നമ്മുടെ അഹങ്കാരം അലിഞ്ഞു തുടങ്ങും. ഈ നൂറ്റമ്പതുകിലോമീറ്റർ അവസാനിക്കരുതേ എന്ന് മനസ്സിൽ ആഗ്രഹിക്കും. നൂറുകണക്കിന് പായ് വഞ്ചികളും ക്രൂയിസുകളും നങ്കൂരമിട്ടിരിക്കുന്ന നൈസ്നയിലെത്തുമ്പോൾ അഹങ്കാരമെല്ലാം കൊഴിഞ്ഞ് ഒരു പക്ഷിത്തൂവല്പോലെ കനമില്ലാത്തവരാവും നമ്മൾ. കൊതുകില്ല, ദുർഗന്ധമില്ല, അഴുക്കില്ല, ബഹളമില്ല, വിവിധ നിറക്കാരായ സുന്ദരികളും സുന്ദരന്മാരും, പിന്നെകുളിർക്കാറ്റും. ജലം സ്ഫടിക നിർമലം. കായലിന്റെ അടിത്തട്ടുവരെ കാണാം. ഒരു അക്വേറിയത്തിലെന്ന പോലെ കായലിൽ നീന്തിത്തുടിക്കുന്ന വലുതും ചെറുതുമായ പേരറിയാത്ത മീനുകൾ, ഞണ്ടുകൾ. അടിത്തട്ടിൽ നിറയെ ഞവണിക്കകൾ.

ദക്ഷിണാഫ്രിക്കയിലെ മീനച്ചിലാറായ നൈസ്ന ഇന്ത്യൻ മഹാസമുദ്രത്തിലേക്ക് പ്രവേശിക്കുന്നത് വല്ലാതെ കഷ്ടപ്പെട്ടാണ്. പടിഞ്ഞാറും കിഴക്കും ദുഷ്ടന്മാരായ രണ്ട് ചുണ്ണാമ്പുകൽമലകൾ ഞെരുക്കി കഷ്ടപ്പെടുത്തിയാണ് പാവത്തിനെ കാമുകന്റെ അടുത്തേക്ക് അയയ്ക്കുന്നത്. അവളുടെ കഷ്ടപ്പാടിന്റെ കണ്ണീർ ഒരു കായലായി രൂപംകൊണ്ടിരിക്കുന്നു. നദി ഒഴുകിക്കൊണ്ടു വന്ന പുൽത്തുരുത്തുകളും ചതുപ്പുകളും ഇവിടുണ്ട്. വിവിധയിനം മീനുകൾ, കക്കകൾ, പക്ഷികൾ, ഇവയുടെയെല്ലാം ആവാസകേന്ദ്രമാണിവിടം. കായലിൽ ഞവണിക്ക പിടിക്കാൻ തദ്ദേശവാസികളായഖോയ് ഖോയ് വിഭാഗക്കാർക്കാണ് അവകാശം. സഞ്ചാരികൾക്ക് ചൂണ്ടയിടാം. ചൂണ്ടയിടീൽകാരുടെ ലോകതലസ്ഥാനമാണിവിടം. ചെറിയ പായ് വഞ്ചികൾ വാടകയ്ക്കെടുത്ത് ദിവസങ്ങളോളം ചൂണ്ടയിടുന്നവരുണ്ടിവിടെ. സഞ്ചാരികളുടെ പറുദീസയായി അറിയപ്പെടുന്ന വെനീസ് പോലും നൈസനയുടെ ഏഴയൽക്കാത്ത് വരില്ല.

വർഷം മുഴുവൻ സുഖകരമായ കാലാവസ്ഥയാണിവിടെ. മിതമായ മഴ, കാറ്റ്, തണുപ്പ്, വെയിൽ, സാന്ദ്രത. പ്രകൃതിയുടെ ഈ സൗമ്യതയാണ് നൈസ്നയുടെ പ്രത്യേകത. ചെറിയ ക്രൂസുകളിലോ പായ് വഞ്ചികളിലോ നദി കടലിൽ ചേരുന്നിടത്തെ ചുണ്ണാമ്പുകൽത്തിട്ടുകൾ (Knysna Heads) വരെ സഞ്ചരിക്കാം. നൈസ്നയുടെ കിഴക്കൻ തലമുഴുവൻ കൊളോണിയൽ ശൈലിയിലുള്ള വീടുകളാണ്. പടിഞ്ഞാറൻ തലയാവട്ടെ ഒരു സ്വകാര്യവനവും. 2017ൽ ജൂണിൽ ഇവിടുണ്ടായ കാട്ടുതീ നൈസ്നയെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു. 9 പേരാണ് അന്ന് മരിച്ചത്. 'വെന്തമണ്ണിൽ വീറുമായി പിടഞ്ഞെണീറ്റ്' പുതിയ നൈസ്ന 'ഉയരെ'യിലെ പല്ലവി രവീന്ദ്രനെപ്പോലെ അതിജീവനത്തിന്റെ പുതിയ മുഖവുമായി ജീവിക്കുന്നു.

## പെൻഗ്വിനുകൾ പാർക്കുന്നിടം

അന്റാർട്ടിക് പെൻഗ്വിനുകളെ അപേക്ഷിച്ച് വലിപ്പം കുറവുള്ള ആഫ്രിക്കൻ പെൻഗ്വിനുകൾ വംശനാശം സംഭവിക്കുന്ന ജീവികളുടെ ചുവപ്പട്ടികയിലുള്ള പക്ഷിയാണ്. അരമീറ്ററിലേറെ ഉയരവും മൂന്ന് മൂന്നാ കിലോഗ്രാം തൂക്കവും ഇവയ്ക്കുണ്ട്. ആഫ്രിക്കൻ പെൻഗ്വിനുകൾ ലോകത്ത് അവശേഷിക്കുന്ന അപൂർവ്വം സ്ഥലങ്ങളിൽ മികച്ചും ദക്ഷിണാഫ്രിക്കയുടെ തെക്കു പടിഞ്ഞാറൻ കടൽത്തീരങ്ങളിലാണ്. ഇവയെ വലിയ ബുദ്ധിമുട്ടില്ലാതെ കാണാൻ പറ്റിയ ഇടമാണ് ടേബിൾ മൗണ്ടൻ നാഷണൽ പാർക്കിലുള്ള ബൗൾഡേഴ്സ് ബീച്ച്. മൂവായിരത്തിലേറെ പെൻഗ്വിനുകളും ആയിരക്കണക്കിന് മറ്റ് കടൽപക്ഷികളും ഇവിടെ ഒരുമിച്ച് പാർക്കുന്നു.


## കൊടുങ്കാറ്റുകളുടെ മുനമ്പ്

ചരിത്രത്തിലൂടെ കപ്പലോടിച്ച് ആഫ്രിക്കയുടെ തെക്കേ മുനമ്പിലെത്തിയ പോർച്ചുഗീസ് നാവികൻ ബർത്തലോമിയ ഡയസ് താനെത്തിയ മുനമ്പിന് നൽകിയ പേര് 'കൊടുങ്കാറ്റുകളുടെ മുനമ്പ്' (Cape of storms) എന്നായിരുന്നു. അതായിരുന്നു അതിന് ഏറ്റവും ചേരുന്ന പേരെന്ന് കേപ്പ് പോയിന്റിലും കേപ്പ് ഓഫ് ഗുഡ് ഹോപ്പിലും എത്തിയപ്പോൾ എനിക്ക് മനസ്സിലായി. ഇന്ത്യൻ മഹാസമുദ്രത്തിൽ നിന്ന് പടിഞ്ഞാറോട്ടും അറ്റ്ലാന്റിക് സമുദ്രത്തിൽനിന്ന് കിഴക്കോട്ടും മാറി മാറി വീശുന്ന, നമ്മുടെ ശരീരത്തെപ്പോലും നിലതെറ്റിക്കുന്ന കാറ്റു കണ്ട് കൂടെയുണ്ടായിരുന്ന ആരോ ഇതെന്താ കാറ്റുകളുടെ സംസ്ഥാനസമ്മേളനമോ എന്ന് ചോദിച്ചത് ഒട്ടും അതിശയോക്തിയായി തോന്നിയില്ല.

കേപ്പ് ടൗണിൽനിന്ന് 50 കിലോമീറ്റർ തെക്ക് പടിഞ്ഞാറേക്ക് മാറിയാണ് കേപ്പ് പോയിന്റ്. അറ്റ്ലാന്റിക് ഇന്ത്യൻ മഹാസമുദ്രങ്ങളുടെ സംഗമസ്ഥലമായി കേപ്പ് പോയിന്റിനെ കരുതുന്നു. കേപ്പ് നഗരത്തിൽനിന്ന് 150 കിലോമീറ്റർ കിഴക്കുമാറിയുള്ള Cape Agulhas ആണ് ഭൂമിശാസ്ത്രപരമായി ആഫ്രിക്കാ ഭൂഖണ്ഡത്തിന്റെ ഏറ്റവും തെക്കേ മുനമ്പെങ്കിലും കേപ്പ് മുനമ്പിനെയാണ് പണ്ടുമുതൽ തെക്കേ മുനമ്പായി കരുതുന്നത്.

കേപ്പ് ഓഫ് ഗുഡ് ഹോപ്പ് നേച്ചർ റിസർവ്വിലൂടെ ഓരോ മുനമ്പുകൾ കയറിയും ഇറങ്ങിയുമാണ് കേപ്പ് പോയിന്റിലേക്കുള്ള യാത്ര. ഈ പ്രദേശത്തിന് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. നമ്മൾ യാത്ര ചെയ്യുന്നത് ലോകത്ത് ഇവിടെ മാത്രമുള്ള കേപ്പ് ഫ്ളോറൽ കിങ്ഡം അഥവാ ഫിൻബോസ് ബയോം (Fynbose Biom ഞങ്ങളുടെ ബൂവർ ഗൈഡ് സെയിൻ മാത്യൂസ് പറയുന്നത് ഫൈൻ ബോസ് എന്നാണ്. Fine Bush ആണ് ഫൈൻ ബോസ് എന്ന് ലോപിച്ചത് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം)

എന്ന സസ്യസാമ്രാജ്യത്തിലൂടെയാണ്. സാൻഡ് സ്റ്റോണും പൂക്കൾ നിറഞ്ഞ ഫിൻബോസ് കുറ്റിച്ചെടികളും ചേർന്ന് പ്രകൃതി നിർമ്മിച്ചെടുത്ത ഒരു മനോഹര പാർക്കാണിത്. മെരുങ്ങിയതെന്ന് തോന്നി



പ്പിക്കുന്ന ഒട്ടകപ്പക്ഷികളും വലിയ കലമാനുകളും കേപ്പ് മൗണ്ടൻ സീബ്രകളും ഡാസിറാറ്റ് എന്ന് പേരായ ഓമനിക്കാൻ തോന്നുന്ന വലിയ എലികളുമൊക്കെ ബോൺസായ് രൂപമുള്ള ഫിൻബോസ് മരങ്ങൾക്കിടയിൽ കണ്ടേക്കാം. വാഹനം പാർക്ക് ചെയ്യുന്നിടത്തു നിന്ന് 'ദി ഫ്ളയിംഗ് ഡച്ച്മാൻ' എന്ന ഫ്യൂണിക്കുലർ ട്രെയിനിൽ (കേബിൾ മൂലം മലമുകളിലേക്ക് വലിച്ചുകയറ്റുന്ന തീവണ്ടിയാണിത്) ഒരു മല കയറിച്ചെന്നാൽ കേപ്പ് പോയിന്റായി. മലമുകളിൽ പഴയതും പുതിയതുമായ രണ്ട് ലൈറ്റ് ഹൗസുകൾ കാണാം. കൊളോണിയൽ കാലത്ത് ലോകത്തെ ഏറ്റവും മികച്ച ലൈറ്റ് ഹൗസുകളായിരുന്നു ഇവ. മലമുകളിലാണ് കേപ്പ് പോയിന്റ്. കടലിലേക്ക് തള്ളി നിൽക്കുന്ന പായൽ പിടിച്ച ഒരു പാറയുടെ രണ്ടുവശങ്ങളിലായി രണ്ട് മഹാസമുദ്രങ്ങൾ ഇളകിമറിയുന്നു. കാറ്റ് ദുർബലമാകുന്ന ഇടവേളകളിൽ ക്യാമറകളിൽ ബലമായി പിടിച്ച് നമുക്ക് വേണമെങ്കിൽ കേപ്പ് പോയിന്റിന്റെ ഫോട്ടോ പിടിക്കാം.

കേപ്പ് പോയിന്റിൽ നിന്ന് താഴെയെത്തി ഏകദേശം രണ്ടരകിലോമീറ്റർ വാഹനത്തിൽ സഞ്ചരിച്ചാൽ കേപ്പ് ഓഫ് ഗുഡ് ഹോപ്പിലെത്താം. ഞങ്ങളുടെ യാത്രയുടെ അവസാനപോയിന്റാണിത്. ഇവിടെ നിന്ന് 6131 കിലോമീറ്റർ തെക്കോട്ട് കടലിലൂടെ പോയാൽ ദക്ഷിണ ധ്രുവത്തിലെത്താം. ചരിത്രത്തിലൂടെ കപ്പലോടിച്ച് കടന്നുപോയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ നാവികരുടെ ഓർമ്മകൾ മനസ്സിലേക്കോടിയെത്തി. അതോടൊപ്പം കേപ്പ് ഓഫ് ഗുഡ് ഹോപ്പിനെ പഠിച്ച ബാല്യത്തിന്റെ മഞ്ഞച്ച പുസ്തക താളുകളും.

നേച്ചർ റിസർവിൽ നിന്ന് അസ്തമയത്തിനുമുമ്പ് പുറത്തുകടക്കണമെന്ന കാവൽക്കാരന്റെ വാക്കുകൾ കേട്ട്, പ്രത്യാശ മുനമ്പിനോട് ഇനിയും കാണാം എന്ന് പ്രത്യാശയോടെ യാത്ര പറഞ്ഞ് തിരിഞ്ഞു നടന്നു.



## സീൽ ദ്വീപിൽ

മഴ പെയ്ത് തോർന്നിട്ടും മരം പെയ്യുന്നതുപോലെ ആഫ്രിക്കൻ യാത്ര കഴിഞ്ഞിട്ടും ഓർമ്മകൾ പെയ്യുകയാണ്... കേപ്പ് പ്രൊവിൻസിലെ മുക്കുവഗ്രാമമായ ഹൗട്ട് ബേയിൽനിന്ന് ചെറിയ കപ്പലിൽ സീലുകളെ തേടിപ്പോയ യാത്ര അത്തരമൊന്നാണ്. മനോഹാരിത നിറഞ്ഞ ഉൾക്കടലിലൂടെ ആറുകിലോമീറ്റർ സഞ്ചരിക്കണം സീലുകളുടെ കോളനിയിലെത്താൻ. പ്രഭാതത്തിലെ കടൽക്കാഴ്ചകൾ കണ്ട് കപ്പൽ ഡെക്കിൽ മതിമറന്ന് നിൽക്കുമ്പോഴാണ്, ശാകുന്തളം നാടകത്തിലേതുപോലെ, കിടക്കുന്ന ശകുന്തളയും ശകുന്തളയെ വീശിക്കൊണ്ട് തോഴിമാരും പ്രവേശിക്കുന്ന എന്ന മട്ടിൽ ആയിരക്കണക്കിന് സീലുകൾ കിടന്നുകൊണ്ട് പ്രവേശിക്കുന്നത്. (സീലുകളുടെ കൈയും കാലും നീന്താൻ വേണ്ടി മാത്രമുള്ള തുഴകളാണ്. കിടപ്പാണ് അവയുടെ സ്ഥായീനില) നാലഞ്ച് ഏക്കർ വരുന്ന പാറപ്പുറങ്ങളിൽ നോക്കുന്നിടത്തെല്ലാം സീലുകൾ. (64000 എണ്ണം അവിടെ ഉണ്ടെന്നാണ് കണക്ക്) സീലുകളുടെ പ്രധാന അന്തകനായ വെള്ള തിമിംഗലങ്ങളും അവിടെ സാധാരണമത്രേ. (ഞങ്ങൾക്ക് കാണാൻ പറ്റിയില്ല) സീലുകളെ കണ്ട് കൊതിയും മതിയും തീർന്നു എന്ന് പറഞ്ഞാൽ മതിയല്ലോ.

സ്വഭാവം കൊണ്ടും മുഖത്തിന്റെ ആകൃതികൊണ്ടും നായയോടും വലിപ്പം കൊണ്ട് സിംഹത്തോടും സാദൃശ്യമുള്ളതുകൊണ്ട് ഓരോരുത്തരുടെയും ഇഷ്ടം പോലെ കടൽനായയെന്നോ കടൽസിംഹമെന്നോ സീലുകളെ വിളിക്കാം. ആഫ്രിക്കയുടെ തെക്കു പടിഞ്ഞാറൻ തീരത്തും ഓസ്ട്രേലിയയുടെ തെക്കൻ തീരത്തുമാണ് ഇവയെ കാണാനാകുന്നത്. ഏഴര അടിവരെ നീളവും ശരാശരി 200300 കിലോഗ്രാം തൂക്കവുമുണ്ട് ഇവയ്ക്ക്.

## മനുഷ്യനെക്കുറിച്ച്

കാടിനെക്കുറിച്ചും പുഴകളെക്കുറിച്ചും മലകളെക്കുറിച്ചും കടലിനെക്കുറിച്ചും സാമാന്യം ദീർഘമായി എഴുതിയ ഞാൻ ദക്ഷിണാഫ്രിക്കയിലെ മനുഷ്യരെക്കുറിച്ചുകൂടി എഴുതി അവസാനിപ്പിച്ചുകൊള്ളാം. മനുഷ്യവൈവിധ്യംകൊണ്ട് ലോകത്തേറ്റവും ശ്രദ്ധേയമായ നാടാണിത്. വൈവിധ്യങ്ങളിൽ

നമ്മെ ഏറ്റവും ആകർഷിക്കുന്നത് നിറവൈവിദ്ധ്യമാണല്ലോ. മഴവിൽ രാജ്യമെന്നപേര് (Rainbow nation) അക്ഷരാർത്ഥത്തിൽ ഈ നാടിന് ചേരും. എന്നാൽ ഇവിടുത്തെ മനുഷ്യരുടെ നിറങ്ങൾ മുഴുവൻ അടയാളപ്പെടുത്താൻ മഴവില്ലിന്റെ നിറങ്ങൾ പോരാതെ വരും. നിരവധി ഗോത്രങ്ങളിൽപ്പെട്ട കറുത്തവർ, യൂറോപ്പിന്റെ പലഭാഗങ്ങളിൽ നിന്ന് കുടിയേറിയ വെള്ളക്കാർ, പലതരം വെള്ളക്കാരും പലതരം കറുത്തവരും ചേർന്ന പലതരം സങ്കരനിറക്കാർ, ഇന്ത്യാക്കാർ, (അവരിലും ദക്ഷിണേന്ത്യനും ഉത്തരേന്ത്യനും പഞ്ചാബിയും ബ്രാഹ്മണനും ഒക്കെയുണ്ട്) ഡച്ച് ആധിപത്യകാലത്ത് അവരുടെ കിഴക്കൻ ഏഷ്യൻ കോളനികളിൽ നിന്ന് കടത്തിക്കൊണ്ടുവന്ന കേപ്പ് മലയാ വിഭാഗക്കാർ..പറഞ്ഞാൽ തീരില്ല ഈ മനുഷ്യനിറവൈവിധ്യം.

ദക്ഷിണാഫ്രിക്കയിൽ ആധുനിക മനുഷ്യന് ഒരു ലക്ഷത്തി എഴുപതിനായിരം വർഷത്തെ പഴക്കം കണക്കാക്കുന്നു. എന്നാൽ അതിനുമുമ്പുള്ള ആസ്ത്രേലോപിത്തക്കസ് മുതൽ ഹോമോസാപ്പിയൻ വരെയുള്ള മിക്കവാറും എല്ലാ മനുഷ്യപൂർവ്വികരുടെയും ഫോസിലുകൾ ഇവിടെനിന്ന് ലഭിച്ചിട്ടുണ്ട്. ഹോമോസാപ്പിയൻ ലോകമെങ്ങും പരന്നത് ഇവിടെ നിന്നാണെന്ന് കരുതുന്നവരുണ്ട്.

ഇന്ത്യയുടെ പകുതിയിലേറെ വിസ്താരമുള്ള ദക്ഷിണാഫ്രിക്കയിൽ ഇന്ന് അഞ്ചേമുക്കാൽ കോടിമനുഷ്യർ മാത്രമാണുള്ളത്. മൊത്തം ജനങ്ങളിൽ 80 ശതമാനത്തിലേറെയും കറുത്തവരാണ്. എല്ലാവർക്കും സുഭിക്ഷമായി ജീവിക്കാൻ വിഭവങ്ങളുള്ള ഈ രാജ്യം ഇന്ന് സമ്പന്നരും ദരിദ്രരും തമ്മിലുള്ള വരുമാന അന്തരത്തിൽ ലോകത്ത് ഏറ്റവും മുന്നിലാണ്. വെള്ളക്കാർ അതിസമ്പന്നരായി കഴിയുമ്പോൾ കറുത്തവർ ബഹുഭൂരിപക്ഷവും അതീവ ദരിദ്രാവസ്ഥയിലാണ്. ഇന്ത്യക്കാരും ആഫ്രിക്കാനരും (സങ്കരനിറക്കാർ) മധ്യവർഗ്ഗവും. അമിതമുതൽ സൂക്ഷിക്കാനുള്ള സമ്പന്നരുടെ വ്യഗ്രതയും തങ്ങളിൽനിന്ന് അപഹരിച്ച സമ്പത്ത് തിരിച്ചുപിടിക്കാനുള്ള കറുത്തവരുടെ ശ്രമങ്ങളും ഈ രാജ്യത്തിന്റെ കളങ്കമായി തോന്നിപ്പോകുന്നു. സമ്പന്നർ ഭൂഗർഭഅറകളും വലിയ മതിലും ഗേറ്റും ഏറ്റവും ആധുനികമായ സെക്യൂരിറ്റി സംവിധാനങ്ങളുള്ള വീടുകളിലും കറുത്തവർ ചെറിയ തകരം മേഞ്ഞതോ ഓടുമേഞ്ഞതോ ആയ വീടുകളിലും (ഗ്രാമങ്ങളിൽ പുല്ലുമേഞ്ഞ വീടുകളും അപൂർവ്വമല്ല) കഴിയുന്നു. വെള്ളക്കാർക്കിടയിൽ സമ്പത്ത് വിദഗ്ധമായി സംരക്ഷിച്ചവരും കറുത്തവർക്കിടയിൽ സമ്പത്ത് വിദഗ്ധമായി പിടിച്ചുപറിച്ചവരും വീരന്മാരായി തീരുന്നു.

ഇന്ത്യയിലെ ജാതിവ്യവസ്ഥപോലെ ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം ആ നാടിനെ ഒരു നൂറ്റാണ്ടെങ്കിലും പിന്നോട്ട് കൊണ്ടുപോയിരിക്കുന്നു. കറുത്തവന്റെ സർവ്വസർഗ്ഗവ്യാപാരങ്ങളെയും അത് തടുത്തുകെട്ടി നിറുത്തിയിരുന്നു. ഇന്ത്യയിലെ ജാതിവ്യവസ്ഥകൾ ശരിക്ക് അറിയുന്നതുകൊണ്ടാവാം ആഫ്രിക്കയിലെ കറുത്തവരോട് സഹോദരരോട് എന്നപോലെ ഒരു താല്പര്യം നമുക്ക് തോന്നിപ്പോവും. പിടിച്ചുപറിയുടെയും തട്ടിപ്പിന്റെയും പലതരം കഥകൾ നമ്മൾ കേട്ടിട്ടുണ്ടെങ്കിലും നമ്മൾ കണ്ടുമുട്ടുന്ന ഓരോ കറുത്ത മനുഷ്യരും അടിമുതൽ മുടിവരെ മാന്യന്മാരാണ്.

ഉത്തരേന്ത്യൻ തെരുവിലൂടെ എന്നതിനേക്കാൾ അന്യഥാബോധമില്ലാതെ ആഫ്രിക്കയിലൂടെ നമുക്ക് നടക്കാം. അമേരിക്കയിലും പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിലും ഇന്ത്യക്കാർക്ക് കിട്ടുന്ന പരിഗണന

ബംഗാളി കൂലിപ്പണിക്കാർക്ക് കേരളത്തിൽ കിട്ടുന്നതുപോലെയാണെന്ന് തോന്നിയിട്ടുണ്ട്. ആഫ്രിക്കയിൽ അപമാനമില്ലാതെ നമുക്ക് കഴിയാം.

ആഫ്രിക്കരുടെ ശില്പവൈദഗ്ധ്യം അത്ഭുതകരമാണ്. ആഫ്രിക്കയിൽ യാത്ര ചെയ്തിട്ട് ഏതെങ്കിലും ഒരു ശില്പം വാങ്ങാതെ വരുന്ന ഒരാളെയും ഞാനൊരിക്കലും ഒരു സഞ്ചാരിയായി കണക്കാക്കില്ല. എന്റെ സഞ്ചാരങ്ങൾക്കിടയിൽ ഒരിടത്തും ഇത്തരം മനോഹരശില്പങ്ങൾ ഞാൻ കണ്ടിട്ടില്ല. കല്ല്, തടി, വേര്, പിച്ചള, മുട്ടത്തോട്, പക്ഷിത്തൂവൽ, കയ്യിൽ കിട്ടുന്ന എന്തിലും അവർ ശില്പം ചെയ്യും. ഒരു കടയിൽ ആയിരം ശില്പങ്ങളുണ്ടെങ്കിൽ അവയോരോന്നും വ്യത്യസ്തമായിരിക്കും. ഇടയ്ക്ക് പറയട്ടെ, മുഖത്ത് ദൈന്യം തളംകെട്ടി നിൽക്കുന്ന കറുത്ത മനുഷ്യരുടെ ശില്പങ്ങളാണ് അവർ കൂടുതൽ ചെയ്യുന്നത്. ഒരു കട മുഴുവനായി വാങ്ങിയാലോ എന്നുപോലും നാം ചിന്തിച്ചുപോകും. തെരുവുകടകളിൽപോലും വലിയ വില പേശലുകളില്ല, തർക്കങ്ങളില്ല, വിൽപ്പനക്കാരുടെ അമിത വാചകമടിയില്ല. ഈ ആഫ്രിക്കൻ മനുഷ്യർ പെരുമാറ്റംകൊണ്ട് നമ്മെ വിസ്മയിപ്പിക്കും.

കറുപ്പ് നിറഞ്ഞ വൃത്തിയില്ലായ്മയുമായി ബന്ധിപ്പിക്കുക യൂറോപ്യനിൽനിന്ന് നമുക്ക് കിട്ടിയ ഒരു ശീലമാണ്. "ആഫ്രിക്കൻ സാധാരണ ജനങ്ങളുടെ വൃത്തി എന്റെ ഭാരതീയ പൊങ്ങച്ചങ്ങളെ പുനർവിചാരണ ചെയ്യാൻ നിർബ്ബന്ധിതനാക്കി" എന്ന് സക്കറിയ എഴുതുന്നു (ഒരു ആഫ്രിക്കൻ യാത്ര) സിഗരറ്റുകുറ്റികളും കാർക്കിച്ച്തുപ്പലുംകൊണ്ട് ഇവിടുത്തെ ഇടവഴികൾപോലും മലിനമല്ല.

പബ്ലിക് ടോയ്ലറ്റുകൾ കുറവെങ്കിലും ഉള്ളതിൽ മൂക്കുപൊത്താതെ കയറാം. പ്ലാസ്റ്റിക് വേസ്റ്റ് റോഡിലോ, തോട്ടിലോ, കടലിലോ വലിച്ചെറിയുന്ന ശീലമില്ല. (വേണ്ടാത്തതെല്ലാം വലിച്ച് തോട്ടിലെറിയും, അറബിക്കടലിലെറിയും എന്ന മട്ടിലുള്ള മുദ്രാവാക്യങ്ങളും കാണില്ല) മദ്യപാനം എല്ലായിടത്തും അനുവദനീയമാണെങ്കിലും മദ്യപിച്ച് ബഹളം കൂട്ടുന്ന ഒരാളെയും ഒരിടത്തും കണ്ടില്ല. പബ്ലിക് ഇലക്ഷന്റെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളിലാണ് ഞാനവിടെ ഉണ്ടായിരുന്നതെങ്കിലും വഴിനീളെ കൊടിതോരണങ്ങളോ ഫ്ളക്സുകളോ കവല മീറ്റിംഗുകളോ കണ്ടില്ല.

ആഫ്രിക്കയെന്നു കേൾക്കുമ്പോൾ ഒട്ടും വികസിതമല്ലാത്ത ഇരുണ്ടനാ



ട് എന്നാണല്ലോ പൊതുവേ വിചാരിക്കുന്നത്. ദക്ഷിണാഫ്രിക്കയെ സംബന്ധിച്ച് ഇത് ശരിയാണെന്ന് തോന്നുന്നില്ല. മനുഷ്യരുടെ ജീവിതനിലവാരത്തെക്കുറിച്ച് ഈ ഹ്രസ്വയാത്രയിൽ എനിക്ക് കാര്യമായി മനസ്സിലാക്കാൻ പറ്റിയില്ല. എന്നാൽ വികസനത്തിന്റെ അടയാളങ്ങളായി പൊതുവേ നാം കരുതുന്ന റോഡ്, വാഹനങ്ങൾ, കെട്ടിടങ്ങൾ, നഗരാസൂത്രണം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, പൗരന്മാരുടെ ശുചിത്വബോധം, നഗരങ്ങളുടെ വൃത്തി ഇങ്ങനെയുള്ള കാര്യങ്ങളിലൊന്നും ഈ രാജ്യം അത്ര പിന്നിലല്ല. പല കാര്യങ്ങളിലും അമേരിക്കയെ അനുകരിക്കാനുള്ള ശ്രമംപോലും ഉണ്ടെന്ന് തോന്നിപ്പോവും. സാക്ഷരതാ നിലവാരവും (94.37%) അത്ര മോശമല്ല.

കോളേജുകളും ആശുപത്രികളും ഗവേഷണസ്ഥാപനങ്ങളും നിരവധിയുണ്ട്. ക്രിസ്ത്യൻ ബർണാഡ് ആദ്യഹൃദയമാറ്റശസ്ത്രക്രിയ നടത്തിയത് കേപ്പ്ടൗണിലെ ആശുപത്രിയിലാണ്. സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ നദീൻ ഗോഡിമറും ജെ. എം. കുറ്റസിയും ഉൾപ്പെടെ 9 നോബൽ സമ്മാനജേതാക്കളാണ് ഈ രാജ്യത്തിനുള്ളത്.

സർക്കാർ സംവിധാനങ്ങൾ അഴിമതി നിറഞ്ഞതാണെന്ന് പറയുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇന്ത്യയെക്കാൾ ഭേദമാണ്. എയിഡ്സാണ് ഈ നാട് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. നാലിലൊരാൾ എയിഡ്സ് ബാധിതരായിരുന്ന അവസ്ഥയിൽ നിന്ന് ഇപ്പോൾ ആറിലൊരാളായി കുറച്ചുകൊണ്ടുവരാൻ പറ്റിയിട്ടുണ്ട്.

എയിഡ്സ് മൂലം ശരാശരി ആയുർദൈർഘ്യം 62.77 മാത്രമാണ് (നാലഞ്ചുവർഷം മുമ്പുവരെ ഇത് അമ്പതിന് താഴെയായിരുന്നു. ഇപ്പോഴും കറുത്തവരുടേത് 48 ഉം വെള്ളക്കാരുടേത് 71 ഉം ആണ്. വെള്ളക്കാരിലെ എയിഡ്സ് നിരക്ക് 33% മാത്രമാണ്) ജനങ്ങളിൽ വലിയൊരു വിഭാഗം ദാരിദ്ര്യത്തിൽ കഴിയുന്നതിന്റെ പ്രശ്നങ്ങളുമുണ്ട്. കറുത്തവർക്കിടയിലെ വംശീയപ്രശ്നങ്ങളും നിസ്സാരമല്ല. നൂറ്റാണ്ടുകൾ നീണ്ട അടിമത്തത്തിൽ നിന്നും വർണ്ണവിവേചനത്തിൽനിന്നും പിച്ചവെയ്ക്കാൻ തുടങ്ങിയതുമാത്രമേ ഉള്ളൂ ഈ രാജ്യമെന്നോർക്കുമ്പോൾ ഈ പ്രശ്നങ്ങളെ എല്ലാം തരണം ചെയ്യുമെന്ന് ന്യായമായും പ്രത്യാശിക്കാം. എന്തായാലും ഒരു ശരാശരി സഞ്ചാരിയായ എന്നെ പൂർണ്ണമായും തൃപ്തിപ്പെടുത്തി ഈ മഴവിൽ രാജ്യം.



# സോഷ്യൽമീഡിയാ കാലത്തെ മലയാളിവോട്ടർ


**സനന്ദ് സദാനന്ദൻ**
എം.ഇ.എസ്. അസ്മാബി കോളേജ്, കൊടുങ്ങല്ലൂർ



"ലോകസഭ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് 20 ൽ 19 സീറ്റും കൊടുത്തു, പിന്നെ പാലയിൽ ചെങ്കൊടി പാറിപ്പിച്ചു, വട്ടിയൂർക്കാവിൽ പ്രാകിൽ നിന്ന എൽ.ഡി.എഫിനെ പതിനാലായിരം വോട്ടിന് വിജയിപ്പിച്ചു, കോൺഗ്രസ്സ് മണ്ഡലമായ കോന്നിയിൽ ഇടതുപക്ഷത്തെയും, ഇടതു സിറ്റിങ്ങ് സീറ്റായ അരൂരിൽ ഷാനിമോളെയും കൈപിടിച്ച് കയറ്റുന്നു. ഇതൊക്കെ ചെയ്യു മലയാളി വോട്ടർമാരാണ് യഥാർത്ഥ സൈക്കോ."

തിരഞ്ഞെടുപ്പ് ഫലം വന്ന സമയത്ത് സോഷ്യൽ മീഡിയയിൽ നിറഞ്ഞു നിന്ന ഒരു മലയാളി സെൽഫ്രോളാണിത്. വാസ്തവത്തിൽ മലയാളി സൈക്കോ സിസിന്റെ അവസ്ഥാന്തരങ്ങളാണോ ഇവയെല്ലാം ?.

തിരഞ്ഞെടുപ്പുകളുടെ ചരിത്രത്തിൽ മലയാളിയുടെ വേറിട്ട നടത്ത



ങ്ങൾ മുൻപും കണ്ടിട്ടുള്ളതാണ്. സ്വാതന്ത്ര്യാനന്തരം, ഇന്ത്യയിൽ കോൺഗ്രസ്സ് പാർട്ടി കൊടികുത്തി വാഴുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ബാലറ്റിലൂടെ അധികാരത്തിലേറ്റിയതും, അടിയന്തിരാവസ്ഥക്ക് ശേഷം ഇന്ദിരയേയും കോൺസ്സിനേയും ജനങ്ങൾ തള്ളിപ്പറഞ്ഞപ്പോൾ, കേരള വോട്ടർമാരുടെ ചായ്‌വ് കെ.കരുണാകരനോടായിരുന്നു.എന്നാൽ പൊതുവെ കേരളം പൊതുവിൽ വിലയിരുത്തപ്പെടുന്നത് ഇടതു വലതു മുന്നണികൾക്ക് ശക്തമായ വോട്ട് ബാങ്ക് ഉള്ള ഒരു സംസ്ഥാനം എന്നാണ്. എന്നാൽ കഴിഞ്ഞ ലോകസഭ, നിയമസഭ ഉപതിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ പരിശോധിച്ചാൽ ജനങ്ങളുടെ വോട്ടിങ്ങ് പാറ്റേണിൽ ദ്രുതഗതിയിലുള്ള ഒരു മാറ്റം പ്രകടമാണ്. പാർട്ടികൾക്ക് സ്വന്തമായ കുത്തക വോട്ട് അഥവാ വോട്ട് ബാങ്ക് രാഷ്ട്രീയത്തിൽ നിന്ന് മലയാളി വോട്ടർ മാറിക്കഴിഞ്ഞു എന്ന് പലരും നിരീക്ഷിക്കുന്നു. നാനാ ഘടകങ്ങൾ ഇതിനു പുറകിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും മലയാളി നെഞ്ചോട് ചേർത്ത് വച്ച മൊബൈൽ ഫോണിനോളം വീക്ഷണങ്ങളുടെ ഗതി നിർണ്ണയിക്കാൻ തക്ക സ്വാധീനം മറ്റൊന്നിന് ഇന്നില്ല. ഇന്ത്യയിലെ മറ്റേതൊരു സമൂഹത്തേക്കാളും സോഷ്യൽ മീഡിയയിൽ അഭിരമിക്കുന്ന, മലയാളിയുടെ തിരഞ്ഞെടുപ്പ് രാഷ്ട്രീയ നിർണ്ണയങ്ങളിൽ സാമൂഹ്യ മാധ്യമങ്ങളുടെ പങ്ക് തേടുകയാണ് ഈ ലേഖനത്തിൽ.

കേരളത്തിലെ വോട്ടിങ്ങ് പാറ്റേൺ പരിശോധിച്ചാൽ കാണാൻ സാധിക്കുന്ന ഒരു കാര്യം മിക്കപ്പോഴും ഇടതു വലതു മുന്നണികൾ ആണ് 30 നും 40 നും ഇടയിൽ ശതമാനം വോട്ടുകൾ സ്ഥിര നിക്ഷേപം പോലെ കയ്യാളുന്നത്. ബാക്കി വരുന്ന ഫ്ലോട്ടിങ്ങ് വോട്ടുകൾ ആണ് ആരു ഭരിക്കണം എന്നു തീരുമാനിക്കുന്നത്. നിക്ഷ്പക്ഷ വോട്ടർമാരെന്ന് വിളിക്കുന്ന എന്നാൽ അത്ര നിക്ഷ്പക്ഷരല്ലാത്ത ഇവരാണ് പഞ്ചവത്സര പദ്ധതികളെന്ന പോലെ ഭരണമാറ്റത്തിന് ചുക്കാൻ പിടിച്ചവർ. മിക്ക സന്ദർഭങ്ങളിലും ഭരണ വിരുദ്ധ വികാരമെന്ന് വിളിക്കാവുന്ന നെഗറ്റീവ് വോട്ടുകളാണ് ഈ വിഭാഗത്തെക്കൊണ്ട് തീരുമാനങ്ങൾ എടുപ്പിച്ചിരുന്നത്. എന്നാൽ കേരളത്തിലെ അവസാന രണ്ട് തിരഞ്ഞെടുപ്പ് ഫലങ്ങളിലും ഈ സ്ഥിര നിക്ഷേപ വോട്ടുകളുടെ എണ്ണത്തിൽ ഗണ്യമായി കുറവു വന്നതായി കാണാം. അവസാനം നടന്ന നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിൽ ജാതി മത ശക്തികൾക്ക് സ്വാധീനം ചെലുത്താൻ സാധിച്ചില്ല എന്നുള്ളത് ജനാധിപത്യത്തെ സംബന്ധിച്ച് ശുഭസൂചകമായ ഒരു കാര്യമാണ് എന്നാണ് വിലയിരുത്തലുകൾ വന്നത്. എന്നാൽ ലോകസഭാ തിരഞ്ഞെടുപ്പ് കാലത്ത് കേരളം ഈ നവോത്ഥാന മൂല്യങ്ങളെ എന്തുകൊണ്ട് മുറുകെ പിടിച്ചില്ല എന്ന ചോദ്യത്തിന് മുൻപിലാണ് സമകാലികതയിൽ അഭിരമിക്കുന്ന മലയാളി സൈബർ വോട്ടറെ വിലയിരുത്തേണ്ടിവരുന്നത്.

ഇവിടെ വോട്ടർക്ക് മുൻപിലുള്ളത് തൊട്ടുരുത്ത വിഷയങ്ങളും, വിവാദങ്ങളും , ബുദ്ധിമുട്ടുകളുമാണ്.

എറണാകുളം മണ്ഡലത്തിൽ ഹൈബി ഈഡന്റെ മുപ്പതിനായിരത്തിനടുത്ത ഭൂരിപക്ഷം , മാസങ്ങൾക്ക് ശേഷം വിനോദിലെത്തിയപ്പോൾ 3750 ൽ ചുരുക്കിയത് ഈ മാറുന്ന ജനതയാണ്. മോശപ്പെട്ട നഗരസഭാ ഭരണവും,പാലാരിവട്ടം പാലവും അവരെ മാറ്റി ചിന്തിപ്പിച്ചിരിക്കാം. ചരിത്രപരമായ വലതുപക്ഷ ആഭിമുഖ്യത്തിനപ്പുറം വോട്ടെടുപ്പ് ദിനത്തിലെ വെള്ളക്കെട്ടിന് സ്വാധീനിക്കാൻ തക്കവിധം മാറിക്കഴിഞ്ഞു മലയാളി വോട്ടറുടെ മനസ്സ് .

ചരിത്രപാഠതയേക്കാൾ സാമൂഹ്യ മാധ്യമ സംസ്കാരത്തിൽ ജീവിക്കുന്ന ജനത സമകാലികതയെയാണ് പുൽകുന്നത്. ജനമനസ്സുകളിൽ ഇന്ന് രാഷ്ട്രീയ ശരി/ശരികേട്, നായകൻ/ വില്ലൻ ബിംബങ്ങൾ സൃഷ്ടിക്കുന്നതിൽ മുഖ്യധാരാമാധ്യമങ്ങൾക്ക് , വലിയ പങ്കാണുള്ളത്. ദൃശ്യ മാധ്യമ ബിംബങ്ങളാണ് വലിയ ഒരളവു വരെ പിന്നീട് മുറിച്ചും കൂട്ടിച്ചേർത്തും സോഷ്യൽ മീഡിയയി ൽ പ്രത്യക്ഷപ്പെടുന്നത് എന്നതുകൊണ്ട് ദൃശ്യമാധ്യമങ്ങളെ ഒഴിച്ചു നിർത്തിയുള്ള ഒരു സോഷ്യൽ മീഡിയ അവലോകനം സാധ്യമല്ല. സത്യാനന്തര കാലത്തെ മലയാളിയുടെ രാഷ്ട്രീയ ബോധ്യങ്ങൾക്കും തീരുമാനങ്ങൾക്കും ചരിത്രത്തിന്റെയോ ആശയസംഹിതകളുടേയോ അടിത്തറകൾ അവകാശപ്പെടാനില്ല . ദൃശ്യമാധ്യമങ്ങൾ ഉൽപാദിപ്പിച്ച് വിടുന്ന കച്ചവട സെൻസേഷണൽ വ്യാജ നിർമ്മിതികളുടെ ബഹളങ്ങൾക്കിടയിൽ ശരാശരി മലയാളി വോട്ടർക്ക് എല്ലാം തിൻമയാണ് എന്ന വ്യാജ ബോധ്യം ഉണ്ടാക്കുന്നു. ഇത്തരത്തിലുള്ള ഒരു സത്യാനന്തര മലയാളിയുടെ വോട്ടിങ് മുൻഗണനകളിൽ ഇന്നലെകളിൽ മുറുകെ പിടിച്ച വിശ്വാസ പ്രമാണങ്ങൾ കൂടെ കൂട്ടണമെന്നില്ല. നിലവിലുള്ള വ്യവസ്ഥകളിൽ നിരാശരായ അവർ അന്നിന്റെ പ്രതീക്ഷകൾക്കൊപ്പം സഞ്ചരിക്കുന്നു. കോൺഗ്രസ്സ് , ബി.ജെ.പി മുന്നണികൾക്കെതിരെ എങ്ങിനെയാണ് ഡൽഹിയിലെ നഗര വോട്ടർമാർ ഒരിക്കൽ ആം ആദ്മി പാർട്ടിയെ നെഞ്ചേറ്റിയതും പിന്നീട് ലോക സഭയിലേക്ക് കൈവിട്ട എന്നതും ഇവിടെ കൂട്ടി വായിക്കാവുന്നതാണ്. കേരളത്തിന്റെ സവിശേഷമായ വിദ്യഭ്യാസ മാധ്യമ സംവിധാനങ്ങൾ മറ്റേതൊരു പ്രദേശത്തേക്കാൾ കേരളത്തെ അത്തരമൊരു മാറ്റത്തിന് സജ്ജമാക്കുന്നവയാണ്.

സോഷ്യൽ മീഡിയ കാലത്തെ വോട്ടർ ഒരു സാമൂഹ്യ ജീവി എന്നതിനപ്പുറം ഒരു ഓൺലൈൻ ജീവി കൂടിയാണ്.ഇതിന് പ്രായവ്യത്യാസങ്ങൾ ഇല്ല എന്നുള്ളതാണ് കേരളത്തിലെ മൊബൈൽ ഡാറ്റ ഉപയോഗ കണക്കുകൾ കാണിക്കുന്നത്. അവന് മുൻപിൽ എത്തുന്ന വിവരങ്ങൾക്ക് ഇന്ന് പത്രത്തിന്റെ കോളാതിർത്തികൾ ഇല്ല . നിത്യേനെയുള്ള പത്ര/ റേഡിയോ വാർത്തകൾ മുഖേനെയോ, പാർട്ടി ക്ലാസ്സുകളും പൊതു പ്രസംഗങ്ങളും വഴിയുള്ള രാഷടീയ വിദ്യഭ്യാസ കൈമാറ്റ പ്രക്രിയക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ഇന്ന് ഒരു പാർട്ടി പ്രവർത്തകൻ അല്ലെങ്കിൽ വോട്ടർ അംഗമായിട്ടുള്ളത് ഒരു വാട്സാപ്പ് ഗ്രൂപ്പിൽ മാത്രമല്ല. ചെഗുവേര ഗ്രൂപ്പിലെ മെമ്പർ തന്നെയായിരിക്കും തറവാട്ടമ്പലം ഗ്രൂപ്പിന്റെ അഡ്മിനും . പ്രിയ ദർശിനി ഫോറവും , വിൻസന്റി പോൾ കൂട്ടായ്മയും , മഹല്ല് കമ്മിറ്റിയും ശാസ്ത്രലോകവും, കുടുംബ ഗ്രൂപ്പുകളും ,പൂർവ്വ വിദ്യാർത്ഥി സംഗമങ്ങളും.... തുടങ്ങി എണ്ണമില്ലാത്ത ഗ്രൂപ്പുകൾ സൃഷ്ടിക്കുന്ന ആശയ പ്രളയത്തിൽ അവന് അവന്റേതായ ഒരു ശരി കണ്ടെത്തുക എന്നത് സാധ്യമല്ലാതായി തീരുന്നു . ഇന്നിന്റെ ശരികളാവില്ല നാളെയുടെ ന്യായം, അതിനാൽ തന്നെ അതിൽ കടിച്ചു തൂങ്ങാറുമില്ല സൈബർ വോട്ടർ. ശ്രീജിത്തിനായി അണിനിരന്നവർക്ക് ഇന്ന് അത് എഫ്.ബി മെമ്മറി അറിയിപ്പുകളിൽ തികട്ടി വരുന്ന വെറും നോട്ടിഫിക്കേഷൻ മാത്രമാണ്. ദിവസം മാറുന്ന സ്റ്റാറ്റസിന്റെ ആയുസ്സ് പോലെ സാമൂഹിക രാഷ്ട്രീയ വിഷയങ്ങൾ കടന്നുപോയിക്കൊണ്ടേയിരിക്കുന്നു. ഇങ്ങിനെ ഫോർവേഡുകളുടെ കുത്തൊഴുക്കിൽ കേശവൻ മാമന്റെ ഫ്രൂട്ടിയിലെ എയ്ഡ്സ് മുതൽ ഫ്രീതിങ്കേഴ്സ് വീഡിയോകൾ വരെ കയറിയിറങ്ങി പോകുന്ന കാണിയുടെ തലച്ചോർ നിലപാടുകളിൽ ഉറച്ചു നിൽക്കാൻ നന്നേ പണിപെടുന്നു.

ഇന്ന് ചാനലുകൾ ഊതിപ്പെരുപ്പിക്കുന്ന ഹൈപ്പിനൊപ്പം, സൈബർ ഇടം കയ്യാളാനുള്ള സംഘടിത രാഷ്ട്രീയ പാർട്ടി അണികളുടെ മത്സരമാണ് തിരഞ്ഞെടുപ്പുകളെ ജനങ്ങൾക്കിടയിൽ സജീവമാക്കുന്ന പ്രധാന ഘടകങ്ങൾ. മുൻ തിരഞ്ഞെടുപ്പ് പ്രചരണ രീതികളിൽ നിന്ന് വിഭിന്നമായി ഇവിടെ ജനങ്ങളുടെ കണ്ണിലുണ്ണികളെ സൃഷ്ടിക്കുന്ന ഘടകങ്ങളിൽ മുന്നിട്ട് നിൽക്കുന്നത്, വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യങ്ങൾക്കും, വികസന നേട്ടങ്ങൾക്കും അപ്പുറം തിരഞ്ഞെടുപ്പ് സമയത്തെ പാത്ര നിർമ്മിതികളാണ്. പുതുമുഖമായ രമ്യ ഹരിദാസ് എന്ന യുവ സ്ഥാനാർത്ഥി എങ്ങനെ സൈബർ ഇടത്തിലെ പ്രിയപെങ്ങളൂട്ടി ആയി എന്നു പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ചില സൈബർ പോരാളികളിൽ നിന്നും അകാലത്തിൽ ലഭിച്ച ഇകഴ്ത്തലുകൾ അവർക്ക് സൈബർ ഇടത്തിലേക്ക് മികച്ച ഒരു എൻട്രി നൽകി. വേട്ടയാടപ്പെടുന്ന സാധാരണക്കാരിയായ അത്യസ്ഥവിദ്യയായ യുവതിയെ പാടെ തള്ളിക്കളയാൻ മാത്രം വിമർശനങ്ങൾക്ക് കാമ്പ് ഉണ്ടായിരുന്നില്ല. നാടൻ പാട്ടുകൾ/കുടുംബ പശ്ചാത്തലം എന്നീ ചേരുവകൾക്കൊപ്പം തന്നെ, പ്രമുഖരിൽ നിന്നേറ്റ നെഗറ്റീവ് പരാമർശങ്ങളും, രാഷ്ട്രീയ സൈബർ ആക്രമണങ്ങളും നേരത്തെ പറഞ്ഞ പെങ്ങൾ ഇമേജറിയെ രാഷ്ട്രീയത്തിനതീതമായി സാമാന്യവൽക്കരിച്ചു. ആത്യന്തികമായി വലിയ വിജയത്തിലേക്ക് ഇത് നയിച്ചുവെങ്കിലും ഇനി ഇതിന്റെ ഇതു പോലുള്ള ഒരു ആവർത്തനം എന്നത് അത്ര കണ്ട് എളുപ്പമല്ല. വട്ടിയൂർക്കാവിലെ ഉപതിരഞ്ഞെടുപ്പിന്റെ കാര്യമെടുത്താൽ , കഴിഞ്ഞ മത്സരത്തിൽ പുറകിലായിരുന്ന ഇടതുമുന്നണിയെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചതിൽ പ്രശാന്ത് എന്ന പുതുമുഖത്തേക്കാൾ മേയർ ബ്രോ എന്ന രക്ഷക ബിംബത്തിന് വലിയ പങ്കുണ്ട്. സാമൂഹ്യമാധ്യമ

ങ്ങളിൽ ഉണ്ടുറങ്ങുന്ന മനസ്സുകളെ തൊട്ടുണർത്തിയത്, പ്രളയസമയത്തിൽ തിരുവനന്തപുരത്തു നിന്ന് അനസ്യൂതം ചുരം കയറിയ ടിപ്പർ ലോറി ചക്രങ്ങളുടെ നൻമകാഴ്ചകൾ ആയിരിക്കാം. മേയറുടെ പണിയെടുത്ത് നട്ടുവൊടിഞ്ഞ ടിപ്പർ ഡ്രൈവറുടെ പരിവേദനങ്ങൾ പോസിറ്റീവ് ആയി ട്രോളിയവർക്ക് ഒരേ വികാരമായിരിക്കണം. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇത്തരം ബിംബങ്ങളിൽ അഭിരമിക്കുന്ന മലയാളിക്ക് ഉടനടി വന്ന തിരഞ്ഞെടുപ്പിൽ മറ്റൊരു ചിന്ത ഉണ്ടാകാൻ തരമില്ല. ഒരു പക്ഷേ സൈബർ ഇടത്തിന് വിമുഖനായ ഒരാളാണ് അവിടെ മത്സരിച്ചിരുന്നതെങ്കിൽ ഫലം എന്താകും എന്നതും പഠന വിധേയമാക്കേണ്ട വിഷയമാണ്.

ഒട്ടൊക്കെ ആർപ്പുവിളികൾ സൃഷ്ടിച്ചിട്ടും കേരള തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി പച്ചപിടിക്കാത്തതിന്റെ ഒരു പ്രധാന കാരണം ഇന്നിന്റെ പ്രശ്നങ്ങളുടെ പ്രായോചകരായി പൊതു സൈബർ ഇടത്തിൽ നിൽക്കാനായില്ല എന്നതു കൂടിയാണ്. സൈബർ ലോകത്ത് സജീവരായി ഔട്ട് സ്പോക്കണും സുദർശനവുമൊക്കെ ഉണ്ടെങ്കിലും കേരളത്തിലെ ശരാശരി സൈബർ ഇടം ഇന്നും ബി ജെ പി വിരുദ്ധമാണ്. ഇടതു വലതു വ്യതിയാനങ്ങൾക്ക് അപ്പുറത്ത് ഒരു സംഘി വിരുദ്ധ ഐക്യം സൈബർ കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. കമ്മനടിയും , ഏകച്ചവയും , കാവിപ്പട സുമേഷും എങ്ങിനെ മലയാള ഭാഷാ പ്രയോഗങ്ങളിൽ സാമാന്യവൽക്കരിക്കട്ടു എന്നതും ശ്രദ്ധേയമാണ്. സാധാരണ ഒരു ട്രോളിൽ നെറ്റിയിലെ ഒരു ഓറഞ്ച് വര കൂട്ടി വരച്ചത് കൊണ്ട് 1K കൂട്ടാമെന്നത് തന്നെ ജാതി മതാതീതമായി കമ്മിയും കൊങ്ങിയും യുക്തനും ഒന്നിക്കുന്ന സംഘി വിരുദ്ധരുടെ ഐക്യപ്പെടാണ്.

മുൻകാല തിരഞ്ഞെടുപ്പുകളിലെ രാത്രിയുടെ മറവിൽ എതിർ കക്ഷിയുടെ പോസ്റ്റർ കീറുന്നതിലും കരി ഓയിലടിക്കുന്നതിനും ഇന്ന് പ്രസക്തി ഇല്ല. സൈബർ പോരാളി ഗ്രൂപ്പുകൾ അധികവും നിഴൽ യുദ്ധക്കാരാണ്. നേരിട്ടുള്ള സൈബർ ഏറ്റുമുട്ടലുകൾക്കപ്പുറം ഒളിയുദ്ധങ്ങളുടെ ഒരു വിളനിലമാണ് അവിടം. തെറിവിളിയും ഫേക്ക് ഐഡികളും നിയമാനു സ്രുതമാവുന്ന രാഷ്ട്രീയ പോരാട്ടങ്ങൾ . പ്രത്യക്ഷത്തിൽ ഒരു മുന്നണിയോട് കൂറ് പുലർത്തുന്നു എന്ന നാട്യത്തിൽ അതിവൈകാരിക പ്രകടനപരതകൾ കൊണ്ട് അതിനെ തന്നെ തളർത്തുന്ന മറുചേരിയുടെ മറുനാടൻ അടവുകൾ. അനുഭാവ ഗ്രൂപ്പുകളുടെ പേരോ അനുയോജ്യമായ ചിഹ്നങ്ങളോടോ സാമ്യമുള്ള ഗ്രൂപ്പുകളുണ്ടാക്കി പൊതു ജനത്തിന് വെറുപ്പ് ഉളവാക്കുന്ന തരത്തിൽ പ്രവർത്തിച്ച് തന്നെ സ്ഥലകാല വിഭ്രമങ്ങൾ സൃഷ്ടിക്കുന്ന ട്രോജൻ അടവുകൾ പയറ്റുന്നവർ തുടങ്ങി നിരവധിതന്ത്രങ്ങളിലൂടെയാണ്ഓരോ സൈബർ ചാവേർ ഗ്രൂപ്പുകളും മുന്നേറുന്നത്. ഇത്തരം സൈബർ യുദ്ധങ്ങളുടെ ഫലമായി ഉണ്ടാക്കപ്പെടുന്ന ഉച്ഛിഷ്ടങ്ങളാണ് പിന്നീട് അടർത്തി മാറ്റപ്പെട്ട് ഫോർവേഡുകളായി സാധാരണ വോട്ടറിന്റെ ഇൻബോക്സ് നിറക്കുന്നത്.

ഇവിടെ രാഷ്ട്രീയ നേതാക്കൾ ഹീറോകളായി പ്രതിഷ്ഠിക്കപ്പെടുന്നത് അവരുടെ പേരിൽ പ്രചരിക്കുന്ന ലഘുവീഡിയോ കളുടേയും, അടർത്തിയെടുത്ത പ്രഭാഷണ ശകലങ്ങളുടേയും പേരിലായിരിക്കും. മിക്കപ്പോഴും ഇവ പി.ആർ ഏജൻസികളോ, പാർട്ടി സൈബർ പോരാളികളാലോ നിർമ്മിതമായിരിക്കും. സാമൂഹ്യ മാധ്യമ ഉപഭോക്താക്കളായ അരാഷ്ട്രീയ നൻമ മരങ്ങൾക്ക് എങ്ങിനെയാണ് ഇത്രമാത്രം സാമൂഹിക ഇടം കിട്ടുന്നത് എന്നതും ഇവിടെ ചേർത്തു വായിക്കാവുന്നതാണ്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് അകത്ത്, പ്രത്യേക നേതാക്കൾക്കായി ഉണ്ടാക്കപ്പെടുന്ന ഫാൻ ക്ലബ്ബുകളും ഈ മാറ്റങ്ങളുടെ സന്തതികൾ ആണ്. കഴിവുകെട്ടവൻ/ മോശക്കാരൻ / വില്ലന്റെ പാത്ര സൃഷ്ടിയും ഇത്തരത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ എന്ന പോലെ ട്രോൾ, സൈബർ ആക്രമണങ്ങൾക്ക് വിധേയരാകാത്ത നേതാക്കൾ കേരള രാഷ്ട്രീയത്തിൽ അപൂർവ്വമാണ്.

സൈബർ ആ ട്രോളുകളും , ടെലിവിഷൻ ആക്ഷേപഹാസ്യപരിപാടികളും നിർവഹിക്കുന്ന പ്രക്രിയ ഒന്നു തന്നെയാണ്. ഒരു കാലത്ത് വ്യവസ്ഥാപിത പത്ര മാനേജ്മെന്റുകൾ പ്രതിഷ്ഠിച്ച പരിപാലിച്ച് പോന്ന പല കപട മാതൃകകളും ഇതിൽ തകർന്നു പോയി എന്നത് ശുഭസൂചകങ്ങളാണ്. പക്ഷേ റേറ്റിങ്ങിനും റീച്ചിനും രാഷ്ട്രീയ താൽപര്യങ്ങൾക്കും വേണ്ടിയുള്ള അമിത കോമാളി വത്ക്കരണങ്ങൾ എല്ലാവരും തെറ്റ് എന്ന പൊതുബോധം സൃഷ്ടിക്കുക വഴി അരാഷ്ട്രീയ തായിലേക്കാണ് വഴി വെട്ടുന്നത്.

നാളെകളിൽ സംഭവിക്കാൻ പോകുന്നത് ,ഇന്നലെകളുടെ നേട്ടങ്ങളിൽ അഭിരമിക്കാർ ഒരു രാഷ്ട്രീയ പാർട്ടിക്കും സാധിക്കാനാവാത്ത ഒരവസ്ഥയാണ്. ഈ മാറ്റങ്ങളുടെ അത്യന്തികമായ ഗുണഭോക്താക്കൾ ആരാണ് എന്നതും, അഞ്ച് വർഷം തോറുമുള്ള മുന്നണി മാറ്റത്തിന്റെ ഭാവി എന്താണെന്നതും ഇപ്പോൾ പ്രവചിക്കാൻ സാധ്യമല്ല. ഈ മാറ്റങ്ങൾ ചോദ്യം ചെയ്യുന്നത് നിലവിലുള്ള മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ അസ്തിത്വത്തെതന്നെയാണ്. അവർ നടന്നു കയറിയ ചരിത്ര സന്ധികളും കനൽ വഴികളും ഇന്നിന്റെ വോട്ടർക്ക് മുൻപിൽ ഇല്ല . പ്രത്യയ ശാസ്ത്രത്തിന്റെ ചരിത്രപരതകൾ തിരഞ്ഞുപ്പുകളിൽ ചർച്ച ചെയ്യപ്പെടുകയില്ല. അന്നിന്റെ നിശ്ചയ ദൃശ്യങ്ങളിലായിരിക്കും വോട്ട് ഉറക്കപ്പെടുന്നത്. അരാഷ്ട്രീയതയുടെ ഭൂമികയിൽ നിൽക്കുന്ന വോട്ടർ തിരഞ്ഞെടുപ്പുകളിൽ തേടുന്നത് സമകാലികതയുടെ ചോദ്യങ്ങൾക്കുള്ള ഉടനടി ഉത്തരങ്ങളായിരിക്കും. ഭാവിയിൽ നിരന്തര പ്രവർത്തനങ്ങളുടെ പിൻബലം ആവശ്യമില്ലാത്ത ഒന്നായി രാഷ്ട്രീയ പ്രവർത്തനം മാറാനും സാധ്യതകൾ ഉണ്ട്. അവിടെ പാരമ്പര്യമോ പ്രത്യയശാസ്ത്ര വലിയ പിൻബലമോ സായക്തമാക്കാത്ത വലതുപക്ഷ ആൾക്കൂട്ടങ്ങൾക്ക് വലിയ അവസരങ്ങളായിരിക്കും ഉണ്ടാവുക എന്നതിൽ സംശയമില്ല.

പുസ്തകലോകം

# ജ്ഞാനോല്പാദനത്തിന്റെ ചരിത്രവും സിദ്ധാന്തവും

ഉണ്ണികൃഷ്ണൻ കളമുള്ളതിൽ
ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ്



ലക്ഷോപലക്ഷം വർഷങ്ങളിലൂടെ മനുഷ്യവംശം സ്വായത്തമാക്കിയ സങ്കീർണ്ണമായ അറിവുകളാണ് മറ്റു ജീവജാലങ്ങളിൽ നിന്നും മനുഷ്യവംശത്തെ വ്യത്യസ്ഥവും അനന്യവുമാക്കി നിർത്തുന്നത്. മനുഷ്യവംശത്തിന്റെ ചരിത്രം അതിനാൽത്തന്നെ അറിവിന്റെ ചരിത്രം കൂടിയാണ്. എങ്കിലും, എങ്ങിനെയാണ് അറിവ് ഉല്പാദിക്കപ്പെടുന്നതെന്ന ചോദ്യത്തിന് സൈദ്ധാന്തികമായ ഉത്തരങ്ങൾ താരതമ്യേന കുറവാണ്. ജ്ഞാനാല്പോദനത്തിന്റെ ചരിത്രവും സിദ്ധാന്തവും സംബന്ധിച്ച് നിലനില്ക്കുന്ന ഈ ഉറസ്സിനെ അഭിസംബോധന ചെയ്യുന്ന ഏറെ സാർത്ഥകമായ
ശ്രമങ്ങളിലൊന്നാണ് രാജൻ ഗുരുക്കൾ രചിച്ച 'ജ്ഞാനോല്പാദനത്തിന്റെ ചരിത്രവും സിദ്ധാന്തവും" എന്ന പുസ്തകം.' ചരിത്രവിജ്ഞാനീയത്തിന്റെ പാതയിലൂടെ ജ്ഞാനോല്പാദമെന്ന പ്രക്രിയയെ ചരിത്രവല്ക്കരിക്കാനും രീതിശാസ്ത്രത്തിന്റെ വികസനത്തെ സന്ദർഭവല്ക്കരിക്കാനുള്ള ശ്രമമാണ്
ഗ്രന്ഥകർത്താവ് നടത്തുന്നത്.
ബംഗലൂരിവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ സൗന്ദരരാജൻ പഠനകേന്ദ്രത്തിലെ വിസിറ്റിംഗ് പ്രൊഫസറായിരുന്ന കാലയളവിൽ നടത്തിയ പ്രഭാഷണങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കമായി മാറിയതെന്ന് രാജൻ ഗുരുക്കൾ മുഖവുരയിൽ സൂചിപ്പിക്കുന്നുണ്ട്.
കെനിയയിലെ റുഡോൾഫ് തടാക പ്രദേശത്തെ ഒൾഡുവായ് ജോർജ്ജ് എന്നിടത്തു നിന്നും


ആരംഭിച്ച് ലക്ഷക്കണക്കിന് വർഷങ്ങളിലൂടെ കടന്നുപോകുന്ന മാനവവംശത്തിന്റെയും അറിവിന്റെയും ചരിത്രം. മൂന്നര ദശലക്ഷം വർഷങ്ങൾക്കുമുമ്പ് വെള്ളാരങ്കല്ലുകളും മൃഗങ്ങളുടെ എല്ലുകളുമെല്ലാം (റുഡോൾഫ് തടാകം) കൂർപ്പിച്ച നിർമ്മിച്ച ആയുധങ്ങളാണ് മനുഷ്യൻ സ്വായത്തമാക്കിയ ഏറ്റവും ആദിമമായ അറിവിന്റെ
പ്രയോഗങ്ങളിലൊന്ന്. പിന്നീടിങ്ങോട്ടുള്ള അറിവിന്റെയും പ്രയോഗങ്ങളുടെയും ചരിത്രത്തിലെ ചില സുപ്രധാന നാഴികക്കല്ലുകൾ ഇവയൊക്കെയാണ്:
പത്തൊമ്പത് ലക്ഷം വർഷങ്ങൾക്കു മുമ്പ് അഗ്നി ഉപയോഗിക്കാനായി ആരംഭിച്ച (റുഡോൾഫ് തടാകം), കടില്ലുകളുടെ നിർമ്മാണം (ജപ്പാനീസ് ദ്വീപസമൂഹങ്ങൾ - 5 ലക്ഷം വർഷങ്ങൾക്കു മുമ്പ്), 70000 വർഷങ്ങൾക്കു മുമ്പ് ജർമ്മനിയിലെ നിയാണ്ടർ താഴ്വരയിൽ ശ്മശാന നിർമ്മിതികളുടെ ആരംഭം, 40000 വർഷങ്ങൾക്ക് മുമ്പ് സ്പെയിനിലെ എൽ കാസ്റ്റിലോ ഗുഹകളിൽ ചിത്രകലയുടെ ആരംഭം, 35000 വർഷങ്ങൾക്കു മുമ്പ് ഫ്രാൻസിലും ജർമ്മനിയിലുമായി രൂപപ്പെട്ട ചാന്ദ്രകലണ്ടറുകൾ, 14000 വർഷങ്ങൾക്കു മുമ്പ് മെസപ്പൊട്ടോമിയയിൽ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ആരംഭം, 14000 വർഷങ്ങൾക്കു മുമ്പ് ചൈനയിലെ യൂച്ചാനന്യൻ ഗുഹകളിൽ കളിമണ്ണുപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ തുടക്കം, പതിനായിരം വർഷങ്ങൾക്കു മുമ്പ് ഹോളണ്ടിൽ ചങ്ങാട നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യയുടെ തുടക്കം, 9000 വർഷങ്ങൾക്കു മുമ്പ് പാലസ്തീനിൽ നെയ്ത്തു വിദ്യയുടെ തുടക്കം, 6700 വർഷങ്ങൾക്കു മുമ്പ് ഈജിപ്റ്റിൽ ത്തരംഭിച്ച ചെമ്പുരുക്കുന്ന സാങ്കേതിക വിദ്യ, 5300 വർഷങ്ങൾക്കു മുമ്പ് മെസപ്പൊട്ടോമിയക്കാർ രൂപപ്പെടുത്തിയ ചക്രത്തിന്റെ സാങ്കേതിക വിദ്യ,5300 വർഷങ്ങൾക്കു മുമ്പ് ഈജിപ്റ്റിലും മെസപ്പൊട്ടോമിയയിലുമായി രൂപം കൊണ്ട 'എഴുത്ത് 'രൂപങ്ങൾ, 4000 വർഷങ്ങൾക്ക് മുമ്പ് മെസപ്പൊട്ടോമിയക്കാർ കണ്ടെത്തിയ വെങ്കലം,



4000 വർഷങ്ങൾക്ക് മുമ്പ് രൂപപ്പെട്ട ജ്യോതിശാസ്ത്രം എന്നിങ്ങനെ അതി നിർണ്ണായകമായ നിരവധി ചരിത്ര സന്ദർഭങ്ങളിലൂടെയാണ് ഇന്നും നാം മനസ്സിലാക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന അറിവിന്റെ അനന്ത മേഖലയിലേക്കെത്തിച്ചേർന്നത്.

സാമൂഹിക ചരിത്രത്തിൽ നിന്നും വിഭിന്നമായി അറിവിന്റെ ചരിത്രം എന്നൊന്ന് ഇല്ലെന്നിരിക്കേ, അറിവിന്റെ ചരിത്രത്തിന്റെ സവിശേഷമായ രീതിശാസ്ത്രം അന്വേഷിക്കുന്നതിൽ യാതൊരു കാര്യവുമില്ലെന്ന് ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നു. അതുകൊണ്ടു തന്നെ ചരിത്രപരമായ ഭൗതികവാദം അടിസ്ഥാന തത്വമായുള്ള ചരിത്രപരമായ രീതിശാസ്ത്രമാണ് ഈ ഗ്രന്ഥത്തിൽ പിന്തുടർന്നിരിക്കുന്നത്. ചരിത്രപരമായ ഭൗതികവാദം അടിസ്ഥാനമാക്കിയുള്ള സാമൂഹിക രൂപീകരണത്തിന്റെ സിദ്ധാന്തമാണ്
അറിവിന്റെ ചരിത്രത്തെ ചിട്ടപ്പെടുത്താനും സന്ദർഭവല്ക്കരിക്കാനും സഹായകരമാവുകയെന്ന മാർക്സിയൻ ചിന്തയാണ് ഗ്രന്ഥകർത്താവ് ഉപയോഗപ്പെടുത്തുന്നത്. എന്താണ് അറിവെന്നും എന്തൊക്കെയാണ് അറിവായി പരിഗണിക്കപ്പെടുന്നതെന്നും തീരുമാനിക്കുന്നത് ആരാണ്? എന്ന ചോദ്യത്തിന് ഉത്തരം തേടാനുള്ള ശ്രമം എന്ന നിലയിലാണ് ഈ പുസ്തകം സംവിധാനം ചെയ്തിരിക്കുന്നതെന്ന് ആമുഖത്തിൽ എഴുത്തുകാരൻ വ്യക്തമാക്കുന്നു. സാമൂഹിക രൂപീകരണത്തിന്റെയും വിമർശനാത്മകമായ രാഷ്ട്രീയ സമ്പദ് വ്യവസ്ഥയുടെയും സിദ്ധാന്തങ്ങളുടെ ചട്ടക്കൂടുപയോഗിച്ച് നിരവധിയായ
സാമൂഹിക-സാമ്പത്തിക, രാഷ്ട്രീയ സാംസ്കാരിക ഘടനകൾക്കുള്ളിൽ അറിവിനെ സന്ദർഭവല്ക്കരിക്കുന്നതിലൂടെയാണ് ഈ ഉത്തരങ്ങൾ ലഭ്യമാകുന്നത്.

ആമുഖമടക്കം ഏഴ് അധ്യായങ്ങളും ഒരു പിൻ കുറിപ്പുമായാണ് പുസ്തകം ക്രമീകരിച്ചിട്ടുള്ളത്.
യൂറോപ്പേതരമായ പ്രദേശങ്ങളിൽ രൂപപ്പെട്ട വ്യത്യസ്ഥ
ജ്ഞാനരൂപങ്ങളെക്കുറിച്ച് സമഗ്രമായിത്തന്നെ അവതരിപ്പിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിനെ ഏറ്റവും
ശ്രദ്ധേയമാക്കിത്തീർക്കുന്നത്.
ജ്ഞാനോല്പാദനവും അതിന്റെ തുടർന്നുള്ള വികസനവും നിർണ്ണയിക്കുന്നതിൽ രാഷ്ട്രീയമായ ഘടകങ്ങൾ നിർണ്ണായകമായ പങ്ക് വഹി



യ്യുന്നു. അറിവിന്റെ ഉല്പാദനവും ഉടമസ്ഥാവകാശവും ആർക്കൊക്കെയാണ് എന്ന് തീരുമാനിക്കപ്പെടുന്നതിലാണ് സാമൂഹിക-രാഷ്ട്രീയ ബലാബലങ്ങൾ പ്രവർത്തിയ്ക്കുന്നത്. ഏതാണ്ട് മൂന്നൂറ്റാണ്ടോളം നീണ്ടു നിന്ന കൊളോണിയൽ ആധിപത്യം, ഇന്ത്യയിലെ രേഖപ്പെടുത്തപ്പെട്ടതും അല്ലാത്തതുമായ നാനാതരം അറിവിനെയും മുരടിപ്പിയ്ക്കുകയോ സ്തംഭിപ്പിയ്ക്കുകയോ ചെയ്തു. കൊളോണിയൽ ഭരണകൂടം നടപ്പാക്കിയ രാഷ്ട്രീയവും നിയമപരവുമായ നിബന്ധനകളിലൂടെ കരകൗശല മേഖലയിലടക്കം രൂപപ്പെട്ട ജ്ഞാന രൂപങ്ങളും സാങ്കേതിക വിദ്യകളുടെയും വളർച്ച തടസ്സപ്പെട്ടന്നതിന് കാരണമായെന്ന് ഗ്രന്ഥകാരൻ നിരീക്ഷിയ്ക്കുന്നു. ജാതീയവും ലിംഗപരവുമായ വിവേചനങ്ങളും ഒറ്റപ്പെടുത്തലുകളും അറിവിന്റെ വളർച്ചയെ തടസ്സപ്പെടുത്തിയ സുപ്രധാന ഘടകങ്ങളാണ്.

ജ്ഞാനോല്പാദനത്തിന്റെ സാമൂഹിക സിദ്ധാന്തത്തെക്കുറിച്ചും ഗ്രന്ഥരചനയ്ക്ക് അനുവർത്തിച്ചിരിക്കുന്ന രീതിശാസ്ത്രത്തെയും കുറിച്ചാണ് ഒന്നാമത്തെ അധ്യായം പ്രതിപാദിക്കുന്നത്.ജിയോവൻബാറ്റിസ്റ്റ വൈകോ, അഗസ്റ്റേ കോംറ്റേ തുടങ്ങിയ സൈദ്ധാന്തികരെക്കുറിച്ചും കാൾ മാർക്സിന്റെ സിദ്ധാന്തത്തെക്കുറിച്ചുമാണ് വിശദമായി ചർച്ച ചെയ്യുന്നത്. എമിലി ഡർഖൈയിം, മാക്സ് ഷെലർ, പിറ്റിറിം അലക്സാൻട്രോവിച്ച് സൊറോകിൻ, കാൾ മൻഹെയിം ,മിഷേൽ ഫൂക്കോ മുതലായ സൈദ്ധാന്തികരുടെയും അറിവുമായി ബന്ധപ്പെട്ട സൈദ്ധാന്തിക സമീക്ഷകളും ഈ അധ്യായത്തിൽ പഠനവിധേയമാക്കപ്പെടുന്നുണ്ട്. വിശദമായി പഠനവിധേയമാക്കപ്പെടുന്നത് മാർക്സിയൻ ആശയലോകമാണെങ്കിലും അത് മാർക്സിൽ മാത്രമായി ഒതുങ്ങാതെ ഗ്രാംഷി, അൽത്തൂസേ, ബാലിബർ, ബാരി ഹിൻഡേസ്, പോൾ ക്യൂ ഹിസ്റ്റ്, മോറിസ് ഗോഡലിയർ, നിക്കോസ് പൗലാന്റ്സാസ് ,ഇമ്മാനുവൽ ടെറി, ഫോസ്റ്റർ കാർട്ടർ, പിയറേ ഫിലിപ്പേ റൈ തുടങ്ങിയവരുടെ ചിന്താധാരകളും കൂടി ഉൾപ്പെടുത്തിയിരിക്കുന്നു എന്ന കാര്യം ശ്രദ്ധേയമാണ്.


യൂറോപ്പേതരമായ പ്രദേശങ്ങളിൽ സൃഷ്ടിക്കപ്പെട്ട അറിവിന്റെ ചരിത്രത്തെക്കുറിച്ചാണ് മൂന്നാമത്തെ അധ്യായം ചിന്തിക്കുന്നത്. അതിജീവനത്തിന്റെയും നിലനില്പിന്റെയും തന്ത്രമെന്ന നിലയിലാണ് ആദിമ കാലങ്ങളിൽ അറിവ് രൂപപ്പെട്ടത്. മതപഠനം, തത്വചിന്ത, സിദ്ധാന്തങ്ങൾ, കലകൾ, സൗന്ദര്യ ശാസ്ത്രം, വിനോദങ്ങൾ, കളികൾ എന്നിവയെല്ലാം അറിവിന്റെ ഗണത്തിൽ വരുന്നു. ഇന്ത്യയിലെയും ചൈനയിലെയും ആദിമ സംസ്കാരങ്ങളുമായി ബന്ധപ്പെട്ട് രൂപപ്പെട്ടു വന്ന വ്യത്യസ്ഥമായ ജ്ഞാന രൂപങ്ങളായ വൈദിക വിജ്ഞാനം, അതിഭൗതിക ചിന്താരീതികൾ, വ്യാകരണം, ഭാഷാശാസ്ത്രം, ജ്യോതിശാസ്ത്രം, വേദകാലാനന്തര ചിന്തകൾ, ആയുർവ്വേദം, വാസ്തുവിദ്യ, ലോഹ വിജ്ഞാനീയം തുടങ്ങിയ നിരവധി മേഖലകളിൽ രൂപപ്പെട്ടു വന്ന അറിവിനെക്കുറിച്ചും പാഠങ്ങളെ സംബന്ധിച്ചും സമഗ്രമായ കാഴ്ചപ്പാടാണ് ഈ അധ്യായത്തിലൂടെ അവതരിപ്പിയ്ക്കുന്നത്. ഗണിതവിജ്ഞാനത്തിന്റെ മേഖലയിൽ കേരളമടക്കമുള്ള പ്രദേശങ്ങളിലുണ്ടായ അദ്ഭുതപൂർവ്വമായ മുന്നേറ്റങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ വായിച്ചറിയാം. സംഗമഗ്രാമ മാധവൻ, നീലകണ്ഠ സോമയാജി, ജ്യേഷ്ഠദേവൻ, പരമേശ്വരൻ, പുതുമന സോമയാജി എന്നിവരുടെ സംഭാവനകളെക്കുറിച്ചും ജ്യേഷ്ഠദേവന്റെ രചനയായ

'യുക്തി ഭാഷ'യെക്കുറിച്ചും ഈ അധ്യായം ചർച്ച ചെയ്യുന്നു. സംസ്കൃതത്തിന്റെ കാവ്യ ഭാഷയിൽ നിന്നും വ്യത്യസ്ഥമായി മലയാളത്തിലെ ഗദ്യഭാഷയിലാണ് രചിക്കപ്പെട്ടത് എന്നത്, 'യുക്തി ഭാഷ'യുടെ ഏറ്റവും സുപ്രധാനമായ സവിശേഷതകളിലൊന്നാണ്. മൂല്യരഹിതമായ ഒന്നായി നിലകൊള്ളുന്നതല്ല അറിവ് എന്നും അവ രൂപപ്പെടുന്ന കാലത്തിന്റെ സാമൂഹിക-സാമ്പത്തിക ക്രമങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നുവെന്നും ജ്ഞാനോല്പാദനത്തിനെ സംബന്ധിച്ച നിർണ്ണായകമായ കാഴ്ച്ചപ്പാടുകളിലൊന്നാണ്. ജ്യോതിശാസ്ത്രമടക്കമുള്ള വിഷയങ്ങളിൽ സുപ്രധാനങ്ങളായ അറിവ് രൂപപ്പെടുത്താൻ കേരളത്തിലെ നമ്പൂതിരി സമുദായത്തിനെ പ്രേരിപ്പിച്ചത് ഇത്തരം ഘടകങ്ങളാണ്. ഗ്രഹണ സമയത്ത് നടത്തപ്പെടുന്ന വൈദിക ക്രിയകളെല്ലാം നിഷ്ഫലമായിത്തീരുമെന്ന വിശ്വാസം നിലനിന്നിരുന്നതിനാൽ ഗ്രഹണ സമയം കൃത്യതയോടെ മുൻകൂട്ടി പ്രവചിക്കുകയെന്നത് ഏറ്റവും അവശ്യമായ ഒന്നായിത്തീർന്നു. ഇത്തരത്തിൽ പ്രായോഗികമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് എങ്ങിനെയാണ് അറിവ് ഉല്പാദിപ്പിക്കപ്പെട്ടതെന്നും വിശദീകരിച്ചിരിക്കുന്നു.

ജ്ഞാനോല്പാദനത്തിന്റെ യൂറോപ്യൻ വേരുകൾ തിരയുകയാണ് നാലാമത്തെ അധ്യായത്തിൽ ചെയ്യുന്നത്. പൗരാണിക ഗ്രീക്ക് സാമ്രാജ്യത്തിന്റെ ഭാഗമായി രൂപപ്പെട്ട ജ്ഞാനാന്വേഷണങ്ങളും അവയുടെ പില്ക്കാല വികാസവും വിശദമായി തന്നെ ചർച്ച ചെയ്യപ്പെടുന്നുണ്ട് ഈ അധ്യായത്തിൽ. അറിവിനെ തന്നെ ഒരു പഠന മേഖലയായി സമീപിച്ച ഗ്രീക്ക് ചിന്തകളാണ് ജ്ഞാന ശാസ്ത്രത്തിന്റെ തുടക്കമായി രൂപപ്പെട്ടത്.. പേർഷ്യൻ സാമ്രാജ്യത്തിൽ രൂപപ്പെട്ട ജ്ഞാന മേഖലകളെക്കുറിച്ചും അറേബ്യൻ അധിനിവേശത്തിന്റെ ഫലമായി അവ നശിപ്പിക്കപ്പെട്ടതും ബൈസാന്റിയൻ ക്രൈസ്തവ സന്യാസാശ്രമങ്ങളിൽ രൂപപ്പെട്ട അറിവിനെക്കുറിച്ചും വിവർത്തനങ്ങളിലൂടെ അറേബ്യൻ ചിന്തകരിലേക്കെത്തിച്ചേർന്ന ഗ്രീക്ക് ജ്ഞാനത്തെക്കുറിച്ചും അവയുടെ വ്യാഖ്യാന-വികാസ പരിണാമങ്ങളെക്കുറിച്ചും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്. ഇത്തരത്തിൽ യൂറോപ്പും അറബ് ലോകവുമായി നടന്ന അറിവിന്റെ കൊടുക്കൽ വാങ്ങലുകളും അവയുടെ പുതിയ തലങ്ങളിലേക്കുള്ള വ്യാഖ്യാനങ്ങളും വിപുലീകരണങ്ങളുമാണ് യൂറോപ്പിലെ ജ്ഞാനോദയത്തിന്റെ അടിത്തറയായി വർത്തിച്ചത്. വിഖ്യാതരായ അറബ് ചിന്തകരായ ഇബ്ന് അൽ ഖ്വാരിസ്മി, അൽ കിന്ദി, അവിസെന്ന, അബുബക്കർ മുഹമ്മദ് ഇബ്ന് സക്കറിയ, അൽ റാസി, അൽ ബത്താനി തുടങ്ങിയവരുടെ സംഭാവനകളെക്കുറിച്ചും ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു.


നവോത്ഥാന കാലഘട്ടത്തിലെ ജ്ഞാനോല്പാദനത്തെക്കുറിച്ചും അതിന്റെ ഭാഗമായി രൂപപ്പെട്ട വിമർശനാത്മകമായ അന്വേഷണങ്ങളെക്കുറിച്ചും പരാമർശിച്ചു കൊണ്ടാണ് അഞ്ചാമത്തെ അധ്യായം ആരംഭിക്കുന്നത്. റോജർ ബേക്കൺ, കോപ്പർ നിക്കസ്, ഗലീലിയോ, ഫ്രാൻസിസ് ബേക്കൺ, ദെക്കാർത്തെ, ന്യൂട്ടൻ തുടങ്ങിയ ചിന്തകർ ജ്ഞാനോല്പാദനത്തിനു നല്കിയ സംഭാവനകളെക്കുറിച്ചും അതെങ്ങിനെയാണ് യൂറോപ്പിലെ ജ്ഞാനോദയത്തിന്റെ അടിത്തറ പാകിയതെന്നും ഈ അധ്യായം വിശദീകരിക്കുന്നു. ന്യൂട്ടന്റെ 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക ' അടക്കമുള്ള രചനകളെ ശാസ്ത്രരചനകൾ എന്നു പരിഗണിക്കാനാരംഭിച്ച സാഹചര്യവും ശാസ്ത്രജ്ഞൻ,ശാസ്ത്രീയം തുടങ്ങിയ വാക്കുകൾക്ക് പ്രചാരം നല്കിയ വില്ല്യം വേവൽ എന്ന ചിന്തകനെക്കുറിച്ചും ഈ അധ്യായം ചർച്ച ചെയ്യുന്നുണ്ട്.

നൂറ്റാണ്ടുകളിലൂടെ മനുഷ്യൻ ആർജ്ജിച്ചെടുത്ത ജ്ഞാനത്തിന്റെ സംഗ്രഹീത രൂപമായി ആധുനിക ശാസ്ത്രം മാറിത്തീരുന്നതും വ്യത്യസ്ഥമായ വിജ്ഞാന ശാഖകളായി സവിശേഷ പഠനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാരംഭിക്കുന്നതും



ജ്ഞാനോദയത്തിന്റെ ഘട്ടത്തിലാണ്.

നൂതനമായ കണ്ടുപിടിത്തങ്ങൾ, കണ്ടെത്തലുകൾ, യുക്തിപൂർവ്വമായ ചിന്തകൾ എന്നിവയുടെ കൂടിച്ചേരലിന്റെ ഭാഗമായി ഇരുപതാം നൂറ്റാണ്ടോടെ പ്രത്യക്ഷമായ ആധുനിക ശാസ്ത്രത്തിന്റെ സവിശേഷതകളും പ്രക്രിയകളെയും കുറിച്ചുള്ള പഠനമാണ് ആറാമത്തെ അധ്യായം. ഒരു പഠന മേഖല എന്ന രീതിയിൽ ശാസ്ത്ര ചരിത്രത്തിന്റെ വികാസത്തെക്കുറിച്ചും ഈ അധ്യായം ചർച്ച ചെയ്യുന്നുണ്ട്. ശാസ്ത്രമേഖലയും ശാസ്ത്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സമ്പൂർണ്ണമായ പരിവർത്തനത്തിനു വിധേയമായ കാലഘട്ടമാണ് ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ കാലം.ഇക്കാലയളവിൽ രൂപപ്പെട്ട നിരവധിയായ കണ്ടുപിടുത്തങ്ങളും കണ്ടെത്തലുകളും ശാസ്ത്രത്തിന്റെ ജ്ഞാനശാസ്ത്രപരമായ വിമർശത്തെ ചോർത്തിക്കളയുകയും മുതലാളിത്ത പ്രയോഗ ശാസ്ത്രമായി തീരുകയും ചെയ്തു. ആധികാരികവും സുനിശ്ചിതവും പ്രാമാണ്യപൂർണ്ണവുമായ ആധുനികയുടെ ലോകവീക്ഷണങ്ങളെ നവശാസ്ത്ര വീക്ഷണങ്ങൾ തകർക്കുകയും അനിശ്ചിതത്വവും സങ്കീർണ്ണതയും ചാഞ്ചല്യവും പ്രകൃതമായ പുത്തൻ കാഴ്ചപ്പാടിനാൽ പകരം വെയ്ക്കുകയും ചെയ്തു. ഉത്തരാധുനികതയുടെ ഭാഗമായി രൂപപ്പെട്ട നിരവധിയായ വീക്ഷണങ്ങളും ഈ അധ്യായത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. ശാസ്ത്രമെന്നത് സാങ്കേതിക വിദ്യയായോ സാങ്കേതിക വിദ്യയുടെയും ശാസ്ത്രത്തിന്റെയും സങ്കരമായോ മാറുന്ന പുതിയ കാലത്തെക്കുറിച്ചുള്ള വിശകലനങ്ങൾക്കും ഈ അധ്യായം ഊന്നൽ നല്കുന്നത്. മുതലാളിത്ത സമ്പദ് വ്യവസ്ഥ, ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും ചരക്കായും മൂലധനമായും ഉപയോഗപ്പെടുത്തുന്നുവെന്ന് ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ആഗോള മുതലാളിത്തം ഇന്നറിയപ്പെടുന്നത് നോളജ് ഇക്കോണമിയെന്നാകുന്നത് യാദൃശ്ചികമല്ല. ചരക്കായി രൂപാന്തരപ്പെട്ട അറിവ്, മൂലധനവും ലാഭവും വാരിക്കൂട്ടാനുള്ള മറ്റൊരുപായം മാത്രമാകുന്നു. മനുഷ്യരിൽ നിന്നും വളരെ വ്യത്യസ്ഥവും ഉന്നതമായ നിലവാരം പുലർത്തുന്നതുമായ മറ്റു ജീവി വർഗ്ഗങ്ങളെക്കുറിച്ചും പ്രപഞ്ചത്തിന്റെ അനന്തവിഹായസ്സിലെവിടെയോ അവ നിലനില്ക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ഭൗതിക ശാസ്ത്ര മേഖലയിലെ പുത്തൻ പഠനങ്ങൾ നടത്തുന്ന സങ്കല്പനങ്ങളെക്കുറിച്ചും കൂടി സൂചിപ്പിച്ചു കൊണ്ടാണ് ആറാം അധ്യായം അവസാനിക്കുന്നത്. മുമ്പ് സൂചിപ്പിച്ച കാര്യങ്ങളെയെല്ലാം സംഗ്രഹിച്ചിരിക്കുന്ന ഏഴാം അധ്യായവും പ്രൗഢമായ പിൻകുറിപ്പും പുസ്തകത്തിന്റെ ഉള്ളടക്കത്തെ ഒരിക്കൽ കൂടി വിശദീകരിക്കാനും പുതിയ അന്വേഷണങ്ങളിലേക്ക് നയിക്കാനും ശ്രമിക്കുന്നു.



ഒട്ടും എളുപ്പമല്ലാത്തതും ഏറെപ്പേർ ശ്രമിച്ചിട്ടില്ലാത്തതുമായ ഒരു മേഖലയാണ് ഗ്രന്ഥകാരൻ തന്റെ അന്വേഷണങ്ങൾക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. അറിവും വിമോചനവും തമ്മിലുള്ള അകലം ഏറെ വർദ്ധിക്കുകയും അറിവും വിപണിയും തമ്മിൽ അകലമില്ലാതാവുകയും ചെയ്യുന്ന വർത്തമാനകാലത്ത് ഇത്തരത്തിലുള്ള അന്വേഷണങ്ങളും പഠനങ്ങളും നല്കുന്ന വെളിച്ചം ഏറെയാണ്. അറിവിനെ ചരിത്രവല്ക്കരിക്കുന്നതിലൂടെ മാത്രമേ ഓരോ അറിവും മുന്നോട്ട് വെയ്ക്കുന്ന വിമോചന മൂല്യത്തെ തിരിച്ചറിയാനും വിപുലീകരിക്കാനും കഴിയുകയുള്ളൂ. അത്തരമൊരു പരിശ്രമത്തിലേയ്ക്കുള്ള അർത്ഥപൂർണ്ണമായ ചുവടുവെപ്പും ഈടുവെപ്പുമായി ഈ പുസ്തകം മാറിത്തീരുന്നു.


# ബാല്യത്തെ തൊടാത്ത ദേശീയ വിദ്യാഭ്യാസ നയം

ഏതൊരു ജനതയുടെയും വികാസ പരിണാമദശകളിൽ വിദ്യാഭ്യാസത്തിന് അഗ്രസ്ഥാനമുണ്ട്. ലോകത്തെ പുകൾപെറ്റ സംസ്കാരങ്ങൾക്കെല്ലാം അടിത്തറ പാകിയത് മനുഷ്യന്റെ പഠനമികവും സംഘടിത പഠന സംവിധാനങ്ങളുമാണ്. അനൗപചാരിക പഠനത്തിൽനിന്നും ഔപചാരിക വിദ്യാഭ്യാസമെന്ന പ്രതിഭാസത്തിലേക്കുള്ള പരിണാമമാണ് വിദ്യാഭ്യാസത്തെ മാനവ സംസ്കാരത്തിന്റെ ആണിക്കല്ലായി മാറ്റിയത്. മനുഷ്യവികാസത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിക്കാൻ കഴിവുള്ളഒന്നാണ് വിദ്യാഭ്യാസമെന്നതുകൊണ്ട് തന്നെ ആധുനിക സർക്കാരുകൾ വിദ്യാഭ്യാസത്തിന് പദ്ധതി ആവിഷ്കാരത്തിലും നടത്തിപ്പിലും പ്രമുഖ സ്ഥാനം നൽകാറുണ്ട്.

മേൽപറഞ്ഞ കാരണങ്ങൾ കൊണ്ട് തന്നെ ഭരിക്കുന്ന സർക്കാരുകളുടെ വിദ്യാഭ്യാസ നയം ആ ദേശത്തിന്റെ വികസന പ്രക്രിയയുടെ വിവിധ മേഖലകളുമായി ഇഴപിരിയാതെ കിടക്കുന്നു. ഇതേ കാരണങ്ങൾ കൊണ്ടൊക്കെ തന്നെ ആധുനിക സർക്കാരുകളുടെ വിദ്യാഭ്യാസനയങ്ങൾ ആഴമേറിയ പഠനങ്ങൾക്കും ചർച്ചകൾക്കും വിശകലനങ്ങൾക്കും വിഷയീഭവിക്കാറുണ്ട്.

ഇക്കഴിഞ്ഞ വർഷം എൻഡിഎ സർക്കാർ പുറത്തിറക്കിയ വിദ്യാഭാസനയം മേൽപറഞ്ഞതും അല്ലാതുമുള്ള ഒട്ടേറെ കാരണങ്ങൾ കൊണ്ട് വിശദമായ

**ഡോ. സോണി ജോൺ**
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട





ചർച്ചകൾക്കും പഠനങ്ങൾക്കും വിശകലനങ്ങൾക്കും വിധേയമാക്കപ്പെടേണ്ടതാണ്. അതിനും പുറമെ ഭരിക്കുന്ന ഗവൺമെന്റിന്റെ വർഗ്ഗീയ ഫാസിസ്റ്റ് താൽപര്യങ്ങളും സർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയങ്ങൾക്ക് പ്രേരകമായിട്ടുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. മതത്തെ അടിസ്ഥാനമാക്കിയുള്ള പൗരത്വ ഭേദഗതിനിയമവും ദേശീയ പൗരത്വ രജിസ്റ്ററുമെല്ലാം വരുംകാല വലിയ വിപത്തുകളുടെ തുടക്കമായി കാണണം. തീർച്ചയായും അത്തരം വിപത്തുകൾക്കുള്ള ബീജവാപമായി ഈ വിദ്യാഭ്യാസനയം മാറാനുള്ള സാധ്യത വളരെ കൂടുതലാണ്.

ഒരു വ്യക്തി തന്റെ ജീവിത കാലത്തിലുടനീളം ഔപചാരികമായും അനൗപചാരികമായും ഒട്ടേറെ പഠനപ്രക്രിയകളിൽ ഏർപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ അതുമായി ബന്ധപ്പെട്ട ഒരുനയത്തെ സമഗ്രമാക്കുന്നത് അത് ആ പ്രക്രിയയുടെ എല്ലാ തലത്തെയും ഉൾക്കൊള്ളുമ്പോഴാണ്. ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ തന്നെ ഒരു വ്യക്തിയുടെ പഠനപ്രക്രിയ ആരംഭിക്കുന്നുണ്ട്. ഗർഭാവസ്ഥയിലെ ആദ്യചലനങ്ങൾ ഗർഭസ്ഥശിശുവിന്റെ മസ്തിഷ്കവളർച്ചയുടെയും ചാലകവികാസത്തിന്റെയും ആദ്യലക്ഷണങ്ങളായി കാണാം. അതുകൊണ്ട് തന്നെ ഒരു കുട്ടിയുടെ ആരംഭകാല പരിപാലനത്തിനും പഠനത്തിനും ആ വ്യക്തിയുടെ പിന്നീടുള്ളവളർച്ചയിലും വികാസത്തിലും വിലമതിക്കാനാവാത്ത സ്ഥാനമുണ്ട്. എന്നാൽ കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിച്ചുകൊണ്ട് പുറത്തിറക്കിയ വിദ്യാഭ്യാസനയരേഖ അതിന്റെ അസ്ഥിവാരങ്ങളിലൊന്നായി തീരേണ്ട ബാല്യത്തിന്റെ തുടക്കത്തിൽ പിന്തുടരേണ്ട വിദ്യാഭ്യാസ രീതിയെക്കുറിച്ചോ അതുമായി ബന്ധപ്പെട്ട ശാസ്ത്രീയ മാതൃകകളെക്കുറിച്ചോ ആഴത്തിൽ യാതൊന്നും ഉരിയാടുന്നില്ല എന്നത് അവിശ്വസനീയം തന്നെ. ഈയൊരു തമസ്കരണം ഈ നയത്തിന്റെ സമഗ്രതയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്.

"The learning process for a child commences immediately at birth.'എന്ന് തുടക്കത്തിൽ വായിക്കുമ്പോൾ ഏറെ പ്രാധാന്യത്തോടെയാണ് ഈവിഷയത്തെ ഈ നയരേഖയുടെ വക്താക്കൾ സമീപിച്ചിരിക്കുന്നതെന്ന് നമുക്ക് തോന്നാമെങ്കിലും, മേൽപ്പറഞ്ഞ വാചകത്തിന്റെ അന്തസത്തയെ ഉൾക്കൊള്ളുന്ന രീതിയിൽ കാര്യമായ ഒരു പരിഗണനയും ശൈശവത്തിലെയോ ബാല്യത്തിലെയോ വിദ്യാഭ്യാസത്തിന് ഈ നയരേഖയിൽ നൽകിയിട്ടില്ല എന്ന് തുടർവായനയിലൂടെ വെളിപ്പെടുന്നുണ്ട്. ബാല്യകാല വിദ്യാഭ്യാസത്തെ ജനനംമുതൽ മൂന്ന് വരെയും മൂന്ന് മുതൽ ആറുവരെയും രണ്ടായി തിരിക്കുന്ന നയരേഖ, ജനനം മുതൽ മൂന്നുവയസ്സുവരെയുള്ള കാലഘട്ടത്തെ അവഗണിക്കുമ്പോൾ രണ്ടാം ഘട്ടത്തെ അംഗനവാടി പരിപാടിയുമായി യോജിപ്പിക്കുന്നു.


എന്നാൽ ആദ്യഘട്ടത്തെ വെറും ആരോഗ്യപരിപാലനത്തിലേക്കും പോഷകാഹാരലഭ്യതയുടെ ആവശ്യകതയിലേക്കും മാത്രമായി ചുരുക്കുമ്പോൾ ഒരുകുട്ടിയുടെ ആരംഭകാല വളർച്ചയിൽ ബദ്ധശ്രദ്ധ പുലർത്തേണ്ട പല കാര്യങ്ങളെയും പാടെ വിസ്മരിച്ചിരിക്കുന്നു. മാത്രമല്ല, തെറ്റിദ്ധാരണജനകമായ

ചില പ്രസ്താവനകൾ ഈ നയരേഖ മുന്നോട്ട് വെക്കുന്നുണ്ട്. ഉദാഹരണത്തിന്, 'evidence from neuroscience shows that over 85% of a child's cumulative brain development occurs prior to the age of 6' എന്ന തീർത്തും വികലമായ ഒരു വിജ്ഞാനശകലമാണ്. ആധുനിക മസ്തിഷ്കശാസ്ത്രപഠനങ്ങൾ തെളിയിക്കുന്നത് നവജാത ശിശുക്കളുടെ മസ്തിഷ്കവളർച്ചയിൽ ഏറ്റവും നിർണ്ണായകം ആദ്യത്തെ ആയിരം ദിവസങ്ങളാണെന്നതാണ്. ഈ നിർണ്ണായക വളർച്ചാ ജാലകത്തെ ആറു വർഷത്തിലേക്ക് നീട്ടി ഒരു നയരേഖ രൂപീകരിക്കുമ്പോൾ ആ വികലമായ അറിവിനെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതിയിലും ഒട്ടേറെ വൈകല്യങ്ങളുണ്ടാവും എന്ന കാര്യത്തിൽ തർക്കമില്ല.

മസ്തിഷ്കകോശങ്ങളുടെ വളർച്ചയും വികാസവും ക്രമേണയുള്ള വ്യക്തിത്വ വികാസത്തിൽ ഏറ്റവും നിർണ്ണായകമായ ഘടകങ്ങളാണ്.

കോശങ്ങളുടെ വളർച്ചയും വികാസവും അവയുടെ ശൃംഖലകളുടെ രൂപീകരണവും ആശ്രയിച്ച് നിൽക്കുന്നത് പരിസ്ഥിതിയുമായുള്ള ഒരു കുട്ടിയുടെ സംവേദനത്തിലും അതിനെത്തുടർന്നുള്ള തുടർച്ചയായ ഉദ്ദീപന-പ്രതികരണ പാരസ്പര്യ പ്രക്രിയയിലുമാണ്. ഒരു കുഞ്ഞിന്റെ മസ്തിഷ്കത്തിലെ ഭാഷാകേന്ദ്രവും ദൃശ്യ, ശ്രാവ്യകേന്ദ്രങ്ങളും മേല്പറഞ്ഞ ആയിരം ദിവസങ്ങൾക്കുള്ളിൽ തന്നെ പരിപൂർണ്ണ വികാസത്തിലെത്തുന്നു. പിന്നീടുള്ള വികാസം പരിസ്ഥിതിയുമായുള്ള സമ്പർക്കത്തെ ആശ്രയിച്ച് നിൽക്കുന്നു. അതുപോലെതന്നെയാണ് വ്യക്തിയുടെയും സൃഷ്ടിപരതയുടെയും ചലനങ്ങളുടെയും വികാസവും നടക്കുന്നത്. ഇവിടെയെല്ലാം ആരംഭദശകത്തിൽ ഒരുകുഞ്ഞിന് ലഭ്യമാവുന്ന ഉദ്ദീപന-പ്രതികരണ സാഹചര്യങ്ങൾ പിന്നീടുള്ള പഠനപ്രക്രിയകളിലും വളർച്ചാ, വികാസപ്രക്രിയകളിലും ഏറ്റവും നിർണ്ണായകമാണെന്ന് പറയേണ്ടതില്ലല്ലോ. ജനനശേഷം കുട്ടികളുടെ അതിജീവനത്തിനായി സ്വാഭാവിക റിഫ്ലെക്സുകളുടെ പ്രവർത്തനം തടസ്സങ്ങളില്ലാതെ നടക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മുലപ്പാൽനുകരാനുള്ള റിഫ്ളക്സും (Sucking Reflex), കൈവെള്ളയിൽ സ്പർശിക്കുമ്പോൾ തന്നെ കുട്ടിപിടിക്കുന്ന ഗ്രാസ്പ്റിഫ്ലെക്സും (Palmar grasp reflex) കാൽപാദങ്ങൾക്കടിയിൽ സ്പർശിക്കുമ്പോൾ കാൽവിരലുകൾ ഉള്ളിലേക്ക് ചുരുട്ടിവളക്കുന്ന ബബിൻസ്കി റിഫ്ളക്സും (Babinski reflex) ഒക്കെ ഇത്തരത്തിലുള്ളവയാണ്. എന്നാൽ മസ്തിഷ്കവളർച്ച ഒരു ഘട്ടത്തിലെത്തുമ്പോൾ ഇത്തരം റിഫ്ലെക്സുകൾ പിൻവാങ്ങുകയും പകരം കൂടുതൽ നാഡി-പേശി ഏകോപിതമായ (neuro-muscular coordinated) ചലനങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. മനുഷ്യമസ്തിഷ്കത്തിലെ കോശങ്ങളുടെ ഉൽപാദനവും വളർച്ചയും ഏറ്റവും വേഗത്തിൽ നടക്കുന്ന ഘട്ടമാണ് ശൈശവം. മനുഷ്യപഠനത്തിലെ സുപ്രധാന ഘട്ടം കൂടിയാണിത്. ഇത്രയും പറഞ്ഞത ഇത്തരത്തിലുള്ള ഒട്ടേറെ സങ്കീർണമായ പ്രവർത്തനത്തിലൂടെയും പ്രതിപ്രവർത്തനത്തിലൂടെയുമാണ് ആരംഭദശയിലെ മനുഷ്യപഠനവും വളർച്ചയും വികാസവും മുന്നോട്ട്പോകുന്നതെന്ന് ചൂണ്ടികാണിക്കാനാണ്.

പിന്നീടുള്ള കുഞ്ഞിന്റെ വളർച്ചയിൽ ഏറെ നിർണ്ണായകമാണ് കുഞ്ഞേർപ്പെടുന്ന കളികളും അതുപോലെ തന്നെ മാതാപിതാക്കളിൽ നിന്നും മറ്റു പരിപാലകരിൽ നിന്നും സ്പർശനത്തിലൂടെയും മറ്റു സമ്പർക്കത്തിലൂടെയുമുള്ള ഉദ്ദീപനങ്ങൾ. സ്വാതന്ത്ര്യവും നിബന്ധനകളില്ലാതെയും ഏർപ്പെടുന്ന



കളികൾ മസ്തിഷ്കനാഡികളുടെ വളർച്ചയെ സഹായിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കളികളിൽ ഏർപ്പെടുന്ന കുട്ടികളുടെ മസ്തിഷ്ക്കകോശങ്ങളിൽ അവയുടെ ഉൽപാദനത്തിനും വളർച്ചക്കും സഹായകരമായ ബിഡിഎൻഎഫ് (BDNF- Brain Derived Neurotrophic Factors) കൂടുതലായി കാണപ്പെടുന്നുണ്ടെന്ന് പലപഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളെല്ലാം ഏറ്റവും ഫലപ്രദമായി നടക്കുന്നത് ഒരു കുഞ്ഞിന്റെ വളർച്ചയുടെ ആദ്യ ആയിരം ദിനങ്ങളിലാണെന്നതാണ് ആദിനങ്ങളെ മനുഷ്യജീവിതത്തിലെ ഏറ്റവും പ്രത്യേകതയുള്ളവയായി മാറ്റുന്നത്. വളർച്ചയുടെ ഈ ആയിരം ദിനങ്ങളുടെ അതിപ്രധാന ഘട്ടത്തെ ആ വർഷം വരെയായി മാറ്റി വിദ്യാഭ്യാസ പരിപാടികളും നയരേഖകളും സൃഷ്ടിക്കപ്പെട്ടപ്പോൾ രക്ഷിതാക്കൾക്കും പരിപാലകർക്കും ശിശുപരിപാലന കേന്ദ്രങ്ങളിലെയും അംഗൻവാടികളിലെയും പ്രവർത്തകർക്കും ആവശ്യം നൽകേണ്ട മാർഗ്ഗനിർദ്ദേശങ്ങളും, മുന്നോട്ട് വെക്കുന്ന പഠനപരിപാടികളും, മുൻഗണനാക്രമത്തിൽ ഈ ഘട്ടത്തിൽ ഗൗനിക്കപ്പെടേണ്ട വിഷയങ്ങളും എത്രത്തോളം വികലമായിട്ടായിരിക്കും പരിഗണിക്കപ്പെട്ടിരിക്കുകയെന്നത് ഊഹിക്കാവുന്നതേയുള്ളൂ.

കുട്ടികളുടെ വളർച്ചയെ കാര്യമായി ബാധിക്കുന്ന ഘടകങ്ങളിൽ ഒന്ന് ഇലക്ട്രോണിക് കളിഉപകരണങ്ങളുടെ അമിതമായ ഉപയോഗവും ശാരീരികമായി ഏർപ്പെടുന്നകളികളുടെ കുറവുമാണ്. ഇലക്ട്രോണിക് കളിയുപകരണങ്ങളുടെ മായാലോകത്ത് ചെറുപ്പത്തിൽ തന്നെ എത്തിപ്പെടുന്ന കുട്ടികൾ ശാരീരികമായ കളികളോട് കാണിക്കുന്ന താൽപര്യക്കുറവ് ശാരീരിക അധ്വാനത്തോടും ശാരീരിക അഭ്യാസങ്ങളോടുമുള്ള മനോഭാവത്തിൽ പ്രതിഫലിക്കുകയും നല്ലൊരു കായികാഭ്യാസ സംസകാരം വളർത്തികൊണ്ട് വരുന്നതിനും ആരോഗ്യമുള്ള മനസ്സും ശരീരവും സൃഷ്ടിക്കുന്നതിനും വിഘാതമായി ഭവിക്കുകയുംചെയ്യുന്നു. ജീവിതശൈലീരോഗങ്ങൾ കൊടികുത്തി വാഴുന്ന ഈ കാലഘട്ടത്തിൽ ഇക്കാര്യത്തിലുണ്ടാവേണ്ടത് ഒരു ഉറച്ചനയമാണ്. ആരോഗ്യമുള്ള ഒരു രാഷ്ട്രത്തിന്റെ നിർമ്മിതി യുക്തിഭദ്രമായി ചിന്തിക്കുന്ന ഒരു സർക്കാരിനും അവഗണിക്കാൻ കഴിയുന്ന വിഷയമല്ല. അതുകൊണ്ട് തന്നെ ഒരു ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കുമ്പോൾ ഗൗരവത്തോടെ പരിഗണിക്കപ്പെടേണ്ട വിഷയമാണ് കുട്ടികളുടെ വളർച്ചയും വികാസവും. പക്ഷേ, ഇന്ന് കേന്ദ്രസർക്കാരിന്റെ പരിഗണനയിലുള്ള വിദ്യാഭ്യാസനയത്തിൽ കുട്ടികളുടെ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട വിഷയത്തിലുണ്ടായിരിക്കുന്നത് ഗുരുതരമായ വീഴ്ച്ചയാണ്. അതിൽ വേണ്ട രീതിയിലുള്ള തിരുത്തലുകളില്ലാതെ മുന്നോട്ട് പോയാൽ വലിയ പ്രത്യാഘാതങ്ങൾക്ക് അത്ഹേതുവാകും എന്ന കാര്യത്തിൽ തർക്കമില്ല.

TAAZA TRADERS
Perumbavoor
Mill Stores
Taaza Enclaves,
C.M Road, Opp. SBT,
Perumbavoor - 683 642
email: taazatraders@gmail.com
GSTIN: 32AFWPA7488K1ZT

Ashraf
0944 6539521
070258 46601
0484 2525521
0484 2594057
Our Bank
IDBI Perumbavoor
0334655100000189
IFSC Code: IBKL0000334
SKF
Dealers of: Pix V Belts, Lubes, Welding electrodes, Sharpex chain saw
SKF Bearings and All Engineering equipments

**മേലെഴുത്ത് നം. A1/9695/2019 തിയതി 27-01-2020**

സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ്, ട്രെയിനിങ് കോളേജുകളിലെ അധ്യാപകർ/ യു.ജി.സി. ലൈബ്രേറിയൻ എന്നിവർക്ക് ഏഴാം യു.ജി.സി. ശമ്പളപരിഷ്കരണം അനുവദിച്ച് നൽകുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയതായി അറിയിച്ചുകൊണ്ടുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ 16-01-2020ലെ നം. യു.ജി.സി. സെൽ 3/42245/2017/കോ.വി.വി. കത്തിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി ഈ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർമാർ, ബില്ല് സെക്ഷൻ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവർക്ക് നൽകുന്നു.

ഒപ്പ്
**ഡോ. മായ കെ.എസ്.**
ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്ജ്)

**"ഭരണഭാഷ – മാതൃഭാഷ"**

യു.ജി.സി. സെൽ 3/42245/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി: 16-01-2020

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം/കോട്ടയം/എറണാകുളം
തൃശ്ശൂർ/കോഴിക്കോട്

സർ,

വിഷയം: കോ.വി.വ - യു.ജി.സി. സെൽ - 7-ാം യു.ജി.സി. ശമ്പളപരിഷ്കരണം - എയ്ഡഡ് കോളേജുകളിൽ നടപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന:
1. ജി.ഒ. (പി.) 18/2019/ഉ.വി.വ തീയതി 29-06-2019
2. ജി.ഒ. (പി.) 28/2019/ഉ.വി.വ. തീയതി 29-09-2019
3. 31-12-2019-ലെ സി3/272/2019 - ഉ.വി.വ. നമ്പർ സർക്കാർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 7-ാം യു.ജി.സി. ശമ്പളപരിഷ്കരണം സംബന്ധിച്ച സൂചന (1), (2) പ്രകാരമുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ നിർബന്ധമായി പാലിച്ചുകൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ്, അറബിക് ട്രെയിനിങ് കോളേജുകളിലെ അദ്ധ്യാപകർ/ യു.ജി.സി. ലൈബ്രേറിയൻ ശമ്പളപരിഷ്കരണം അനുവദിച്ച് നൽകുന്നതിനായി താങ്കളെ ചുമതലപ്പെടുത്തുന്നു. സൂചന(3) പ്രകാരമുള്ള സർക്കാർ കത്തിന്റെ പകർപ്പും മേൽ നടപടികൾക്കായി ഇതോടൊപ്പം ഉൾപ്പെടുത്തി അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-
**ഡോ. സുമ കെ.കെ.**
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ


# കുറുപ്പംപടി സർവ്വീസ് സഹകരണ ബാങ്ക്

LTD. NO. E257 (ക്ലാസ് 1 സൂപ്പർഗ്രേഡ്)

കുറുപ്പംപടി പി.ഒ, എറണാകുളം ജില്ല, ഹെഡ് ഓഫീസ്: കുറുപ്പംപടി, പിൻ : 683 545

Phone : 0484-2523566 Email: kuruppampadyscbe257@gmail.com

| ബ്രാഞ്ചുകൾ | | | |
|---|---|---|---|
| പെരുമ്പാവൂർ<br>ഫോൺ : 2523276 | പട്ടശ്ശേരിമനപ്പടി<br>ഫോൺ : 2592941 | വായ്ക്കര<br>ഫോൺ : 2658206 | കുറുപ്പംപടി ഈവനിംഗ്<br>ഫോൺ : 2592940 |
| നീതി മെഡിക്കൽ സ്റ്റോർ കുറുപ്പംപടി : 2523566<br>നീതി മെഡിക്കൽ സ്റ്റോർ പെരുമ്പാവൂർ : 2520194 | | | |




NEFT & RTGS സൗകര്യം




നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ

മിതമായ പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ
വിവിധ വായ്പകൾ.






സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം,
വളം ഡിപ്പോ.

KSCB ഗോൾഡ് ലോൺ
വിശ്വസ്തം... ലളിതം... ലാഭകരം

സ്വർണ്ണപ്പണയത്തിന് പലിശ ദിവസം
3 പൈസയിൽ താഴെ മാത്രം



മ്യൂച്വൽ ബെനിഫിറ്റ് സ്കീമുകൾ (ചിട്ടി) സല 1 ലക്ഷം മുതൽ
10 ലക്ഷം രൂപ വരെ. ഡെയിലി കളക്ഷൻ സൗകര്യം.



അംഗങ്ങൾക്ക് ഒരു ലക്ഷം രൂപാ വരെ അപകട ഇൻഷുറൻസ്.



കുറഞ്ഞ വിലയിൽ മരുന്നുകൾ ലഭ്യമാകുന്നു പെരുമ്പാവൂരിലും കുറുപ്പംപടിയിലും
നീതി മെഡിക്കൽ സ്റ്റോർ.



75 വയസ്സ് കഴിഞ്ഞവർക്ക് സ്നേഹസ്പർശം
വാർഷിക പെൻഷൻ പദ്ധതി.




Adv V.K സന്തോഷ്
പ്രസിഡന്റ്
MOB: 9946209499

N. ജയപ്രകാശ്
സെക്രട്ടറി
MOB: 9747240781

GSTIN: 32AALPZ4429R1ZS

T.A ZAKKIR HUSSAIN
9846005750





# PRESTIGE
## MILL STORES

MILL ACCESSORIES | AGRICULTURE & ENGINEERING EQUIPMENTS

Taza Plaza, KSRTC Road, Perumbavoor

Ph: 0484 2525750 | 2522181

Email: prestigemillstores@yahoo.com



ആശംസകളോടെ

## എ.കെ.പി.സി.ടി.എ.
## ശ്രീകൃഷ്ണ കോളേജ് യൂണിറ്റ്

ഗുരുവായൂർ

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.278

ISSN 2454-4795
Rs.11/- JANUARY - 2020

## മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റ് തെരഞ്ഞെടുപ്പ് 2020

# എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക



**ജോജി അലക്സ്**
സെന്റ് തോമസ് കോളേജ്, പാല



**ഡോ. വിനു ടി.പി.**
എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി




**വിവേക് ജേക്കബ്ബ് അബ്രഹാം**
കാതലിക്കേറ്റ് കോളേജ്, പത്തനംതിട്ട



**ഡോ. അലക്സ് മാത്യു**
യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ



**ഡോ. ജോൺ എം. ജോർജ്ജ്**
സെന്റ് തോമസ് കോളേജ്, റാന്നി



**ഡോ. സുമേഷ് എ.എസ്.**
എം.ഇ.എസ്. കോളേജ്, നെടുങ്കണ്ടം



**ഡോ. ആംസ്ട്രോങ്ങ് സെബാസ്റ്റ്യൻ**
നിർമ്മല കോളേജ്, മൂവാറ്റുപുഴ



**ഡോ. ജോജി ജോൺ പണിക്കർ**
സി.എം.എസ്. കോളേജ്, കോട്ടയം



**ഡോ. എം.ജി. സനിൽകുമാർ**
എസ്.എൻ.എം. കോളേജ്, മാല്യങ്കര



**ഡോ. മഞ്ജു ടി.**
ശ്രീശങ്കര കോളേജ്, കാലടി



**ഡോ. ആഷ ഇ. തോമസ്**
സെന്റ് പോൾസ് കോളേജ്, കളമശ്ശേരി, കൊച്ചി



**Lt. ജോബിൻ വർഗീസ് പി.**
കെ.ഇ. കോളേജ്, മാന്നാനം



**ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**
സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി



**എബിൻ പി.ജെ.**
സേക്രട്ട് ഹാർട്ട് കോളേജ്, തേവര, കൊച്ചി



**ഡോ. അജിത്ത് ജെയിംസ് ജോസ്**
എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി

Printed and Published by Dr.P.N.Harikumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Editor : Dr. A.S. Sumesh